KOTTAYAM PUBLIC LIBRARY

Call No. M.F.9

Acc. No. 80370

Author [illegible] ചെലാട്

Title മൃഗവും മനുഷ്യനും

# മൃഗവും മനുഷ്യനും

ഗ്രന്ഥകർത്താവ്:

ചേലാട്ട് പത്മസേനൻ

KOTTAYAM PUBLIC LIBRARY
KOTTAYAM.

ബി. കെ. എം. പ്രസിദ്ധീകരണം

വില ഒരു രൂപാ

ഒന്നാംപതിപ്പ്

ആയിരം പ്രതി

1954 ഫെബ്രുവരി 15

പകർപ്പവകാശം

ഗ്രന്ഥകർത്താവിന്

MF9

പ്രസാധകൻ:

തോമസ് പാപ്പി വേലങ്കളം

അച്ചടി:

മഹിളാമിത്രം പ്രസ്, ചമ്പക്കുളം

## ഗ്രന്ഥകാരന്റെ കൃതികൾ

ഡോക്ടരുടെ മകൾ

മൃഗവും മനുഷ്യനും

അമ്മയും മകളും

വേശ്യയും ഭാര്യയും

പിഴച്ച പെണ്ണ്

## കഥകൾ

മരിച്ചു ജീവിക്കുന്ന മനുഷ്യൻ

അപകടം പിടിച്ച സൗന്ദര്യം

വേദനയുടെ നിഴൽ

ഇരുട്ടിലൂടെ

അവർ തുറന്നുപറയുന്നു

ഒരു കഷണം റൊട്ടി

മൃഗവും മനുഷ്യനും

൭.ന.532

# മരിച്ചു ജീവിക്കുന്ന മനുഷ്യൻ

ഓർമ്മയുടെ വിദൂരമേഖലയിൽ വേദനനിറഞ്ഞ ആ ശബ്ദം ഇപ്പോഴും പ്രതിധ്വനിക്കുന്നു.

"ഓരോ നിമിഷവും ഞാൻ മരിച്ചുകൊണ്ടിരിക്കയാണ്. മരിച്ചുജീവിക്കുന്ന ഒരു മനുഷ്യനാണ് ഞാൻ."

വളരെ ശ്രമിച്ചിട്ടും ആ വാക്കുകൾ മറക്കാൻ എനിക്കു സാധിക്കുന്നില്ല.

സംഭവം ഇങ്ങിനെയാണ്.

എന്റെ വിവാഹം കഴിഞ്ഞ അവസരത്തിലായിരുന്നു. വിവാഹം കഴിഞ്ഞു് വിരുന്നു് എന്നൊരു ചടങ്ങുണ്ടല്ലോ. അതുസംബന്ധിച്ചു് ബന്ധുവീട്ടിലേക്ക് ഞങ്ങളെ ക്ഷണിച്ചിരുന്നു. ഞങ്ങൾ എന്നു പറഞ്ഞതു് ഭാര്യയേയുംകൂടി ഉൾപ്പെടുത്തിയാണ്.

കിഴക്കൻപ്രദേശത്തുള്ള ഒരു നാട്ടുംപുറത്താണ് ബന്ധുഗൃഹം. അതിനടുത്തു് പ്രധാനപ്പെട്ട ഒരുനഗരമുണ്ടു്. നഗരത്തിന്റെ വടക്കേ അതിർത്തി കിഴക്കുപടിഞ്ഞാറൊഴുകുന്ന ഒരു പുഴയാണ്. പുഴയ്ക്കു വിലങ്ങനെ വലിയ പാലവും. പ്രധാനറോഡു് അതിലേയാണു കടന്നുപോകുന്നതു്. പുഴയുടെ വടക്കേക്കരയിലാണു വീട്. അവി

ടെ ചെന്നു. കാണേണ്ടവരെയൊക്കെ കണ്ടു പരിചയപ്പെട്ടു. സല്ക്കാരങ്ങളിലും പങ്കെടുത്തു. അതിനിടയിലാണ് ആ മനുഷ്യനേയും പരിചയപ്പെടാനിടയായത്.

ബന്ധുവീടിനോടു തൊട്ടുതന്നെ ഒരു ചെറിയ ഓലക്കെട്ടിടത്തിലാണ് അയാൾ താമസിച്ചിരുന്നത്. അയാളെ കൂടാതെ ഒരു സ്ത്രീയും രണ്ടു കുട്ടികളും കൂടി അവിടെ ഉണ്ട്. ഞാൻ കാപ്പികുടിച്ചുകൊണ്ടിരുന്നപ്പോൾ അയാൾ ആ വീട്ടുമുററത്തു നില്പുണ്ടായിരുന്നു. കാഴ്ചയിൽ ചെറുപ്പമാണ്. ഇരുപത്തിനാലു വയസ്സിനപ്പുറം കാണുകയില്ല. ശരീരത്തിനും വലിയ കോട്ടമില്ല. പക്ഷെ ആ മുഖത്ത് അതികഠിനമായ ദുഃഖത്തിൻെറ നിഴൽപ്പാടുകൾ തെളിഞ്ഞുകിടന്നിരുന്നു. വിദൂരലക്ഷ്യങ്ങളായ നയനങ്ങളോടെ അയാൾ മുററത്തു വെറുതെ നില്ക്കുകയാണ്. ആ കണ്ണുകൾ ചക്രവാളത്തിൻെറ അതിരിനേയും അതിലംഘിച്ച് മുന്നോട്ടു പായുകയാണെന്നെനിക്കു തോന്നി. വിഷാദപൂർണ്ണമായ ജീവിതത്തിൻെറ അപാരതയിലേക്കു എത്തിനോക്കുന്ന ഒരു ചിന്തകനായിരിക്കുമോ അയാൾ?

ഞാൻ അന്വേഷിച്ചു.

"ആ മനുഷ്യൻ ഏതാ?"

എൻെറ കൂടെയിരുന്നവരിലൊരാൾ പറഞ്ഞു.

"ഇവിടത്തുകാരനല്ല"

"പിന്നെ?"

"കുറെ കിഴക്ക് ഒരു നാട്ടിൽനിന്നും വന്നതാണ്."

"ഇവിടെ എന്തെടുക്കുന്നു?"

"പഠിക്കുകയാണ്."

തല്ക്കാലം എൻെറ ജിജ്ഞാസ തീൎന്നു. പട്ടണത്തി ലെവിടെയോ പഠിക്കുന്ന ഒരു വിദ്യാൎത്ഥിയാണയാൾ. പിന്നെ ഒന്നുംതന്നെ അന്വേഷിച്ചില്ല.

കാപ്പികുടിച്ചിട്ട് കൈകഴുകുന്ന സമയത്തും അയാൾ വിദൂരതയിലേയ്ക്കു നോക്കിയപാടെ ആ മുററത്തുതന്നെ നില്പുണ്ട്. ഞാൻ വീണ്ടും സൂക്ഷിച്ചുനോക്കി. അയാൾ ഇത്രവളരെ ആലോചിക്കുന്നതെന്തായിരിക്കും?

ഇടയ്ക്ക് ഒന്നുരണ്ടുതവണ അയാൾ എന്നെ ശ്രദ്ധിച്ചതു ഞാൻ കാണാതിരുന്നില്ല. പക്ഷെ ഞാൻ അങ്ങോട്ടു നോക്കുമ്പോൾ പെട്ടെന്നു മുഖം തിരിച്ചുകളയും. ഓ, പരിചയമില്ലാത്ത ആളുകളുടെ മുഖത്തങ്ങനെ നോക്കി നില്ക്കുന്നതു് ഇഷ്ടമല്ലായിരിക്കും. എന്നാലും ആണല്ലേ. ഒരു പതിനേഴുകാരി പെണ്ണിനെപ്പോലെ എന്തിനിത്ര നാണിക്കുന്നു?

ഉച്ചകഴിഞ്ഞു.

അയാൾ മുററത്തിരുന്ന് കുട്ടികളുടെകൂടെ കളിക്കുന്നതു കണ്ടു. എനിക്കും അതൊരു കൗതുകകരമായ വിനോദമായി തോന്നി. ഞാൻ വരാന്തയിലിറങ്ങിനിന്നു.

അയാൾ ഓലക്കണകൊണ്ടു പീപ്പിയുണ്ടാക്കി ആ കുട്ടികളെ ഊതിക്കേൾപ്പിക്കുകയായിരുന്നു.

കുട്ടികൾ കൈകൊട്ടി ആൎത്തുചിരിച്ചു.

അപ്പോൾ പതുങ്ങിയ സ്വരത്തിൽ അയാൾ പറഞ്ഞു.

"ഒച്ചവയ്ക്കല്ലേ. ദേ അങ്ങൊരു തല്ലും."

എന്നെ ഉദ്ദേശിച്ചാണതുപറഞ്ഞതു്. കുട്ടികൾ എൻെറനേരെ നോക്കിയിട്ടു മൗനംപൂണ്ടു. ഒരുപക്ഷെ ഞാൻ

തല്ലുമെന്ന ഭയന്നിട്ടായിരിക്കണം. എനിക്കു ചിരിവന്നു.

അയാളും ചിരിച്ചു. ശോകാത്മകമായ മന്ദഹാസം.

അകാരണമായ ഒരു സഹാനുഭൂതി അയാളോടെനിക്കു തോന്നി. എന്തെങ്കിലും സംസാരിക്കണമെന്നു വിചാരിക്കുകയുംചെയ്തു. പക്ഷെ അന്നേരം അതിനു തരപ്പെട്ടില്ല. വീട്ടിനുള്ളിലിരുന്ന് ആ സ്ത്രീ അവരെ വിളിക്കുന്നതു കേട്ടു. ഒരു പക്ഷെ വല്ലതും കഴിക്കാനായിരിക്കണം. ആ കുട്ടികളോടൊപ്പം അയാൾ വീട്ടിനകത്തേയ്ക്കു കയറിപ്പോയി.

എന്റെ ധാരണ തെററായിരുന്നില്ല. അല്പസമയം കഴിഞ്ഞപ്പോൾ അയാൾ മുററത്തേയ്ക്കിറങ്ങി കൈ കഴുകുന്നതു കണ്ടു. എന്തോ കഴിക്കുകയായിരുന്നു.

നാലുമണിക്കുമുമ്പു പട്ടണത്തിലൊന്നു വെറുതെ കറങ്ങാൻവേണ്ടി ഞാൻ പുറപ്പെട്ടു. ഗേററുകടന്നു റോഡിലിറങ്ങി തിരിഞ്ഞുനോക്കിയപ്പോൾ അയാൾ ആ വീട്ടുമുററത്തു നില്പുണ്ടായിരുന്നു. തിരിച്ചുവന്നതു സന്ധ്യയ്ക്കു മുമ്പാണ്.

അയാൾ ഗേററിനരികെ നില്പുണ്ട്. ഗേററുകടക്കുന്നതിനിടയിൽ ഞാനൊന്നു സൂക്ഷിച്ചുനോക്കി. മാഞ്ഞുപോയ ഒരു മന്ദഹാസത്തിന്റെ നിഴൽ ആ മുഖത്തു പററിനില്ക്കുന്നതുമാതിരി തോന്നി. വസന്താവസാനത്തിലെ ഇതൾകൊഴിഞ്ഞ പൂവിന്േറതുപോലെ ആ മുഖത്തെ പ്രസാദാത്മകത്വം നഷ്ടപ്പെട്ടിരുന്നു. അവാച്യമായ ശോകച്ഛായ ആ കണ്ണുകളിൽ ഓളംവെട്ടുന്നുണ്ട്.

വെറുതെയെന്ന മട്ടിൽ ഞാൻ ചോദിച്ചു:

"എന്താ ഇവിടെ നില്ക്കുന്നത്?"

"ചുമ്മാ നില്ക്കുകയാ" ആ സ്വരത്തിലും ദുഃഖം ഊറിനില്ക്കുന്നതുപോലെ തോന്നി.

ഞാൻ ചോദ്യം തുടന്നു

"ഇവിടെയാണോ വീട്?"

"അല്ല. കുറെ കിഴക്കാണ്"

അയാറം ആ നാട്ടുംപുറത്തിൻെറ പേരുപറഞ്ഞു. അവിടെനിന്നും പത്തിരുപതുമൈൽ ദൂരമുണ്ട്.

"ഇവിടെ വന്നിട്ടെത്രനാളായി?"

"പത്തുകൊല്ലം കഴിഞ്ഞു"

"ഈ വീടു സ്വന്തമാണോ?"

"അല്ല. വാടകയ്ക്കാണ്."

"കൂട്ടത്തിലുള്ള ആ സ്ത്രീ അമ്മയായിരിക്കും?"

"അതെ."

"കുട്ടികറം?"

"എൻെറ എളേത്തുങ്ങളാ."

"അച്ഛനില്ലേ?"

"ഇല്ല. മരിച്ചുപോയി." അതു പറഞ്ഞപ്പോറം അയാളുടെ തൊണ്ടയ്ക്കു് ഒരിടർച്ചയുണ്ടായി.

"എന്തു ജോലിയായിരുന്നു അച്ഛന്?"

"എസ്റ്റേററിലെ ഡ്രൈവറായിരുന്നു"

"നിങ്ങറക്കെന്താ ജോലി?"

"എനിക്കു പ്രത്യേകിച്ചു ജോലിയൊന്നുമില്ല. പഠിക്കുന്നു."

"എവിടെ?"

"കോളേജിൽ."

"കോളേജിലോ?" എനിക്ക് അത്ഭുതംതോന്നി.

"അതെ. ഈ കൊല്ലം ഇൻറർസീനിയറിനാണ്" അയാൾ പറഞ്ഞു.

അതു വിശ്വസിക്കുവാൻ വിഷമമായിരുന്നു. കാരണം മറെറാന്നുമല്ല ഒരു കോളേജ്‌വിദ്യാർത്ഥിക്ക് സ്വാഭാവികമായുണ്ടാകാവുന്ന "തണ്ടുരോഗം" അയാൾക്കില്ല. പിന്നെ ആ നിൽപ്പും ദൈന്യഭാവവും സർവ്വോപരി ആ വേഷവും. പല സ്ഥലത്തും കീറിയ ഒരു പഴയ ഷർട്ടാണിട്ടിരിക്കുന്നതു്. ചുരുങ്ങിയതു് ഒരു മൂന്നുകൊല്ലത്തെ പഴക്കമെങ്കിലും കാണും. അതുപോലെതന്നെ ഉടുത്തിരിക്കുന്ന മുണ്ടും. അതിൻെറ ഒരു വശത്തു് നീണ്ട ഒരു കരിശിൻെറ ആകൃതിയിൽ തുന്നിവച്ചിരിക്കുന്ന പാടു് വ്യക്തമായിക്കാണാം. ഒരു നല്ല മുണ്ടും ഷർട്ടും വാങ്ങുവാൻ പോലും ഗതിയില്ലാത്ത അയാൾ കാളേജിൽ പഠിക്കുന്നെന്നു പറഞ്ഞാൽ എങ്ങിനെ വിശ്വസിക്കാനാണ്?

ഞാൻ ചോദിച്ചു:

"നിങ്ങളെ പഠിപ്പിക്കുന്നതാരാ?"

"എനിക്കാരുമില്ല"

"പിന്നെ ഫീസും മററും എങ്ങനെ കൊടുക്കും?"

"ഞങ്ങളുടെ ജാതിക്കാർക്ക് ഫീകൺസഷനുണ്ടു്"

"അപ്പോൾ നിങ്ങൾ..."

"ബാക്ക്‌വേർഡ് കമ്മ്യൂണിററിയിൽപെട്ടതാണ്."

ഞാൻ തുടർന്നൊന്നും ചോദിച്ചില്ല അപ്പോൾ അയാൾ പറഞ്ഞു: "പഠിക്കണമെന്നുള്ള അത്യാഗ്രഹം കൊണ്ടു പഠിക്കുന്നതാ. അല്ലാതെ കഴിവുണ്ടായിട്ടല്ല.

അപ്പനുണ്ടായിരുന്നെങ്കിൽ വിഷമമില്ലായിരുന്നു."

അതിനെത്തുടന്ന് എന്നെ സംബന്ധിച്ചു പലതും അയാൾ ചോദിച്ചറിഞ്ഞു. ഒടുവിൽ ഇങ്ങനെ പറയുകയും ചെയ്തു

"ഏതായാലും പരിചയപ്പെടാനിടയായതിൽ വളരെ സന്തോഷമുണ്ട്"

നേരം സന്ധ്യകഴിഞ്ഞിരുന്നു. വീടുകളുടെ ഉമ്മറത്ത് വിളക്കുകൾ പ്രകാശിച്ചു.

നിലാവുള്ള രാത്രിയായിരുന്നു. നേരിയ മഞ്ഞുണ്ട്. സുഖമുള്ള കാററും.

ഞാൻ അയാളോടു ചോദിച്ചു:

"ഇവിടുന്നു പുഴക്കരയിലേയ്ക്കെന്തു ദൂരമുണ്ട്?"

"ഓ, കുറച്ചേയുള്ളു. കഷ്ടിച്ചുവന്നാൽ ഒരു ഫർലോങ്ങ്—എന്താ അങ്ങോട്ടുപോണോ?"

"വെറുതെ വേണമെങ്കിൽ അവിടംവരെ നടക്കാം" ഞാൻ പറഞ്ഞു.

തഴച്ചുനില്ക്കുന്ന തൈത്തെങ്ങുകളുടേയും, വേലിയിറമ്പിലെ ഇല്ലിക്കൂട്ടങ്ങളുടേയും നിഴലുകൾവീണ ഇടറോഡിൽക്കൂടി ഞങ്ങളൊരുമിച്ചു പുഴക്കരയിലേയ്ക്കു നടന്നു.

നേരത്തെ ചോദിക്കാൻ വിട്ടുപോയ ഒരു കാര്യം അപ്പോൾ എൻെറ ഓർമ്മയിൽവന്നു.

"നിങ്ങളുടെപേരെന്താണെന്നുപറഞ്ഞില്ലല്ലോ?"

ഒരു കൊച്ചുകുട്ടിയെപ്പോലെ ചിരിച്ചുകൊണ്ടയാൾ പറഞ്ഞു: "ശിവദാസ് എന്നാണു."

അയാൾ തുടൎന്നു:"വളരെ നാളുകളായിരിക്കുന്നു ഞാൻ ഉള്ളുതുറന്നൊന്നു ചിരിച്ചിട്ട്. ഇന്ന് എനിക്കെന്തോ ഒരു പ്രത്യേക സന്തോഷം അനുഭവപ്പെടുന്നുണ്ട്. മറെറാന്നുംകൊണ്ടല്ല, നിങ്ങളെ കാണാനിടയായതു കൊണ്ടാണ്."

അതൊരു പ്രശംസയാണെന്നു ഞാൻ തെററിദ്ധരിക്കുമെന്നു ഭയന്ന് അയാൾ പറഞ്ഞു.

"മറെറാന്നും ധരിക്കരുത്. ഞാൻ പറഞ്ഞതു നേരാണ്. ഇതിനുമുമ്പ് നിങ്ങളെപ്പോലെ ആരുംതന്നെ ഇത്ര സിൻസിയറായിട്ടു എന്നോടു സംസാരിച്ചിട്ടില്ല. കോളേജിൽ പഠിക്കുന്നനുവച്ചു് എനിക്കവിടെ കൂട്ടുകാരാരുമില്ല. ഒരുത്തരും എന്നോടു മിണ്ടുകയില്ല. ഞാൻ ജാതിയാൽ താണവനായതുകൊണ്ടായിരിക്കണം എല്ലാവരും ഒരുതരം പുഛരസത്തിൽ എന്നെ നോക്കുന്നതു്."

ഞാൻ പറഞ്ഞു:

"ഓ, ജാതിയുടെ കാലമെല്ലാം കഴിഞ്ഞിട്ട് നാളെന്തായി."

"ആ ധാരണ മുഴുവൻ ശരിയല്ലെന്നു ഞാൻ പറയും. എൻെറ അനുഭവം അങ്ങിനെയാണ് പഠിപ്പിക്കുന്നതു്."

"കോളേജിൽ നിങ്ങൾക്കു കൂട്ടുകാരില്ലാത്തതു മറെറാന്നും കൊണ്ടല്ല. നിങ്ങൾ കഴിവില്ലാത്തവനാണ്. അക്കാൎയ്യം അവൎക്കറിയാം. ഉള്ളവൻ ഇല്ലാത്തവനെ കൂട്ടുപിടിക്കില്ല.

ഞങ്ങൾ പുഴക്കരയിലെത്തി. അപ്പോൾ മറുകരയിലെ ഇരുണ്ട തെങ്ങുകൾക്കു മുകളിലായി പൂൎണ്ണചന്ദ്രൻ

പൊങ്ങിവന്നു. അനക്കമില്ലാതെ കിടക്കുന്ന പുഴയുടെ ഹൃദയത്തിൽ അതിൻെറ പ്രതിഫലനമുണ്ടായി. മണൽപ്പുറത്തെ വെള്ളച്ചരലുകൾ നിലാവിൽ കിടന്നു തിളങ്ങി. ഇളംകാററിൽ ഇളകുന്ന ഇല്ലിപ്പടർപ്പുകളും, പൂത്തുനില്ക്കുന്ന പൂവരശുമരങ്ങളും, മണൽപ്പുറത്ത് നിഴൽച്ചിത്രങ്ങൾ വരച്ചുകൊണ്ടിരുന്നു.

അവിടെയൊരിടത്തിരുന്നിട്ട് ഞാൻ ചോദിച്ചു.

"അച്ഛൻ മരിച്ചിട്ട് ഒരുപാടുനാളായോ?"

എനിക്കഭിമുഖമായിരുന്നുകൊണ്ട് അയാൾ പറഞ്ഞു.

"ഇല്ല, ഇപ്പോൾ ഒരു കൊല്ലം കഴിഞ്ഞിരിക്കുന്നു. എന്റെ വിവാഹാവസരത്തിലാണ് അപ്പൻ മരിച്ചത്."

എൻെറ അത്ഭുതം ഒന്നുകൂടി വർദ്ധിച്ചതേയുള്ളു.

"അപ്പോൾ നിങ്ങൾ വിവാഹവും കഴിച്ചിട്ടുണ്ട്; അല്ലേ?"

"അതെ. ഒരു കൊല്ലം മുമ്പാണ്. അപ്പൻെറ മരണവും എൻെറ വിവാഹവും അടുത്തടുത്തായിരുന്നു. പക്ഷെ....." അയാൾ ഇടയ്ക്കു നിർത്തി.

ആ നീണ്ട "പക്ഷേ" വളരെ അർത്ഥഗർഭമായിരുന്നു. ഞാൻ ജിജ്ഞാസുവായി. "എന്നിട്ട്?"

"ഇന്ന് ഒരവിവാഹിതനെപ്പോലെയാണ് ഞാൻ കഴിഞ്ഞുകൂടുന്നത്"

"പറഞ്ഞതിന്റെ അർത്ഥം മനസ്സിലായില്ല" ഞാൻ പറഞ്ഞു:

"വാസ്തവത്തിൽ അതു മനസ്സിലാക്കാൻ വിഷമമാണ്. വിവാഹം കഴിച്ച ഞാൻ അവിവാഹിതനെപ്പോലെ ജീവിക്കുന്നുവെന്ന് പറഞ്ഞാൽ നിങ്ങൾക്കു ചിരി വരുമെന്നു എനിക്കറിയാം. എങ്കിലും ഞാൻ പറഞ്ഞതു നേരാണ്."

"എന്നുവച്ചാൽ?"

"ഞാൻ വിവാഹം കഴിച്ചെന്നു പറഞ്ഞ ആ പെണ്ണുണ്ടല്ലോ; ഇപ്പോൾ എൻെറ കൂട്ടത്തിലില്ല എന്നു ചുരുക്കം"

"എന്താ പ്രസവത്തിന് വീട്ടിലാക്കിയിരിക്കയാണോ?"

അതു കേട്ടമാത്രയിൽ അയാൾക്ക് ചിരി പൊട്ടിപ്പോയി.

അല്പം കഴിഞ്ഞ് അയാൾ പറഞ്ഞു.

"പേറും പിറപ്പുമൊന്നും കഴിയുംമുമ്പുതന്നെ അവൾ പോയി" ആ സ്വരത്തിനൊരു നിരാശയുടെ ചുവയുണ്ടായിരുന്നു. ആകെക്കൂടി വിചിത്രതരമായ അയാളുടെ വിവാഹത്തിൻെറ കഥയറിയാൻ എനിക്കു കൗതുകം തോന്നി. ഞാൻ ചോദിച്ചു:

"ഭാര്യയുടെ നാടെവിടെയാ?"

അയാൾ ആ സ്ഥലത്തിൻെറ പേരു പറഞ്ഞു. അതും അങ്ങു കിഴക്ക് മലയോരത്തിനോടടുത്ത ഒരു നാട്ടുംപുറമാണ്.

"എന്നിട്ട് എന്തേ ഇപ്പോൾ ഭാര്യ ഇവിടില്ലാത്തത്. അക്കാര്യം പറഞ്ഞില്ലല്ലോ." ഞാൻ വീണ്ടും പഴയ

പ്രശ്നത്തിലേയ്ക്കു കടന്നു.

"അതിന്റെ പുറകിൽ ഒരു നീണ്ട ചരിത്രമുണ്ട്. വേണമെങ്കിൽ ചുരുക്കിപ്പറയാം."

ഞാൻ കഥ കേൾക്കാൻ ഒരുങ്ങിയിരുന്നു.

ശിവദാസ് ആരംഭിച്ചു.

"കൈനോട്ടവും പക്ഷിശാസ്ത്രവുമാണ് ഞങ്ങളുടെ ജാതിക്കാരുടെ പ്രധാന തൊഴില്. സ്ത്രീകളുടെ ജോലി, ചീട്ടിത്തുണികൾകൊണ്ട് തലയണക്കവിയനും ജാക്കററും ബോഡീസും മററും തയ്ച്ച്, നാട്ടുംപുറങ്ങളിൽ കൊണ്ടു നടന്നു വില്ക്കുകയും, വീടുകളിൽ കയറിയിറങ്ങി കൈനോക്കി ഫലം പറയലുമാണ്. ഈ തൊഴിൻ ഇന്നും ഇന്നലെയും തുടങ്ങിയതല്ല. പണ്ടുപണ്ടേമുതൽ നിലവിലിരിക്കുന്നതാണ്. പള്ളിക്കൂടത്തിന്റെ പടിവാതിൽ കണ്ടിട്ടുള്ളവർ ചുരുങ്ങും. അങ്ങിനെയൊരു "ഭാഗ്യദോഷം" ഞങ്ങളുടെ ജാതിക്കാരിൽ അധികംപേർക്കും സംഭവിച്ചിട്ടില്ല."

"പക്ഷെ എന്റെ അപ്പൻ അങ്ങനല്ലായിരുന്നു. എങ്ങിനെയോ കുറച്ചൊക്കെ ഇംഗ്ലീഷ് എഴുതാനും വായിക്കാനും വശപ്പെടുത്തിയിരുന്നു. അത് ഒന്നാമത്തെ ലോകമഹായുദ്ധകാലത്ത് പട്ടാളത്തിൽ ചേന്നതുകൊണ്ടായിരുന്നതാനും. തടിമിടുക്കും തന്റേടവുമുണ്ടായിരുന്ന അപ്പൻ പട്ടാളത്തിൽനിന്നു പിരിഞ്ഞുവന്നത് ഒരു നല്ല ഡ്രൈവറായിട്ടായിരുന്നു. അങ്ങനെയാണ് മലമ്പുറത്ത് യൂറോപ്യന്മാരുടെ എസ്റ്റേററിൽ ജോലി കിട്ടിയത്. റബ്ബർഷീററു ലോറിയിൽ കയററിയിറക്കുന്ന ജോലിയാ

യിരുന്നു. മരിക്കുന്നതുവരെ അവിടത്തെ സ്ഥിരം ഡ്രൈവറായിത്തന്നെ കഴിഞ്ഞുകൂടാനുള്ള ശമ്പളം അപ്പനു കിട്ടിയിരുന്നു.

"ഇങ്ങോട്ടു താമസം മാററിയതിൻെറ കാരണം മറെറാന്നുമല്ല. എസ്റ്റേററുവക സ്റ്റോർ പട്ടണത്തിലാണ്. മിക്കവാറും ദിവസങ്ങളിൽ റബ്ബർഷീററു കയററിയിറക്കാനുണ്ടാകും. രാത്രിയിൽ പലപ്പോഴും അപ്പൻ താമസിക്കുന്നതു സ്റ്റോറിലായിരിക്കും. അപ്പോൾ ഇവിടെ അടുത്തെങ്ങാനും ഒരു വീട്ട് വാടകയ്ക്കെടുക്കുന്നതു പലതുകൊണ്ടും സൗകര്യമായിരിക്കുമല്ലോ എന്നു കരുതി. അങ്ങനെയാണ് ഇപ്പോൾ താമസിക്കുന്ന വീട്ട് വാടകയ്ക്കെടുത്തത്.

"എസ്റ്റേററിൽ കൂലിക്കാരൻമുതൽ സായിപ്പുവരെ എല്ലാവർക്കും അപ്പനോടു സ്നേഹമായിരുന്നു. പുറത്തും ധാരാളം പരിചയക്കാരുണ്ടായിരുന്നു. അക്കൂട്ടത്തിൽ ഒരാളിൻെറ മകളെയാണു ഞാൻ വിവാഹം ചെയ്തത്.

"അങ്ങേരുടെ വീട് കിഴക്കു തോട്ടത്തിനടുത്താണു. ആൾ ഞങ്ങളുടെ ജാതിക്കാരൻതന്നെ. ഒരുവിധം മുതലുള്ള കൂട്ടത്തിലാണു. ആദ്യത്തെ ഭാര്യ മരിച്ചുപോയി. അതിൽ ഒരു മകൾ മാത്രമേയുള്ളൂ. രണ്ടാമത്തു വിവാഹം കഴിച്ചസ്ത്രീക്കു കുട്ടികളില്ല. എല്ലാംകൂടി ഒരൊററ മകൾ മാത്രം. വാസ്തവത്തിൽ അപ്പനും ആ മനുഷ്യനും തമ്മിലുള്ള സ്നേഹബന്ധമാണു അങ്ങിനെയൊരു വിവാഹത്തിനിടയാക്കിയത്. സാമ്പത്തികമായി സാമാന്യം ഉയന്ന നിലയാണവക്കുള്ളതെന്നു പറഞ്ഞല്ലോ. അത്രയും നിലയുള്ളവർ ഞങ്ങളുടെയിടയിൽ മററാരുംതന്നെ കാണുമെന്നു

തോന്നുന്നില്ല. തന്നെയുമല്ല ആ പെൺകുട്ടി സ്കൂൾഫൈനൽവരെ പഠിച്ചിട്ടുമുണ്ട്. സാമാന്യം വിദ്യാഭ്യാസമുള്ള ഒരുത്തനുതന്നെ മകളെ പിടിച്ചുകൊടുക്കണമെന്ന് അന്തയ്ക്ക് ഉദ്ദേശമുണ്ടായിരുന്നു. ഞാൻ അന്ന് സ്കൂൾഫൈനൽ ജയിച്ച് കോളേജിൽ ചേർന്ന അവസരമായിരുന്നു.

"ഒരുദിവസം ഞാൻ കോളേജിൽനിന്നു മടങ്ങി വന്നപ്പോൾ അമ്മ എന്നെ വിളിച്ചിട്ടു പറഞ്ഞു.

"എടാ മോനേ. ഇന്ന് അപ്പൻ വന്നിരുന്നു. നീ ആരെയെങ്കിലും കൂട്ടിക്കൊണ്ട് തോട്ടത്തിനടുത്തുതാമസിക്കുന്നഅങ്ങേരുടെ വീട്ടിൽവരെ ഒന്നു പോകണമെന്നു പറഞ്ഞിട്ടാ പോയത്."

"എനിക്കു കാര്യം മനസ്സിലായില്ല. ഞാൻ അമ്മയോടു ചോദിച്ചു. "ആരുടെ വീട്ടിലാണമ്മേ?"

"അപ്പന്റെ കൂട്ടുകാരൻ നമ്മുടെ ജാതിപ്പെട്ട. . . ."

"ഓ. മനസ്സിലായി. എന്താ വിശേഷിച്ച്?"

കുറച്ചുനേരം മിണ്ടാതെ നിന്നിട്ട് അമ്മ കാര്യം പറഞ്ഞു "അങ്ങേർക്ക് മൂമ്പത്തെ കുടിയിലൊരു മകളൊണ്ട്. നല്ല കുട്ടിയാണെന്ന് അപ്പൻ പറയുന്നു. നിനക്കുവേണ്ടി ആലോചിച്ചിരിക്കയാ"

"ഞാൻ ഏറെ നേരത്തേക്ക് ഒന്നും ഉത്തരം പറഞ്ഞില്ല. വിവാഹത്തിനെക്കുറിച്ച് അതിനു മുമ്പ് ഞാൻ ചിന്തിച്ചിരുന്നില്ല. എന്നെ സംബന്ധിച്ചിടത്തോളം, സങ്കല്പത്തിലെ ഒരു സ്വപ്നമായിരുന്നു വിവാഹം. പരമാർത്ഥങ്ങൾ നിറഞ്ഞ ജീവിതത്തിന്റെ ആരംഭമാണതെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. ഉടനേ വിവാഹം ചെയ്യ

ണോ വേണ്ടയോ. എന്ന കാര്യത്തിൽ എനിക്കു സംശയം തോന്നി.

ഞാൻ പറഞ്ഞു.

"എന്റെ പഠിത്തം കഴിഞ്ഞിട്ടാകട്ടെ"

"അങ്ങനെ നീട്ടിക്കൊണ്ടുപോകാനുള്ള കാര്യമല്ലിതു്. അവരാണെങ്കിൽ നമ്മളേക്കാൾ വല്യവരാ. അങ്ങേക്ക് നിന്റെ കാര്യത്തിൽ വല്യ തൃപ്തിയാന്നും അപ്പൻ പറഞ്ഞു. അതു് നമ്മടെ ഭാഗ്യമെന്നുവേണ്ട വിചാരിക്കാൻ. നിന്നെ എവിടെവരെവേണേലും പഠിപ്പിക്കാൻ അങ്ങേക്കു കഴിയും."

"അമ്മ പറഞ്ഞതു കേട്ടപ്പോൾ എനിക്കുംതോന്നി. ശരിയാണല്ലോ. അവക്കു കഴിവുള്ളവരാണു്. എന്തു സഹായവും ചെയ്തുതരാൻ സാധിക്കും. എവിടംവരെ വേണമെങ്കിലും പഠിപ്പിക്കുകയും ചെയ്യും. ഞാൻ പോകാമെന്നു സമ്മതിച്ചു. അടുത്ത ആഴ്ച ഒരു സ്നേഹിതനേയും കൂട്ടിക്കൊണ്ടു അങ്ങോട്ടുപോയി.

ഒരു നല്ല വീട്ട്. അതിന്റെ രണ്ടുവശത്തും തോട്ടങ്ങളാണു്. പടിഞ്ഞാറുവശത്തു പച്ചക്കറികൾ നട്ടവളത്തുന്ന ഒരു തോപ്പുണ്ടു്. അതിന്റെ ഇറമ്പിലൂടെയാണു് മലപ്പുറത്തേക്കുള്ള റോഡ്. എവിടെ നോക്കിയാലും കുന്നും താഴ്‌വരകളും മരങ്ങളും. എനിക്ക് അവിടം നന്നേ പിടിച്ചു.

"പെൺകുട്ടിയേയും കണ്ടു. കാഴ്ചയിൽ തരക്കേടില്ല, പതിനാറുവയസ്സുകാണും, പൊതുവെമിടുക്കിയാണു്, വിനയശീലയുമാണു്, പിന്നെന്തുവേണം. അക്കാര്യത്തിൽ എനിക്കു തൃപ്തിക്കുറവില്ലെന്നുള്ള വിവരം അപ്പനെ അ

റിയിച്ചു. താമസിക്കാതെതന്നെ വിവാഹത്തിൻെറ തീയ്യതിയും തീർച്ചപ്പെടുത്തി. അങ്ങിനെയിരിക്കെയാണ് തലയിൽ ഇടിവാളേററതുപോലെ ആ സംഭവമുണ്ടായത്."

ശിവദാസ് സംഭാഷണം നിൎത്തിയിട്ട് പുഴയിലേക്കു നോക്കി മൗനമായി ഇരുന്നു.

പരന്നൊഴുകുന്ന നിലാവിൽ പുഴയും പരിസരങ്ങളും മുങ്ങിക്കിടക്കുകയാണ്. ആകാശത്തിൻെറ അവ്യക്തനീലിമയിൽ തിളങ്ങുന്ന നക്ഷത്രങ്ങൾ പുഴയിലേക്കു പ്രകാശബിന്ദുക്കൾ പൊഴിച്ചുകൊണ്ടിരുന്നു.

ഒരു നെടുവീർപ്പോടെ ശിവദാസ് തുടൎന്നു:

"വിവാഹത്തിൻെറ നാലുദിവസം മുമ്പ് അപ്പൻ മരിച്ചു. അതു തീരെ യാദൃശ്ചികമായിരുന്നു. എന്തെങ്കിലും രോഗംവന്നു നാലുദിവസം കിടപ്പിലായിരുന്നെങ്കിൽ തരക്കേടില്ല. ഒരു ദിവസം രാത്രി പത്തുമണിയ്ക്കു് വീട്ടിൽ വന്നു കയറി. ശാപ്പാടും കഴിച്ചിട്ട് ഉറങ്ങാൻ കിടന്നതാണ്. നേരംവെളുത്തപ്പോൾ മരിച്ചുകിടക്കുന്നതാണു കണ്ടതു്. ഹൃദയസ്തംഭനമായിരുന്നെന്നാണ് ഡോക്ടർമാരുടെ അഭിപ്രായം. ഓ, നാം പ്രതീക്ഷിച്ചിരിക്കാതെ എന്തെല്ലാം സംഭവിക്കുന്നു.

അപ്പൻെറ മരണംമൂലം വിവാഹം നീട്ടിവയ്ക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ടായിരുന്നു. പക്ഷെ അമ്മയും കൂട്ടത്തിൽപ്പെട്ട മററാളുകളും സമ്മതിച്ചില്ല. നിശ്ചിതസമയത്തുതന്നെ വിവാഹം നടത്തണമെന്നും ആ മംഗളകൎമ്മം മാററിവയ്ക്കുന്നതു ശരിയല്ലെന്നും അവർ പറഞ്ഞു. പെണ്ണിൻെറ വീട്ടുകാൎക്കും അതിൽ എതിൎപ്പില്ലായിരുന്നു.

അഥവാ ഉണ്ടായിരുന്നെങ്കിലും വെളിയിൽ കാണിച്ചില്ല. കാരണം, വിവാഹത്തിൻെറ സവ്വ ഒരുക്കങ്ങളും അവർ പൂത്തിയാക്കി കഴിഞ്ഞിരുന്നു.

അങ്ങനെ വലിയ ആഘോഷങ്ങളൊന്നുമില്ലാതെ വിവാഹം നടന്നു. താലികെട്ടുന്നസമയത്തുപോലും എൻെറ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. ആ കണ്ണീർച്ചാലുകൾ എൻെറ ഹൃദയത്തിൽ നിന്ന് ഇന്നിയും ഉണങ്ങിയിട്ടില്ല. അപ്പൻെറ മരണം എൻെറ തോളിൽ ഒരു വലിയഭാരമാണു കയററിവച്ചതു്. അമ്മയുടേയും സഹോദരങ്ങളുടെയും കാര്യം അന്വേഷിക്കുവാൻ ഞാനല്ലാതെ മററാരുമില്ല. അതിൻെറകൂടെ ഒരാളിൻെറ ചുമതലകൂടി ഏറെറടുക്കുകയാണെന്നുള്ള വിശ്വാസം എനിക്കുണ്ടായിരുന്നു. എങ്ങനെ ജീവിക്കും എന്നു ഞാൻ പരിഭ്രമിച്ചില്ല. എങ്ങനെയും ജീവിക്കണം. അല്ലാതൊക്കുമോ?.

“അമ്മയ്ക്കു പെണ്ണിനെ ഇഷ്ടപ്പെട്ടു. കണ്ടവരെല്ലാം അഭിപ്രായം പറയുകയും ചെയ്തു. ഞാനും ആശ്വസിച്ചു. അപ്പന്റെ മരണത്തിലുണ്ടായിരുന്ന ദുഃഖം അവളെ കാണുമ്പോൾ കുറയുന്നതായിതോന്നി. രണ്ടുദിവസം കഴിഞ്ഞാണു് ഞങ്ങൾതമ്മിൽ സംസാരിച്ചതു്. എന്നെക്കാണുമ്പോൾ അവൾ മാറിക്കളയും. വല്ലാത്തനാണക്കാരിയാണു്. മൂന്നാമത്തെ ദിവസം അവളെ ഒററയ്ക്കു കണ്ടു. ഇതുപോലെ നിലാവുള്ള ഒരു രാത്രിയായിരുന്നു. അത്താഴം കഴിച്ചതിനുശേഷം വീടിൻെറ പുറകുവശത്തു വെറുതെയിരുന്നുകൊണ്ടു് ഞാൻ ഭാവിയെക്കുറിച്ചു ചിന്തിക്കു

കയായിരുന്നു. അപ്പോഴാണ് ഒരു നിഴൽപോലെ എന്റെ മുമ്പിൽക്കൂടി അവൾ കടന്നുപോയതു്.

"ഞാൻ അവളുടെ പേരു വിളിച്ചു. അവൾ മുഖം കുനിച്ചപാടെ എന്റെ അടുത്തേക്കു നീങ്ങിനിന്നു. ആ ഉരുണ്ട മുഖവും കറുത്തുനീണ്ട കണ്ണുകളും നിലാവിന്റെ വെണ്മയിൽ കൂടുതൽ ഭംഗിയുള്ളതായി തോന്നി.

ഞാൻ ചോദിച്ചു:

"അമ്മയെന്തെടുക്കുന്നു?"

"അകത്തുണ്ടു്, ചോറുതിന്നുകയാ."

"വല്ലതും കഴിച്ചോ?"

അവൾ മൂളി.

"എന്താ ഇവിടം ഇഷ്ടപ്പെട്ടോ?"

അവൾ മിണ്ടിയില്ല.

"ചിററമ്മയ്ക്കു കാര്യമാണോ?" ഞാൻ വിഷയം മാററി.

"ഉം"

"അമ്മ മരിച്ചിട്ടെത്ര നാളായി.?"

"എന്റെ കൊച്ചുന്നാളിലേ മരിച്ചതാ."

"അമ്മയെക്കുറിച്ചു ഓർമ്മയുണ്ടോ?

"ഉം, ചെറിയ ഓർമ്മയുണ്ടു്."

ഞാൻ പറഞ്ഞു.

"നമ്മൾ രണ്ടും ഒരുപോലാ. എനിക്കു് അപ്പനുമില്ല."

കുറച്ചുനേരം ഒന്നും മിണ്ടാതെ നിന്നിട്ട് അവൾ പറഞ്ഞു:

"അതോർത്തു സങ്കടപ്പെട്ടുകയല്ലാതെ എന്തു ചെയ്യും. നമ്മൾ ഭാഗ്യമില്ലാത്തവരാ"

അത്രയുമായപ്പോൾ എനിക്ക് അപ്പന്റെ ഓർമ്മ വന്നു. കരയാതിരിക്കാൻ ഞാൻ ചുണ്ടു കടിച്ചമർത്തി. അതു മനസ്സിലാക്കിയിട്ടെന്നപോലെ അവൾ പറഞ്ഞു:

"ഒന്നുകൊണ്ടും വിഷമിക്കരുത്. എല്ലാം ദൈവ നിശ്ചയമാ"

"അപ്പോൾ അകത്തുനിന്നും അമ്മ വിളിക്കുന്നതു കേട്ടു. അവൾ അകത്തേയ്ക്കു പോയി. അന്ന് വളരെ രാത്രിയായതിനുശേഷമാണു് ഞാൻ ഉറങ്ങിയത്. എല്ലാ ദുഃഖങ്ങളിൽനിന്നും വേദനകളിൽനിന്നും എന്റെ മനസ്സു രക്ഷപ്പെട്ടതുപോലെ തോന്നി. വായിച്ചുകഴിഞ്ഞ് ഉറങ്ങാൻ കിടന്നപ്പോഴും അകത്തുനിന്ന് വളകിലുക്കവും നെടുവീർപ്പും കേട്ടു. അവളും ഉറങ്ങാതെ കിടക്കുകയായിരുന്നു.

"പിറേറദിവസം അവളുടെ വീട്ടിൽനിന്നു ഞങ്ങളെ വിരുന്നിനു കൊണ്ടുപോകാനായി ഒരാൾ വന്നു. വൈകുന്നേരം അയാളുടെകൂടെ ഞങ്ങൾ പോയി. ഒരു ദിവസം അവിടെ കഴിച്ചുകൂട്ടി. കോളേജിൽ പോകേണ്ടതുകൊണ്ട് പെട്ടെന്നുതന്നെ എനിക്കു മടങ്ങിപ്പോരേണ്ടിയിരുന്നു. അക്കാര്യം അയാളുടെ ശ്രദ്ധയിൽ പെടുത്തുകയും ചെയ്തു. അപ്പോൾ അവളുടെ അപ്പൻ എന്നെ വിളിച്ചു പറഞ്ഞു:

"നീ പൊയ്യ്ക്കോളു, പെണ്ണിവിടെ നില്ക്കട്ടെ."

അതിന്റെ അർത്ഥവും ആവശ്യവും എനിക്കു മനസ്സിലായില്ല. ഞാൻ പറഞ്ഞു:

"ഇവിടെ നിൎത്തിയിട്ടുപോയാൽ ആളുകളെന്തു പറയും?"

"എന്തോ പറയാനാ. അവളുടെ വീട്ടിലല്ലേ?"

"എന്നാലും കല്യാണം കഴിഞ്ഞിട്ട് ഒരാഴ്ച കഴിയും മുമ്പ്......?"

"അതിനൊന്നും തരക്കേടില്ല. ഇപ്പോൾ പെണ്ണിനെ കൊണ്ടുപോയിട്ട് എവിടെ പൊറുപ്പിക്കാനാ?"

ആ ചോദ്യം എൻെറ മുഖത്തേററ ഒരു അടിയായിരുന്നു. ആ സമയത്ത് ചിററമ്മയും അടുക്കളെവാതുക്കൽ നിന്ന് എത്തിനോക്കി.

വേദനയോടെ ഞാൻ പറഞ്ഞു.

"എൻെറ വീട്ടിൽ"

"വാടകക്കെട്ടിടത്തിലല്ലേ" ആ സ്വരത്തിൽ പരിഹാസം കലൎന്നിരുന്നു. അവിടെ താമസിക്കാൻ തക്കനിലയല്ല അവൾക്കുള്ളത്.

"ഇക്കാര്യം നേരത്തേ ഓൎത്തില്ലായിരുന്നോ?"

"എന്തിനു പറയുന്നു. എല്ലാം എൻെറ ബുദ്ധിമോശം. നിൻെറ അപ്പനോടുള്ള സ്നേഹത്തിൻെറപേരിൽ മാത്രമാ ഞാനിതിനു സമ്മതം മൂളിയത്. ഏതായാലും കാര്യങ്ങൾ—കഴിഞ്ഞുകൂടി ഇനി ഒരു കാര്യം ചെയ്യ്. നിൻെറ പഠിത്തമൊക്കെ കഴിഞ്ഞ് എന്തെങ്കിലും ഉദ്യോഗം കിട്ടിയിട്ട് പെണ്ണിനേയും കൊണ്ടു പൊയ്ക്കോ. എനിക്കൊരു വിരോധവുമില്ല."

"ഞാൻ ഒന്നും മിണ്ടിയില്ല. അതിൻെറ അൎത്ഥം എനിക്കു മനസ്സിലായി. അപ്പൻ മരിച്ചുപോകുമെന്ന് ഓ

ത്തിരുന്നില്ല. പക്ഷേ മരിച്ചു. ഞാൻ ഗതിയില്ലാത്തവനമായി. ഗതിയില്ലാത്ത എൻെറക്കൂടെ മകളെ ഇറക്കിവിടാൻ നല്ല സമ്മതമില്ല. അത്രമാത്രം.

"ഒന്നോർത്തുനോക്കണം അന്നേരത്തെ എൻെറ അവസ്ഥ. വിങ്ങിപ്പൊട്ടുന്ന ഹൃദയവുമായിട്ടാണു് ഞാൻ അവിടെനിന്നു തിരിച്ചുപോന്നതു്. തിരിച്ചുപോരുമ്പോഠം– ആ പച്ചക്കറിത്തോട്ടത്തിൻെറ പടിഞ്ഞാറെ വേലിയരുകിൽ എന്നെയും നോക്കി അവഠം നില്പുണ്ടായിരുന്നു. നിറഞ്ഞ കണ്ണുകളോടെ.

"പോവുകാണോ?"

എനിക്കു് ഒരക്ഷരം ശബ്ദിച്ചുകൂടാ. ശബ്ദിച്ചാൽ ഞാൻ പൊട്ടിക്കരഞ്ഞുപോകും. ഞാൻ മിണ്ടിയില്ല. അങ്ങനെ ഞങ്ങഠം പിരിഞ്ഞു.

ആ ദുഃഖകരമായ വേർപാടിനെക്കുറിച്ചു് ഓർമ്മിച്ചതിനാലായിരിക്കാം, ശിവദാസ് കുറച്ചുനേരം നിശ്ശബ്ദനായിരുന്നു. അപ്പോഠം പുഴയുടെ മറുകരയിലിരുന്നു വിഷാദത്തോടെ കരയുന്ന ഒരു കിളിയുടെ ശബ്ദം വ്യക്തമായി കേഠക്കാൻ കഴിഞ്ഞു.

ശിവദാസ് കഥ തുടന്നു.

"മൂന്നുനാലു ദിവസം കഴിഞ്ഞപ്പോഠം അവളുടെ ഒരെഴുത്തെനിക്കു കിട്ടി. ഞാനൊരുതരത്തിലും വിഷമിക്കരുതെന്നും, അവഠം എനിക്കുവേണ്ടി കാത്തിരിക്കുമെന്നും മററും അതിൽ എഴുതിയിരുന്നു. അതിനു് ഉടനെതന്നെ ഞാൻ മറുപടി അയച്ചു. അതിൽപ്പിന്നെ അവഠം എനിക്കു കത്തുകളൊന്നും എഴുതിയിട്ടില്ല. ഒരുപക്ഷേ ഗൗരവക്കാരനായ തന്തയെ ഭയന്നിട്ടായിരിക്കണം."

"ഏഴുമാസങ്ങൾക്കുശേഷം, ഞങ്ങൾ തമ്മിലുള്ള വിവാഹബന്ധം കോടതിമുഖാന്തിരം വേർപെടുത്തിയിരിക്കുന്നൊന്നു കാണിച്ച് ഒരു രജിസ്റ്റർകത്ത് അയാളിൽനിന്ന് എനിക്കു കിട്ടി. എന്തൊ വിചിത്രമായ ഈ കഥ കേട്ടിട്ട് നിങ്ങൾക്കു ചിരി വരുന്നുണ്ടായിരിക്കും, അല്ലേ. പക്ഷെ ഞാൻ പറഞ്ഞത് നൂറു ശതമാനവും സത്യമാണ്."

അല്പംകഴിഞ്ഞ് ശിവദാസ് പറഞ്ഞു.

"ഒരു പുരുഷന് അവൻെറ ആയുസ്സിൽ ആത്മാർത്ഥതയോടുകൂടി ഒരൊററ പെണ്ണിനെ മാത്രമേ സ്നേഹിക്കാൻ കഴിയുകയുള്ളൂ. അത്തരത്തിൽ ഞാൻ അവളെ സ്നേഹിച്ചുപോയി. പക്ഷെ എനിക്കു നിരാശയാണനുഭവപ്പെട്ടത്. എങ്കിലും ആ സ്നേഹം എൻെറ ഹൃദയത്തിൻെറ ശവക്കല്ലറയിൽ ഞാൻ സൂക്ഷിക്കുന്നുണ്ട്."

ഞാൻ ശിവദാസിനോടു ചോദിച്ചു: 80370

"കാര്യം ശരിയാണ്. എന്നുവച്ച് എന്നുമിങ്ങനെതന്നെ കഴിയാനാണോ നിങ്ങൾ നിശ്ചയിച്ചിരിക്കുന്നത്?"

അയാൾ അതിന് ഉത്തരം പറഞ്ഞില്ല. ആ കണ്ണുകൾ നിറഞ്ഞുനില്ക്കുന്നതുപോലെ തോന്നി.

തെല്ലിടകഴിഞ്ഞ് അയാൾ പറഞ്ഞു:

"ഓരോനിമിഷവും ഞാൻ മരിച്ചുകൊണ്ടിരിക്കയാണ്. മരിച്ചുജീവിക്കുന്ന മനുഷ്യനാണു ഞാൻ."

—o—

KOTTAYAM PUBLIC LIBRARY
KOTTAYAM.

# അപകടംപിടിച്ച സൗന്ദര്യം

എരിഞ്ഞടങ്ങുന്ന സന്ധ്യയിൽ പടിഞ്ഞാറെ ചക്രവാളത്തിനു തീപിടിച്ചതുപോലിരുന്നു. കതിരണിഞ്ഞ വയലുകളിൽ തിളങ്ങുന്ന മഞ്ഞവെളിച്ചം പ്രസരിച്ചിരുന്നു. വയലുകളിൽനിന്നും പറന്നുപോകുന്ന മാടപ്പിറാക്കളുടെ ചിറകുകളിൽപോലും ആ തിളക്കത്തിന്റെ പ്രതിഫലനമുണ്ടായി.

റോസിക്കുട്ടിയുടെ ശ്രദ്ധ അതിലൊന്നുമല്ല. അവൾ ഇടം വലം നോക്കാതെ വീട്ടിലേയ്ക്കു നടക്കുകയായിരുന്നു.

സന്ധ്യ മയങ്ങുംമുമ്പേ വീട്ടിലെത്തണം. ചെന്നിട്ടു വേണം കഞ്ഞിയും കൂട്ടാനുമുണ്ടാക്കാൻ. കെട്ടിയവൻ കമ്പനിയിൽനിന്നു വന്നാലുടനെ വല്ലതും കൊടുക്കണ്ടേ. വിശന്നായിരിക്കും വരുന്നത്.

മാഞ്ഞുപോകുന്ന സൂര്യപ്രകാശം അവളുടെ അഴകേറിയ മുഖത്ത് പൌഡർ പൂശിക്കൊണ്ടിരുന്നു. ജന്മനാ അവൾ സുന്ദരിയാണ്. ഒരു മൺകുടിലിൽ പിറന്നതാണെന്നാരും പറയില്ല. പിന്നെ, വേഷത്തിൽ മാത്രമേ അല്പം പോരായ്മയുള്ളു. മുഷിഞ്ഞ ചട്ടയും തുണിയുമായിട്ടേ അവളെ കാണുവാൻ സാധിക്കൂ. അങ്ങനെ മുഷിഞ്ഞു നടക്കണമെന്നു മന:പൂർവ്വമുണ്ടായിട്ടല്ല. ചുമതലയുള്ള ഒരു ഗൃഹനായികയാണവൾ.

അവളെ കെട്ടുംമുമ്പ് എപ്പോഴും നല്ല വസ്ത്രങ്ങൾ തന്നെ ധരിച്ചിരുന്നു. അന്ന് ഒരു ചുമതലകളുമില്ലായി

രുന്നു. അപ്പനും അമ്മയും പാടുപെട്ട് തീററിപ്പോററിക്കൊള്ളുമായിരുന്നു.

അവളുടെ കല്യാണം കഴിഞ്ഞിട്ട് ഒരു കൊല്ലം തികഞ്ഞില്ല. അന്തോനി അവളെ കെട്ടിയതു നാലുകാശുപോലും സ്ത്രീധനം വാങ്ങിക്കൊണ്ടായിരുന്നില്ല. റോസിക്കുട്ടിയുടെ അപ്പൻ ഒരു ഗതിയുമില്ലാത്തവനാണ്. പെണ്ണിനെമാത്രമേ അന്തോനി നോക്കിയുള്ളു. പെണ്ണുമിടുക്കിയാണ്. നാലാളുകൾ കണ്ടാൽ കുററം പറയില്ല. കൂട്ടത്തിൽ കൊണ്ടുനടന്നാൽ ആരും ഒരാക്ഷേപം പുറപ്പെടുവിക്കയില്ല. പള്ളിയിൽവച്ചുതന്നെയാണ് വിളിച്ചുചൊല്ലലും കല്യാണവുമൊക്കെ നടന്നതു്. അല്ലാതെ രാത്രിയിൽ ആരും കാണാതെ കൈയ്ക്കുപിടിച്ചിറക്കിക്കൊണ്ടുപോന്നതല്ല.

അന്തോനി അത്ര സുന്ദരനൊന്നുമല്ല. എങ്കിലും അയാൾ സ്നേഹധനനായ ഒരു ഭർത്താവാണ്. അക്കാര്യം റോസിക്കുട്ടിയ്ക്കു ശരിയ്ക്കുമറിയാം. അവളെ അയാൾക്കു ജീവനാണ്. അവളും അതുപോലെത്രകമഴിഞ്ഞു സ്നേഹിക്കുന്നുണ്ട്. അയാൾ ചിരിക്കുമ്പോൾ അവളും ചിരിക്കും. അയാൾക്കു ദുഃഖം വരുമ്പോൾ അവളും കരയും. സുഖത്തിലും ദുഃഖത്തിലും അവർ തുല്യപങ്കാളികളാണ്. ക്ലേശങ്ങളുടെ നടുവിലൂടെയാണു ജിവിതം നീങ്ങിക്കൊണ്ടിരിക്കുന്നതു്. എങ്കിലും അവളുടെ മുഖം ഒരിക്കലെങ്കിലും അപ്രസന്നമാവുകയില്ല. എപ്പോഴും ചിരിച്ചുകൊണ്ടു ജീവിക്കുവാൻ അവൾ ഇഷ്ടപ്പെട്ടു. ചിരിക്കുമ്പോൾ അവൾ കൂടുതൽ സുന്ദരിയാവുകയും ചെയ്യും.

റോസിക്കുട്ടി റോഡിൽനിന്ന് ഇടവഴിയിലേക്കിറ

ങ്ങിയപ്പോൾ നേരം മയങ്ങി. പകലിന്റെ അവസാനത്തെ പ്രകാശരേഖയും മാഞ്ഞിരുന്നു. അവൾ നടപ്പിനു വേഗതകൂട്ടി.

വഴിവക്കിലെ കുടിലുകളിൽനിന്നും പുക പൊങ്ങുന്നുണ്ട്. അങ്ങിങ്ങ് മണ്ണെണ്ണച്ചിമ്മിനിയുടെ വെളിച്ചം കാണാം. കുട്ടികളുടെ കരച്ചിലും, അമ്മമാരുടെ ശകാരങ്ങളും. പട്ടികളുടെ മോങ്ങലും ഒക്കെക്കൂടി വല്ലാത്തശബ്ദങ്ങളുടെ ലോകം.

അവൾ അതൊന്നും കേൾക്കുന്നില്ല. ചിന്ത മുഴുവൻ വീടിനെ വട്ടമിട്ടു പറക്കുകയാണ്. അകലെ വീടിന്റെ നിഴൽ കണ്ടപ്പോൾ മാത്രമേ ലേശം സമാധാനമുണ്ടായുള്ളു.

ഇടവഴിയിൽനിന്നും നേരെ ഇറങ്ങുന്നതു പാടത്തേയ്ക്കാണ്. നീണ്ടുപരന്നുകിടക്കുന്ന വയലുകളുടെ നടുക്ക് ഒരു തുരുത്തുപോലെ പൊങ്ങിക്കാണുന്ന പുരയിടത്തിലാണ് വീട്. രണ്ടു കൊച്ചുമുറികളും ഒരു ചെറിയ തിണ്ണയും അടുക്കളയും. അടുക്കള ഒരു ഓലച്ചാർത്താണ്. രണ്ടുപേർക്കു താമസിക്കാൻ ആ വീട് ധാരാളം മതി. ചെറുതെങ്കിലും വൃത്തിയും വെടിപ്പുമുണ്ട്.

റോസിക്കുട്ടി വേഗം വീട്ടിനകത്തു കയറി. സാമാനങ്ങൾ നിറഞ്ഞ വട്ടി ഒരിടത്തുവച്ചിട്ട്; അടുക്കളയിൽനിന്നു തകരവിളക്കു തപ്പിയെടുത്തു കത്തിച്ചു. അതിന്റെ ചുകന്ന നാളം പതുക്കെ പുകയാൻ തുടങ്ങി. മുറിയിലെ ഇരുട്ടു നീങ്ങി. നനുത്തവെളിച്ചം പരന്നു.

തെക്കേമുറിയുടെ വാതുക്കൽ യേശുക്രിസ്തുവിന്റെ

ഒരു പടം അലങ്കരിച്ചുവച്ചിട്ടുണ്ട്. എന്നും സന്ധ്യാസമയത്തു് ഒരു മെഴുകുതിരി അതിന്റെ മുമ്പിൽ കത്തിച്ചുവയ്ക്കും. അക്കാര്യത്തിൽ അവൾക്കു വലിയ ശ്രദ്ധയാണ്. സ്നേഹത്തിന്റെ ആ അനശ്വരപ്രതീകത്തിനു മുമ്പിൽ, അവളുടെ ഏററവും നല്ല ഹൃദയംപോലെ ആ മെഴുകുതിരി മെല്ലെ മെല്ലെ എരിഞ്ഞുകൊണ്ടിരിക്കും

റോസിക്കുട്ടി മെഴുകുതിരി കൊളുത്തിവച്ചു. അവളുടെ സുന്ദരമായ മുഖം ഒന്നുകൂടി മനോഹരമായി. അങ്ങനെ സൌന്ദര്യത്തിന്റെ സൌന്ദര്യംപോലെ നില്ക്കുന്ന അവളുടെ മുഖത്തു് വ്യാഖ്യാനദുർഗ്രഹമായ ഒരു ശോകച്ഛായ നിഴലിച്ചിരുന്നു. കുരിശു വരച്ചിട്ട്, പെട്ടെന്ന് അവൾ അടുക്കളയിലേക്കു പോയി.

പിന്നെയും അന്തോനിയുടെ ഓർമ്മയാണ്. കന്നിട്ടയിൽനിന്നു താമസിക്കാതെ വരും. വളരെക്ഷീണിച്ചായിരിക്കും വരുന്നതു്. വന്നാലുടനെ എന്തെങ്കിലും കൊടുക്കണം. അവളല്ലാതെ അയാൾക്കാരുണ്ട്; ആരുമില്ല. എന്നാലെന്താ. സ്നേഹധനനായ ആ നല്ല മനുഷ്യനെ തനിക്കു കിട്ടിയതു് എന്തൊരു ഭാഗ്യമാണ്.

വരുന്നുണ്ടോ എന്നു നോക്കി. കാണുന്നില്ല. ചുററുപാടും പതുക്കെ പതുക്കെ ഇരുളുകയാണ്. വയൽപ്പരപ്പുകൾ അതിഗഹനമായ നിശബ്ദതയിൽ ലയിച്ചുകിടക്കുന്നു. എങ്ങും ഒരനക്കവുമില്ല. അങ്ങകലെ വയലിനക്കരെയുള്ള മരക്കൂട്ടങ്ങൾ ഇരുളിന്റെ പുതപ്പണിഞ്ഞു കഴിഞ്ഞു. അതിനിടയിൽ അങ്ങിങ്ങായി ചില പ്രകാശബിന്ദുക്കൾ. പുലക്കുടിലുകളിലെ ചിമ്മിനികളുടെ വെളിച്ചമായിരിക്കണം.

അവൾ നിരാശയോടെ മിഴികൾ പിൻവലിച്ചു.

ഏതായാലും വരാൻ താമസിക്കയില്ല. അവൾ ഒററയ്ക്കേയുള്ളു. ഒരന്തിക്കൂട്ടിനുപോലും ആളില്ല. അക്കാര്യം ഓർമ്മ കാണാതിരിക്കുമോ?

അടുപ്പിൽ തീ പിടിപ്പിച്ചു. അരി കഴുകി അടുപ്പത്തിട്ടു. എന്നിട്ട് കപ്പയെടുത്തു തൊലിപൊളിക്കാൻ തുടങ്ങി. അപ്പോളാണ് പുറത്തൊരു കാല്പെരുമാററം.

ഓ. വന്നല്ലോ. റോസിക്കുട്ടിയുടെ മുഖത്ത് ഒരു സന്തോഷഭാവം കളിയാടി. പുറത്തേക്കു തല നീട്ടിക്കൊണ്ട് അവൾ ചോദിച്ചു. "ആരാ അതു്?"

ഉത്തരമില്ല. എങ്ങും ഘനീഭവിച്ച നിശ്ശബ്ദതമാത്രം.

പിന്നെ വിളിച്ചില്ല. വല്ല പട്ടിയോ മററൊ പോയതായിരിക്കുമെന്നു കരുതി.

വീണ്ടും മുററത്തു ശബ്ദം കേൾക്കുന്നു. ആരോ നടക്കുന്നതുപോലെ. പുള്ളിക്കാരൻ തന്നെയായിരിക്കാം. വിളിച്ചിട്ടു മനഃപൂർവ്വം മിണ്ടാത്തതാ. റോസിക്കുട്ടി വീണ്ടും ചോദ്യം ആവർത്തിച്ചു. "ആരാ അതു്?"

അതിനും മറുപടി ഉണ്ടായില്ല. അകലെ വയലിനക്കരെ ഒരു പട്ടി മോങ്ങി. പിന്നെയും ആ നിശ്ചലത.

അവൾക്കു സംശയമായി. കപ്പപൊളിച്ചുകൊണ്ടിരുന്ന വാക്കത്തിയും കയ്യിൽ പിടിച്ചുകൊണ്ടു പതുക്കെ പുറത്തേക്കിറങ്ങി. മുററം ശരിക്കു കണ്ടുകൂടാ. എങ്ങും നിഴലുകളാണ്. അനക്കമില്ലാത്ത കരിനിഴലുകൾ. മുററത്തിൻെറ ഇറമ്പിൽ നില്ക്കുന്ന വാഴയുടെ ഇലകൾ സാവ

ധാനം അനങ്ങുന്നു. അതിനപ്പുറം ഒരു വെളുത്ത നിഴൽ. ആരോ അവിടെ നില്പുണ്ട്.

ഓ വെറും തോന്നലാണ്. അവിടെ ആരു വന്നു നില്ക്കാനാണ്. വെറും തോന്നൽ.

എങ്കിലും സൂക്ഷിച്ചുനോക്കി. ആ നിഴലും അനങ്ങുണ്ട്. അപ്പോൾ ലേശം ഭയംതോന്നി. ആരാണെങ്കിലും അങ്ങനെ ഒളിച്ചും പാത്തും നില്ക്കുന്നതെന്തിന്? നേരെ യങ്ങു വെളിച്ചത്തേയ്ക്കു വന്നാലെന്താ? വല്ലതും കക്കാനായിരിക്കും പതുങ്ങി നില്ക്കുന്നത്. ഒരു വാഴക്കുല മൂത്തു കിടപ്പുണ്ട്. അതിനു കണ്ണുവച്ചിട്ടുണ്ടായിരിക്കും. ഏതായാലും വാക്കത്തി കയ്യിലുണ്ടല്ലോ. പേടിക്കാനില്ല.

അവൾ വാക്കത്തി മുറുകെ പിടിച്ചു. പക്ഷേ നാവിനൊരു തളർച്ച്. ഒററയ്ക്കല്ലേയുള്ളു. ഒന്നു നിലവിളിച്ചാൽ പോലും ആരും കേൾക്കുകയില്ല. എങ്കിലും ഉള്ള ധൈര്യം മുഴുവൻ സംഭരിച്ചുകൊണ്ട് ഒട്ടൊരു പരുപരുത്ത സ്വരത്തിൽ അവൾ ചോദിച്ചു.

"ആരാ അവിടെ നിയ്ക്കുന്നതു്?"

"ഞാനാ" വളരെ അമർത്തിയ സ്വരത്തിലാണു മറുപടി. ആ ശബ്ദം ഒരു പുരുഷന്റേതായിരുന്നു.

"എന്നു വച്ചാലാരാ?" വീണ്ടും അവൾ.

"ഞാനാ."

"ആരാണെന്നു പറയാൻമേലേ?"

"ഫ്രാൻസിസ്."

അവൾ അറിയാതൊന്നു ഞെട്ടിപ്പോയി. ഫ്രാൻ

സിസ്! അല്പനേരത്തേക്ക് ഒന്നും സംസാരിക്കുവാൻ അവൾക്കു സാധിച്ചില്ല. ഒരു വല്ലാത്ത നിസ്സഹായതയിൽ പെട്ടതുപോലെ ഒടുവിൽ ഇങ്ങനെ ചോദിച്ചു.

"എന്താ വന്നേ?"

"ഓ. വെറുതേ."

ഫ്രാൻസിസ് അവളുടെ അടുത്തേയ്ക്കു വന്നു. അവൾ കുറച്ചൊന്നൊതുങ്ങിനിന്നു. കയ്യിലിരുന്ന വാക്കത്തി തിണ്ണയിലേക്കിട്ടു. ചിമ്മിനിയുടെ വെളിച്ചത്തിൽ ഫ്രാൻസിസിൻെറ മുഖം അവൾ കണ്ടു.

ഷേവുചെയ്തു മിനുസപ്പെടുത്തി പൗഡർ പൂശിയ മുഖം. ഈർക്കിൽപോലുള്ള മീശ. മേൽപ്പോട്ടു ചീകിയൊതുക്കിയ മുടി. ആകപ്പാടെ ഒരു നാടകക്കാരൻെറ മട്ടുണ്ട്. ചുണ്ടത്തൊരു വിളറിയ ചിരിയുമായി നില്ക്കുന്ന ഫ്രാൻസിസിനെ അവൾ സൂക്ഷിച്ചുനോക്കി.

ആ നില്പിൻെറയും ചിരിയുടെയുമൊക്കെ അൎത്ഥമെന്തായിരിക്കും? അന്തിമയങ്ങിയ സമയം വീട്ടിൽ കെട്ടിയവനില്ലാത്ത തക്കംനോക്കി എത്തിയതായിരിക്കണം. ആ കണ്ണുകളുടെ ഉള്ളിൽ കാമത്തിൻെറ തിളക്കമാണു പ്രതിഫലിക്കുന്നതു്. ആ ചിരിയുടെ പിന്നിൽ മാംസദാഹമാണു് ഒളിഞ്ഞിരിക്കുന്നതു്.

അവളോൎത്തു.

ഫ്രാൻസിസ് അവരുടെ മുതലാളനാണു്. അയാളുടെ പറമ്പിലാണു് താനും കെട്ടിയവനും കഴിയുന്നതു്. ആ പരന്നു കിടക്കുന്ന വയലുകളുടെയും തെങ്ങിൻതോപ്പുകളുടെയും ഉടമസ്ഥനാണയാൾ. നാട്ടിൽ വേണ്ടപ്പെട്ട

വനാണ്. അയാളുടെ നേരെ നിവൻന്നിന്ന് ആരും ഒര ക്ഷരം ശബ്ദിക്കുകയില്ല. അങ്ങനെയെല്ലാമുള്ള ഫ്രാൻ സിസാണ് തൻെറ വീട്ടുമുററത്തു നില്ക്കുന്നതു്. അവൾ പരിഭ്രമിച്ചു. അവൾക്കു നാണം തോന്നി.

നിമിഷങ്ങൾ ഇഴഞ്ഞുപോയി.

കട്ടിവയറിയ നിശ്ശബ്ദത ചുററും നിറഞ്ഞുനില്ക്കുന്നു. റോസിക്കുട്ടി ചിന്തിച്ചു. ഈ ലോകത്തിൻെറ അനക്കം നിലച്ചുപോയോ? ഒരൊററ ഇലപോലും അനങ്ങുന്നില്ല. അവളുടെ നെഞ്ചിൻെറ ഇടിപ്പ് ഒരു എഞ്ചിൻെറ ശബ്ദം പോലെ ചെവികളിൽ മാറെറാലികൊണ്ടു.

വളരെ പ്രയാസപ്പെട്ടു് വീണ്ടും ചോദിച്ചു.

"എന്തിനാ വന്നത്?"

"വെറുതെ"

റോസിക്കുട്ടിക്കു തോന്നി. വെറുതെയാണെങ്കിൽ വീട്ടിലിരുന്നാൽ പോരായിരുന്നോ. അസമയത്തു് അന്യ വീടുകളുടെ മുററത്തും വേലിയരുകിലും വന്നു പതുങ്ങിനില്ക്കുന്നതെന്തിന്? അവൾ അവിടെ ഒററയ്ക്കേയുള്ളു. അക്കാര്യം അയാൾക്കറിയാം. അയാളുടെ കണ്ണിട്ടയിൽ തന്നെയാണ്, കെട്ടിയവൻറ പണി. മിക്കവാറും കുറെ രാത്രിയായിട്ടേ വരികയുള്ളു വെന്നും അറിയാം. അപ്പോൾ പിന്നെ വെറുതേയാണെന്നു പറഞ്ഞതു കളവല്ലേ?

തന്നെ കാണാൻതന്നെയായിരിക്കണം വന്നതു്. അതു ആദ്യമെതന്നെ തുറന്നങ്ങു വെളിപ്പെടുത്താൻ ലേശം വിഷമം കാണും. ആ പതുങ്ങലും ചിരിയും നില്പും നോട്ടവും മൌനവും!

വല്ലാത്തൊരു മാനസിക സംഘട്ടനത്തിന്റെ നടുക്കു കിടന്ന് അവൾ വീർപ്പുമുട്ടുകയായിരുന്നു. ആ നാണം കെട്ട മനുഷ്യൻ മുററത്തങ്ങനെ നില്ക്കുമ്പോൾ അന്തോനി യെങ്ങാനും കയറിവന്നാൽ......കർത്താവേ എന്തു വിചാരിക്കും?

റോസിക്കുട്ടി അടുക്കളയിലേക്കു കയറി. അടുപ്പിനരികിൽ കുത്തിയിരുന്ന് തീ തള്ളിവച്ചു. അപ്പോഴും ഫ്രാൻസിസ് മുററത്തുതന്നെ നില്പുണ്ടായിരുന്നു. അയാളുടെ കണ്ണുകൾ റോസിക്കുട്ടിയുടെ ഉരുണ്ട മുഖത്തിലും, തുടുത്ത അധരങ്ങളിലും തത്തിക്കളിക്കുകയാണ്

അടുപ്പിലെ എരിയുന്ന തീക്കനലുകളുടെ ചുവന്ന വെളിച്ചത്തിൽ അവളുടെ മുഖം കൂടുതൽ ആകർഷകമായിരുന്നു. വിയർപ്പിന്റെ നേരിയ നനവുള്ള നെററിത്തടത്തിൽ മൂന്നു നാലു ചുരുണ്ട മുടികൾ പററിപ്പിടിച്ചിരുന്നു. ഇറുകിയ ചട്ടയ്ക്കുള്ളിൽ ഉരുണ്ട മാറിടം ഉയർന്നുനിന്നിരുന്നു. ഇരുട്ടും വെളിച്ചവും ഇടകലർന്ന ആ മങ്ങിയ അന്തരീക്ഷത്തിൽ ഒരു ഇററാലിയൻ മാർബിൾ പ്രതിമകണക്കെ അവൾ കുത്തിയിരിക്കുകയാണ്.

ഫ്റാൻസിസ് ചോദിച്ചു.

“അന്തോനി വന്നില്ലേ?”

“ഇല്ല” മുഖമുയർത്താതെ അവൾ പറഞ്ഞു.

“എന്നും താമസിച്ചാണോ വരുന്നത്?”

അവൾ മിണ്ടിയില്ല

“എട്ടുമണി കഴിയുമോ?”

“ചില ദിവസം നേരത്തേ വരും.”

"ഇന്നോ?"

"അറിഞ്ഞുകൂടാ"

കുറെ കഴിഞ്ഞു് അവർ ചോദിച്ചു.

"എന്തിനാ തിരക്കിയതു്?"

"ഓ. വെറുതേയാ"

'വെറുതെയാണെങ്കിൽ വീട്ടിലിരിക്കാൻ മേലായിരുന്നോ' എന്നു ചോദിക്കണമെന്നവർക്കു തോന്നി. നാവു പൊക്കുകയും ചെയ്തു. പക്ഷേ ചോദിച്ചില്ല.

അവർ പറഞ്ഞു.

"വന്നു തെരക്കിയെന്നു് ഇവിടെ വരുമ്പം പറഞ്ഞേക്കാം."

ഫ്രാൻസിസ് തിണ്ണയിലേയ്ക്കു കയറി.

കളിയായിട്ടെന്നപോലെ അയാൾ ചോദിച്ചു.

"എന്തോന്നാ അടുപ്പത്തു്?"

അവർക്കു ലജ്ജതോന്നി. നാണംകെട്ടവൻ. എന്തൊക്കെയാണു തിരക്കുന്നതു്. അയാൾക്കിതൊക്കെ അറിഞ്ഞിട്ടെന്തുവേണം. അവർ മന:പൂർവ്വം മറുപടി പറഞ്ഞില്ല.

അയാൾ തുടന്നു ചോദിച്ചു.

"റോസിക്കുട്ടിക്കു സുഖമാണോ?"

അതും അയാൾക്കന്വേഷിക്കേണ്ട ആവശ്യമുള്ളതല്ല. എങ്കിലും അവർ മൂളി.

"എന്താ മുടിയൊക്കെ പറന്നുകിടക്കുന്നതു്?"

"എണ്ണ തേയ്ക്കാഞ്ഞിട്ടാ"

"അതെന്തേ?"

"രണ്ടു ദിവസംമുമ്പു പല്ലുവേദന വന്നു. ഇതുവരെ എണ്ണതേച്ചില്ല."

"തുണീം പട്ടമൊക്കെ മുഷിഞ്ഞിരിക്കുന്നല്ലോ"

"ഓ. അതൊക്കെ അങ്ങനെ കെടക്കും. പാവങ്ങൾക്കു മെനയായി നടക്കാൻ നേരം കിട്ടുകേലാ." അവൾ പറഞ്ഞു.

ഫ്രാൻസിസ് സംസാരം നീട്ടി.

"മുമ്പൊക്കെ റോസിക്കുട്ടിയെ കാണാൻ എന്തു മിടുക്കിയായിരുന്നു. എപ്പഴും നല്ല വേഷത്തിലെ നടക്കത്തൊള്ളു. ഇപ്പഴതെല്ലാം പോയി. ഓ ചുമതലക്കാരിയായിപ്പോയില്ലേ." അയാൾ ഒരു പൊള്ളച്ചിരി ചിരിച്ചു. എന്നിട്ട് റോസിക്കുട്ടിയുടെ മുഖത്തേക്കുനോക്കി.

അവൾക്ക് ഒരു ഭാവഭേദവുമില്ല. മിന്നുങ്ങുന്ന അടുപ്പിലേക്കു വെറുതെ നോക്കിയിരിക്കയാണ്.

"അല്ല ഇപ്പോഴും റോസിക്കുട്ടി മിടുക്കിതന്നെയാ." ഫ്രാൻസിസ് സ്വഗതമെന്നപോലെ പറഞ്ഞു. "നിന്നെ കണ്ടാൽ ആരും കുററം പറയത്തില്ല"

വീണ്ടും ഉറഞ്ഞുകൂടിയ മൂകത. അല്പം കഴിഞ്ഞപ്പോൾ ഫ്രാൻസിസ് വിളിച്ചു.

"റോസിക്കുട്ടീ"

അവൾ മെല്ലെ മുഖമുയർത്തി അയാളെ നോക്കി.

"ഒരു കാര്യം പറയട്ടെ."

അവൾ ജിജ്ഞാസയോടെ ചെവി കൂർപ്പിച്ചിരുന്നു.

"സത്യമാണു ഞാൻ പറയുന്നതു്: നിന്നോടെനിക്കു വളരെ ഇഷ്ടമാണു്."

ഫ്രാൻസിസിൻെറ സംഭാഷണത്തിൻെറ അത്ഥം അവൾക്കുമനസ്സിലായി. അയാൾക്കവളെ ഇഷ്ടമാണത്രെ. പ്രായമായ പെൺപിള്ളേരോട്ട് പൊതുവെ അയാൾക്കിഷ്ടമാണെന്നുള്ളതു പരമാത്ഥമാണ്. മുമ്പൊരിക്കൽ മീൻചുമട്ടുകാരൻ കണ്ടങ്കോരൻെറ മകൾക്കു് അയാൾ ഒരു കട്ട സോപ്പു മേടിച്ചുകൊടുത്ത കാര്യം അവൾ ഓത്തു. കന്നിട്ടയിലെ തേങ്ങാപൊതിക്കാരൻ ദേവസ്സിയുടെ ഇളയ പെണ്ണൾക്കു് സിൽക്കിൻെറ ചട്ട തയ്പിച്ചുകൊടുത്തതും അവൾ മറന്നുപോയിട്ടില്ല. അങ്ങനെ എത്രയെത്ര കഥകളാണു്.

റോസിക്കുട്ടി വിചാരിച്ചു.

തന്നെയും ചൂണ്ടയിട്ടു പിടിക്കാൻ എത്തിയിരിക്കുകയാണു് മൂപ്പർ. പക്ഷെ ജീവനുള്ളപ്പോൾ അതു നടപ്പില്ലെന്നുള്ള കാര്യം കണിശമാണു്. ഹോ! അയാളുടെ ഒരിഷ്ടം! നാണവും മാനവും കെട്ടുനടക്കുന്നു. മൃഗത്തിനെപോലെ. കാക്കിച്ചൊതുതുപ്പുകൊടുക്കാൻതോന്നി അവൾക്കു്

അയാൾ തൻെറ നേരെ കണ്ണുവയ്ക്കുവാൻ തുടങ്ങിയിട്ടു് നാളുകൾ വളരെയായിരിക്കുന്നു. ഇന്നോ, ഇന്നലെയോ തുടങ്ങിയതല്ല. കല്യാണം കഴിഞ്ഞ അവസരം മുതലേ ആരംഭിച്ചതാണു്. എവിടെ വച്ചുകണ്ടാലും ഒരു മാതിരി നോട്ടവും ചിരിയും. അക്കാര്യം അന്തോനിയോടു പറയണമെന്നവൾ ഒന്നുരണ്ടു തവണ കരുതുകയുംചെയ്തു. പക്ഷെ പറഞ്ഞില്ല. പറഞ്ഞാൽ

വല്ലതും വിചാരിച്ചെങ്കിലോ?

ഫ്രാൻസിസ് വീണ്ടും ആരംഭിച്ചു:

"റോസിക്കുട്ടിയെ കാണുമ്പോളൊക്കെ എനിക്കു സങ്കടം തോന്നും. നീ ഒരു പാവപ്പെട്ടവളായി ജനിച്ചല്ലോ എന്നോർത്ത്."

അതു കേൾക്കാത്തതുപോലെ അവൾ പറഞ്ഞു.

"നേരം ഇരുട്ടുകയാ."

"എന്റെ കൈയ്യിൽ ടോർച്ചുണ്ട്."

"ഇവിടെ ഞാനൊറ്റയ്ക്കേയുള്ളു"

"അതിനെന്താ ഞാനുണ്ടല്ലോ കൂട്ടിന്."

"അതല്ല പറഞ്ഞത്. വല്ല മനുഷ്യരും കണ്ടാൽ."

"കണ്ടാലെന്താ?"

"ചീത്ത പറയും."

"റോസിക്കുട്ടിയ്ക്കെന്താ ഇത്ര പേടി?"

"എനിക്കു പേടിയാ."

"കാര്യം?"

"ഇപ്പം വരും."

"ആര്. അന്തോനിയോ?"

അവൾ മൂളി.

ഫ്രാൻസിസ് പറഞ്ഞു:

"ഇന്നു താമസിച്ചേ വരത്തുള്ളു."

"ഇല്ല വരാൻ നേരമായി."

"ഞാൻ ഒരിടംവരെ പറഞ്ഞയച്ചിരിക്കയാ."

അവൾക്കു കാര്യം മനസ്സിലായി. ഫ്രാൻസിസി

നോട്ട് അവൾക്കു കഠിനമായ വെറുപ്പ് തോന്നി. കലശലായ ദേഷ്യവും. ഉയർന്നുവരുന്ന കോപം പണിപ്പെട്ട് ഉള്ളിലൊതുക്കിക്കൊണ്ട് അവൾ പറഞ്ഞു.

"നേരം രാത്രിയാകുന്നു. വീട്ടുകാരനില്ലാത്തപ്പോഴി ങ്ങനെയിരുന്നു താമസിക്കുന്നതു ശരിയല്ല."

ഫ്രാൻസിസിൻെറ ചുണ്ടിൽ ആ വിളറിയ ചിരി പിന്നെയും ഊറിവന്നു. നിമിഷനേരം എന്തോ ആലോചിക്കുന്നതുപോലെ ഇരുന്നിട്ട് അയാൾ ആവശ്യപ്പെട്ടു:

"ഇത്തിരി തീയിങ്ങു തരാമോ. ഒരു ബീഡി കത്തിക്കാനാ"

"ആ മണ്ണെണ്ണവിളക്കേന്നു കത്തിച്ചു്"

അയാൾ ബീഡിയെടുത്തു മണ്ണെണ്ണവിളക്കിന്റെനേക്കുനീട്ടി. എങ്ങിനെയോ വിളക്കു മറിഞ്ഞുവീണു കെട്ടു. അതു മനഃപൂർവ്വം മറിച്ചിട്ടതാണെന്നു റോസിക്കുട്ടി സംശയിച്ചില്ല.

അപ്പോൾ മറിഞ്ഞുവീണ വിളക്കു നിവർത്തുവച്ചിട്ട് ഫ്രാൻസിസ് പറയുകയാണു്:

"ശ്ശേ വിളക്കു കെട്ടുപോയി. ഒരു തീക്കൊള്ളിയിങ്ങു നോക്കട്ടെ"

അവൾ ഒരു തീക്കൊള്ളിയുംകൊണ്ടു തിണ്ണയിലേക്കു വന്നു. തെക്കേമുറിയുടെ വാതുക്കൽ യേശുമിശിഹായുടെ തിരുഹൃദയത്തിനുമുമ്പിൽ ആ മെഴുകുതിരി അപ്പോഴും എരിയുന്നുണ്ട്. തിണ്ണയിൽ അതിൻെറ വെളിച്ചം മാത്രമേയുള്ളു.

തീക്കൊള്ളി ഫ്രാൻസിസിൻെറ നേക്ക് നീട്ടി, അവഠം മുഖം കുനിച്ചപാടെ നിന്നു.

അയാഠം ആ തീക്കൊള്ളി വാങ്ങി മുററത്തെയ്ക്കെറിഞ്ഞിട്ട് അവളുടെ ലോലമായ കൈത്തണ്ടിൽ കടന്നുപിടിച്ചു.

അതു തീരെ പ്രതീക്ഷിച്ചിരുന്നില്ല. മുക്കുവൻെറ വലയിൽ കുരുങ്ങിയ മീനിനെപ്പോലെ അവളുടെ ഉള്ളു പിടച്ചു. ആ അരണ്ട വെളിച്ചത്തിൽ ഫ്റാൻസിസിൻെറ ചുവന്നു കണ്ണുകഠം അവഠം കണ്ടു.

പിശാചിൻെറ കണ്ണുകഠം!

കരയണമെന്നു തോന്നി. പക്ഷേ കരഞ്ഞില്ല. കരഞ്ഞിട്ടാരു കേഠക്കാനാണ്? പൊട്ടിത്തെറിക്കാൻ തുടങ്ങുന്ന ഒരഗ്നിപവ്വ്വതംപോലെ അവളുടെ അന്തരംഗം ഉരുകി. അന്നോളം അനുഭവപ്പെട്ടിട്ടില്ലാത്ത ഒരു പുതിയ ശക്തിവൈശിഷ്ട്യം കൈവന്നതുപോലെ അവഠം അലറി.

"ഹെടോ! ഹെൻെറ കയ്യേന്നുവിട്"

അയാഠം അതു ക്രൂട്ടാക്കിയില്ല.

ഹെയറോയിലിൻെറയും പൗഡറിൻെറയും രൂക്ഷമായ ഗന്ധം റോസിക്കുട്ടിയുടെ മൂക്കിലേയ്ക്കു തുളച്ചുകയറി. ഫ്രാൻസിസിൻെറ മുഖം തൻെറ മുഖത്തേയ്ക്കടുക്കുകയാണ്.

"കത്താവിനാണെ ഹെന്നെ വഷല്ലാം ചെയ്താൽ തന്നെ ഞാൻ കൊല്ലും."

ഒരൊററനിമിഷം കഴിഞ്ഞില്ല.

"ഠേ" ഒരടിയുടെ ശബ്ദം.

ഫ്റാൻസിസ് അവളുടെ കയ്യിലെ പിടിവിട്ടിട്ട് തിരിഞ്ഞുനോക്കിയപ്പോഠം, റോസിക്കുട്ടിയുടെ കെട്ടിയവ

ന്നുണ്ടവിടെ വിറച്ചുകൊണ്ടു നില്ക്കുന്നു!

"ഠ" വീണ്ടും ഒരടികൂടി ഫ്റാൻസിസിൻെറ കരണത്തു് സമർപ്പിച്ചിട്ടു് അന്തോനി ഗർജ്ജിച്ചു.

"ഇതിനാരുനോടാ നായേ നീയെന്നെ പറഞ്ഞയച്ചതു്?.

ഫ്റാൻസിസ് തലകുനിച്ചു നിന്നു.

അയാളുടെ വായിൽനിന്നു് രക്തം ഒലിച്ചു ഷട്ടിൽ വീണു.

"എന്തിനെടാ. നീയെല്ലാം മാന്യനായിട്ടു നടക്കണതു്.. പോക്രീ നിൻെറ പറമ്പിൽ കെടക്കുന്നോന്നുവച്ചു് എൻെറ കെട്ടിയവളെക്കൂടി നിനക്കു വേണോടാ..." അന്തോനി വായിൽ തോന്നിയ ചീത്തയൊക്കെ വിളിച്ചു.

ഫ്റാൻസിസ് ഒരക്ഷരം ശബ്ദിച്ചില്ല. അയാറം സാവധാനം മുററത്തേക്കിറങ്ങി ഇരുളിൽ മറഞ്ഞു.

അപ്പോറം അന്തോനി പറഞ്ഞു.

"നീകൊണ്ടു കേസുകൊടുക്കു്. ഞാൻ കണ്ടോളാം" അതൊരു താക്കീതായിരുന്നു.

അന്തോനി റോസിക്കുട്ടിയുടെ മുഖത്തേക്കു നോക്കി. അവളുടെ മുഖം മ്ലാനമായിരുന്നു.

"ഞാൻ കണ്ടോണ്ടു നില്ക്കുകയായിരുന്നു".

അന്തോനി ചിരിച്ചു.

"ശ്ശേ. നാണക്കേട്." അവളും ചിരിച്ചു.

റോസിക്കുട്ടി വീണ്ടും മണ്ണെണ്ണവിളക്കു കൊളുത്തി. എന്നിട്ട് അടുക്കളയിലേക്കു പോയി.

അന്തോനി തിണ്ണയിൽ കിഴക്കോട്ടുനോക്കിയിരുന്നുകൊണ്ടു് ആലോചിച്ചു:

"അവൻ കേസുകൊടുക്കും. കൊടുക്കട്ടെ. പോ

ലീസുകാർ വരും. പിടിച്ചുകൊണ്ടുപോയി ലോക്കപ്പിലിട്ടിടിക്കും. ഇടിച്ചിടിച്ച് ചമ്മന്തിയാക്കും. എന്നാലും മാനംകെട്ട ജീവിക്കുന്നതിലും ഭേദമല്ല. അപ്പോൾ റോസിക്കുട്ടിയുടെ കാര്യം? സാരമില്ല. അവളുടെ വീട്ടിൽ പോയ്ക്കോളും. ഓ സൗന്ദര്യം അപകടംപിടിച്ചതാണ്. പാവപ്പെട്ടവൾക്ക് സൗന്ദര്യം ഒരു ആപത്താണ്........"

അങ്ങനെയങ്ങനെ വളരെനേരം ചിന്തിച്ചു അത്താഴംകഴിഞ്ഞ് ഉറങ്ങാൻ കിടന്നപ്പോഴും അയാൾ ചിന്തിച്ചുകൊണ്ടിരുന്നു.

മിക്കവാറും ഉറങ്ങാതെതന്നെ നേരം വെളുപ്പിച്ചു. പതിവുപോലെ പണിക്കുപോയി. അന്ന് വിശേഷിച്ച് യാതൊരു സംഭവങ്ങളുമുണ്ടായില്ല.

പിറേറന്നും ഒന്നും സംഭവിച്ചില്ല.

അതിൻെറ പിറേറന്ന് അന്തോനി കന്നിട്ടയിൽ വച്ച് ദേവസ്സിയോടു ചോദിച്ചു. ആരും കേൾക്കാതെ ചെവിയിലാണ്.

"ഏയ് മാനേജരുസാറെന്താ രണ്ടു ദിവസമായിട്ട് കന്നിട്ടയിൽ വരാത്തത്?"

ദേവസ്സി പറഞ്ഞു:

"അങ്ങേക്ക് സുഖമില്ലാതെ കിടപ്പിലാ"

"എന്തു പററി?" ഒന്നും അറിയാത്തമട്ടിൽ അന്തോനി.

"പല്ലുവേദനയാണെന്നു പറയുന്നകേട്ടു. അണയിലെ പല്ലുപറിപ്പിച്ചിട്ട് കരണത്തുമുഴുവൻ നീരാ.?"

അതു കേട്ടപ്പോൾ അന്തോനിക്കു ചിരിക്കണമെന്നു തോന്നി. പക്ഷേ ചിരിച്ചില്ല.

# വേദനയുടെ നിഴൽ

പാടവും പുഴയും കുന്നുകളും കെട്ടുപിണഞ്ഞു കിടക്കുന്ന പ്രകൃതി. അഴകും വിശുദ്ധിയും തുളുമ്പിനില്ക്കുന്ന പരിസരങ്ങൾ. ആകപ്പാടെ ആ നാട്ടുംപുറം എനിക്കു വളരെ ഇഷ്ടപ്പെട്ടു.

മീനമാസക്കാലമായിരുന്നു. പകലൊക്കെ അത്യുഗ്രമായ ചൂട്. എങ്കിലും അവിടെയൊരു കുളിർമ്മ അനുഭവപ്പെട്ടു. ഞാൻ ആ നാട്ടുകാർക്ക് അപരിചിതനാണ്. എന്നെപ്പോലെ അപരിചിതരായ അനേകം മറുനാട്ടുകാർ വേനൽക്കാലത്ത് ആ നാട്ടിൽ എത്താറുണ്ട്. ആ പുഴയിലെ കുളിർമ്മയുള്ള വെള്ളത്തിൽ കുളിക്കുന്നത് അത്രമേൽ ആരോഗ്യകരമാണ്. ചുരുങ്ങിയതു ഒരുമാസമെങ്കിലും അവിടെ താമസിക്കണമെന്നു ഞാൻ തീർച്ചപ്പെടുത്തിയിരുന്നു. പതിനഞ്ചുറുപ്പിക വാടകയ്ക്കു് സാമാന്യം സൌകര്യമുള്ള ഒരു മുറി കിട്ടി. പുഴയ്ക്കഭിമുഖമായിട്ടാണ്. കാററും വെളിച്ചവും ഭംഗിയായി കിട്ടും. മുറിയുടെ നേരെ മുൻവശം വീതികുറഞ്ഞ ഒരു നിരത്ത്. അതിനുതാഴെ പരന്നുകിടക്കുന്ന മണൽപ്പുറത്തിനപ്പുറത്തു ശാന്തമായിട്ടൊഴുകുന്ന പുഴ.

എൻെറ മുറിയോടു തൊട്ട് ഓടുമേഞ്ഞ ഒരു വലിയ വീട്. ആദ്യം കണ്ടപ്പോൾതന്നെ അതൊരു പണക്കാരൻെറതായിരിക്കുമെന്നു കരുതി. ഒരു ഘനഭാവം അതുൾക്കൊള്ളുന്നുണ്ട്. അവിടെ താമസിക്കുന്നതാരായിരിക്കാം?

എനിക്കതറിയുവാൻ ആഗ്രഹം തോന്നി. അയലത്തു ഞാൻ താമസമാക്കിയിട്ടുണ്ടെന്നവരറിഞ്ഞിരിക്കുമോ? അല്ലെങ്കിൽ അന്യനാട്ടുകാരനായ എന്നെപ്പററി അവക്കറിഞ്ഞിട്ടെന്താവശ്യം?

വളരെ വെളുപ്പിനെ ഞാൻ പുഴയിൽ പോയി കുളിക്കും. സിരകളെപ്പോലും കിടുകിടുപ്പിക്കുന്ന തണുപ്പായിരിക്കും. എങ്കിലും കളിച്ചുകഴിയുമ്പോൾ നല്ല ഉന്മേഷം തോന്നും. പുഴയുടെ തെക്കേക്കരയിൽ പട്ടണമാണു്. കാപ്പി കുടിക്കുവാനും ഊണുകഴിക്കുവാനും പട്ടണത്തിൽ പോകാതെ തരമില്ല. ബാക്കിസമയങ്ങളിൽ ഏകാന്തമായ ആ മുറിക്കുള്ളിൽ എന്തെങ്കിലും പുസ്തകം വായിച്ചുകൊണ്ട് ഒരു മൂകജീവിയെപ്പോലെ കഴിച്ചു കൂട്ടും. ആ മുറിയുടെ പുറത്ത് ഒരു ലോകമുണ്ടെന്നുപോലും ഞാൻ ചിലപ്പോൾ ചിന്തിക്കാറില്ല.

രണ്ടുദിവസം കഴിഞ്ഞു.

ആ ഏകാന്തതയിൽ എനിക്കു വിരസത തോന്നിത്തുടങ്ങി. ആരോടും ഒന്നും സംസാരിക്കാതെ അങ്ങനെ എത്രദിവസം കഴിക്കുവാൻ സാധിക്കും.

പ്രകാശം നിറപറവച്ചു നില്ക്കുന്ന ഒരു പുലർകാലം. അകലെയുള്ള എൻെറ നാട്ടിനേയും വീട്ടിനേയും കുറിച്ചുള്ള വിഷാദകലുഷമായ ഓർമ്മകളുമായി ഞാൻ ജനാലയ്ക്കരികിൽ നില്ക്കുകയാണു്. പുഴയിൽ കുളിക്കുന്ന ആളുകളുടെ വ്യക്തമല്ലാത്ത രൂപം നേരിയ മഞ്ഞിനിടയിലൂടെ കാണാം. ആണും പെണ്ണും ഇടകലന്നു മണപ്പുറം ആകർഷകമായിരുന്നു.

കുളികഴിഞ്ഞു് ഈറനുടുത്തുകൊണ്ടു് ഒരു സ്ത്രീ എൻെറ മുറിയുടെ മുമ്പിലൂടെ കടന്നുപോയി. അയലത്തെ വലിയ വീട്ടിലേക്കു കയറുന്നതു കണ്ടു. അവിടത്തെ ഗൃഹനായികയായാവാം. ഞാൻ അങ്ങനെ പ്രത്യേക ഉദ്ദേശങ്ങളൊന്നുമില്ലാത്തതുപോലെ നോക്കിനിന്നു.

ആ സ്ത്രീ ഈറൻമാറി ഒരു മുണ്ടും ബോഡീസുംമാത്രം ധരിച്ചുകൊണ്ടു് എനിക്കെതിരെയായി ഒരു മുറിക്കുള്ളിൽനിന്നു മുടിചീകുകയാണു്. ജാലകത്തിൻെറ നീലയവനികയ്ക്കു മുകളിലായി അവരുടെ തടിച്ചുകൊഴുത്ത ശരീരം ഞാൻ കണ്ടു. അത്ര സുന്ദരിയാണെന്നു പറഞ്ഞുകൂടാ. എങ്കിലും ആ കൺകോണുകളിൽ സ്ഫുരിക്കുന്ന പുഛഭാവം എനിക്കു തീരെ ഇഷ്ടമായില്ല. ഞാൻ അങ്ങിനെ നോക്കിനില്ക്കുന്നതു് അവർക്കിഷ്ടമായില്ലെങ്കിലോ? മുഖംതിരിക്കുവാൻ ഭാവിച്ചപ്പോഴേയ്ക്കും അവരെന്നെനോക്കി. ഒന്നു വെളുക്കെ ചിരിച്ചു. എൻെറയും ഉള്ളിലൊരു പുഞ്ചിരി പതഞ്ഞുപൊങ്ങി. പക്ഷേ പുറത്തുകാണിച്ചില്ല.

അന്നു വൈകുന്നേരം ഏതോ ഒരു പുസ്തകവും നിവർത്തിപിടിച്ചുകൊണ്ടു് ഞാൻ ചിന്തയുടെ അഗാധതയിൽ ഉഴുളിയിടുകയായിരുന്നു.

"മാഷേ......"പരുപരുത്ത ഒരു ശബ്ദം.

ഒരു പള്ളിക്കൂടം വാദ്ധ്യാരാകാനുള്ള ഭാഗ്യദോഷം എനിക്കുണ്ടായിട്ടില്ല. എങ്കിലും വാതുക്കൽനിന്നു് അപരിചിതമായ ആ ശബ്ദം വീണ്ടും ഉയൎന്നു. "മാഷേ......"

ഞാൻ തിരിഞ്ഞുനോക്കി. തുറന്നുകിടന്ന ജനാലയ്ക്കരികിൽ നാല്പതിനോടടുത്ത പ്രായമുള്ള ആ മനുഷ്യൻ

ഒരു വിടന്ന പുഞ്ചിരിയോടെ നില്ക്കുന്നു. ഞാനും കൈകൾ കൂപ്പി ഒന്നു മന്ദഹസിച്ചു.

"പരിചയമില്ല. അല്ല. മീനാക്ഷിക്കുട്ടി പറഞ്ഞപ്പോഴാമനസ്സിലായതു് ഒരു മറുനാട്ടുകാരനൊരാൾ ഇവിടെ അയലത്തു താമിക്കുന്നുണ്ടെന്ന്." അദ്ദേഹം പറഞ്ഞു. "അടുത്ത വീട്ടിലെ ഗൃഹനായകനായിരിക്കും......ഞാനും പരിചയപ്പെടണമെന്നാഗ്രഹിച്ചിരുന്നു "ഞാൻ പുറത്തേക്കിറങ്ങി. "എവിടെയാ വീട്" "അദ്ദേഹം അന്വേഷിച്ചു. ഞാൻ എന്റെ സ്ഥലപ്പേരു പറഞ്ഞു.

"എന്തേ ഇവിടെ വരാൻ കാരണം."

"നല്ല വേനലല്ലേ? ഒരുമാസക്കാലം പുഴയിൽ കുളിച്ചു താമസിക്കാമെന്നു കരുതി."

"അപ്പോൾ......ജോലി.?"

"ഓ. വിശേഷിച്ചൊന്നുമില്ല."

"പേരു്?"

ഞാൻ എന്റെ പേരു പറഞ്ഞു.

അങ്ങനെ ഞങ്ങൾ പരിചയപ്പെട്ടു. ആ പരിചയം സൌഹൃദയത്തിലെത്തി. മീനാക്ഷിയമ്മയുടെ ഭർത്താവു് ഒരു നല്ല മനുഷ്യനാണെന്നുള്ള ധാരണ അസ്ഥാനത്തായില്ല. പട്ടണത്തിൽ ഏതോകമ്പനിയിലെ സൂപ്പർവൈസറാണദ്ദേഹം. നല്ല ശമ്പളമുണ്ടു്. ആരോടും വളരെ സ്നേഹപൂർവ്വമേ സംസാരിക്കൂ. അഹങ്കാരം അശേഷമില്ല. സുഖത്തിന്റെയും സന്തോഷത്തിന്റെയും തുടിപ്പുകളാണാ വീട്ടിൽ അലയടിച്ചിരുന്നതു്. ഉത്സാഹശാലിയായ ഗൃഹനാഥൻ; പ്രൌഢയും ആരോഗ്യവതിയുമായ കുടുംബി

നി; അവിടെ ഒരു വിഭവങ്ങൾക്കും മുട്ടില്ല! ആർക്കും അസൂയ തോന്നിപ്പോവും.

വിശ്രമവേളകളിൽ പലപ്പോഴും ഞാൻ അവിടെ പോവുക പതിവായി. എന്റെ സാന്നിദ്ധ്യം അവർക്കൊക്കെ വളരെ ഇഷ്ടപ്പെട്ടു. സൂപ്പർവൈസർ വെളുപ്പിനെ ജോലിസ്ഥലത്തു പോയാൽ മടങ്ങിവരുന്നതു രാത്രി ഒൻപതുമണിയാവുമ്പോഴാണ്. ചിലപ്പോൾ പാതിരാകഴിയുംവരെ ഞങ്ങൾ വെടിപറഞ്ഞു സമയം പോക്കും.

മീനാക്ഷിയമ്മയ്ക്ക് പൊതുവെ ഒരടക്കമില്ലാത്ത പ്രകൃതമാണ്. വളരെ ഉറക്കെ സംസാരിക്കും. പൊട്ടിച്ചിരിക്കും. ഭർത്താവിന്റെ മുമ്പിലും അവർക്ക് അടക്കമില്ലായ്മയുണ്ട്. അദ്ദേഹത്തിനതിൽ വെറുപ്പുള്ളതായി തോന്നിയില്ല. മീനാക്ഷിഅമ്മയ്ക്കല്ലേ ആ വീട്ടിൽ കൂടുതൽ അധികാരമെന്നു പലപ്പോഴും സംശയിച്ചുപോകും. ഏറക്കുറെ വാസ്തവവും അതുതന്നെയായിരുന്നു. വിവാഹം കഴിഞ്ഞു് ഏറെ നാളുകൾക്കുശേഷമാണ് അവർക്കൊരു സന്താനമുണ്ടായതു്, ലേഖ—മെലിഞ്ഞുനീണ്ട ദേഹവും, കൃത്തമുഖവും നിർജ്ജീവങ്ങളായ കണ്ണുകളുമുള്ള ഒരു പെണ്ണു്. സിൽക്കിൽ പൊതിഞ്ഞു് വിലയേറിയ ആഭരണങ്ങളുമണിഞ്ഞു് ഒരു പ്രദർശനവസ്തുവിനെപ്പോലെ അവിടെയൊക്കെ നടക്കുന്നതു കാണാം.

ഒരാഴ്ച കഴിഞ്ഞു.

ഒരുദിവസം മീനാക്ഷിയമ്മ എന്നോടു ചോദിക്കുകയാണ്. "വീട്ടിൽ ആരൊക്കെയുണ്ടു്...?"

ആ ചോദ്യത്തിനൊരു പുതിയ അർത്ഥമാണെന്നിക്കു തോന്നിയതു്. എങ്കിലും അതു വെളിപ്പെടുത്തിയില്ല.

"അമ്മയും ഒരനിയത്തിയും മാത്രമേയുള്ളു."

"അനിയത്തിക്കെത്ര വയസ്സായി."

"അവളൊരു കൊച്ചുകുട്ടിയാണ്. പഠിച്ചുനടക്കുന്നു"

"അപ്പോൾ....." മീനാക്ഷിയമ്മ ഒരു കള്ളച്ചിരിയോടെ തുടർന്നു. "അമ്മയ്ക്കൊരു സഹായത്തിനാരാ?"

"വീട്ടുവേലകളൊക്കെ നോക്കാൻ വേറെ ഒന്നുരണ്ടു വേലക്കാരുണ്ട്"

"ഒരു മരുമകളെ കാണാൻ അമ്മയ്ക്കു കൊതിയുണ്ടാവില്ലേ?"

മീനാക്ഷിഅമ്മ പിന്നെയും ആ കള്ളച്ചിരി ചിരിച്ചു.

"ഉണ്ടായിരിക്കാം.... പക്ഷേ....."

ഞാൻ അതു പൂർത്തിയാക്കുംമുമ്പേ മീനാക്ഷിയമ്മ ഉറക്കെ വിളിച്ചു.

"എടീ അമ്മിണീ"

മുഷിഞ്ഞ മുണ്ടും ജാക്കററും ധരിച്ച ഒരു പെണ്ണു വാതില്ക്കൽ പ്രത്യക്ഷപ്പെട്ടു. ആ വീട്ടിന്റെ പിൻപുറത്ത് പുകഞ്ഞുകൊണ്ടിരിക്കുന്ന അടുക്കളയിൽ വിയർത്ത ശരീരവുമായി വേലയെടുക്കുന്ന ആ പെൺകുട്ടിയെ ആദ്യമായി കണ്ടപ്പോൾതന്നെ എനിക്ക് ഒരനുകമ്പ തോന്നി. അങ്ങനെ തീയിലും പുകയിലും കിടന്ന് ആ പിഞ്ചുശരീരം വാടിപ്പോവുകയില്ലേ?

നിലാവുപോലെ സുന്ദരമായ മുഖം-നീലിച്ചു നീണ്ട കണ്ണുകൾ—തക്കാളിപ്പഴംപോലെ തുടുത്ത ചുണ്ടുകൾ—യൗവ്വനം മൊട്ടിട്ടുതുടങ്ങിയ മാറിടം. ആകെക്കൂടി പകുതി വിടർന്ന ഒരു സൂര്യകാന്തിപ്പൂവിന്റെ അഴകുണ്ട്. ആ

കണ്ണുകളുടെ ആഴത്തിൽ വിഷാദം ഉറഞ്ഞുകൂടി കിടന്നിരുന്നു.

"എന്തിനാ കുഞ്ഞമ്മ വിളിച്ചേ" വിനയമധുരമായിട്ടവൾ ചോദിച്ചു.

'രണ്ടുപാത്രം കാപ്പിയിങ്ങു കൊണ്ടുവരാനാ' മീനാക്ഷിയമ്മ ആജ്ഞാപിച്ചു. പരുപരുത്ത ഒരധികാരസ്വരത്തിൽ. അവൾ അപ്പുറത്തേയ്ക്കു പോയി.

"ആ കുട്ടി ഏതാ" ഞാൻ അന്വേഷിച്ചു.

"ഇവിടെ വേലയ്ക്കു നില്ക്കുന്നവളാ"

ആ മറുപടിയിലും ഒരലക്ഷ്യഭാവം കലർന്നിരുന്നു. മീനാക്ഷിയമ്മ തുടർന്നു:

"ഉററോരുമുടയോരുമായിട്ടാരുമില്ല. പിന്നെ ഞങ്ങളുടെ കരുണകൊണ്ടങ്ങനെ കഴിയുന്നു. ഈ പെണ്ണിന്റെച്ഛൻ റയിൽവേയിലെ ഒരു പണിക്കാരനായിരുന്നു. കുറെ കൊല്ലങ്ങൾക്കുമുമ്പ് തീവണ്ടിയപകടത്തിൽപ്പെട്ട് മരിച്ചുപോയി"

"അമ്മയില്ലേ?"

"ഇവിടെ മുററംതൂപ്പും വീട്ടുവേലയുമൊക്കെ നോക്കിയിരുന്നവളാ ഇവളുടെ തള്ള. കോളറപിടിച്ചു ചത്തിട്ടിപ്പോൾ മൂന്നുകൊല്ലത്തിനുമേലായി. ആരുമേതുമില്ലാതെ അലഞ്ഞുപോവുമല്ലോ ഈ പെണ്ണെന്നോർത്തു ഞങ്ങൾ വളർത്തുകയാ."

എന്റെ അന്ത സ്പന്ദനത്തിൽ ഒരു ചെറിയ വേദന അനുഭവപ്പെട്ടു. കൊടുങ്കാററിൽ പെട്ട കരിയിലപോലെ എന്റെ ഹൃദയം ആ പെൺകുട്ടിയുടെ കഴിഞ്ഞ ജീവിതത്തിലേക്കു പറന്നുപോയി. വിഷാദവും കണ്ണുനീരും കല

ന്ന യാഥാർത്ഥ്യങ്ങൾമാത്രമാണവിടമെങ്ങും നിറഞ്ഞിരി ക്കുന്നതു്. മിടുക്കിയായ മകളെക്കുറിച്ചു് ആ അച്ഛനും അമ്മയ്ക്കും എന്തൊക്കെ പ്രതീക്ഷകളാണാവോ ഉണ്ടാ യിരുന്നതു്. അവരിരുവരും ജീവിച്ചിരുന്നെങ്കിൽ അവ ളിങ്ങനെ അടുക്കളയിൽ കിടന്നു വീർപ്പുമുട്ടേണ്ടിവരുമാ യിരുന്നോ?

അമ്മിണി രണ്ടു ഗ്ലാസ്സ് കാപ്പി കൊണ്ടുവന്നു മേശ പ്പുറത്തു വച്ചു. എന്നിട്ട് നാണംപുരണ്ട നിഷ്കളങ്കമായ ഒരു മന്ദഹാസം പൊഴിച്ചു.

മീനാക്ഷിയമ്മയ്ക്കതു തീരെ സുഖിച്ചില്ല. "എ ന്താടി നിന്നു കുഴയുന്നേ. പെൺകിടാങ്ങളായെന്നാൽ ഒരടക്കമൊതുക്കമൊക്കെയില്ലെങ്കിൽ പറയേണ്ട്യ." ഒരു ഗ്ലാ സ്സ്കാപ്പി എന്റെ നേരെ നീക്കിവച്ചിട്ട് മീനാക്ഷിയമ്മ പറഞ്ഞു: അമ്മിണിയുടെ മുഖം വാടുന്നതു ഞാൻ കണ്ടു.

കാപ്പികുടിച്ചുകഴിഞ്ഞതയുടനെ ഗ്ലാസുകളുമെടുത്തു കൊണ്ട് അമ്മിണി പുറത്തേക്കു പോയി.

"ഇപ്പോൾ നല്ല കാപ്പിപ്പൊടി കിട്ടാൻ നന്നേ വി ഷമം." മീനാക്ഷിയമ്മ തെല്ലൊരുഘനഭാവത്തിൽ പറ ഞ്ഞു. ഞാൻ അലസമായിട്ടൊന്നു ചിരിച്ചതേയുള്ളു. "ഖ ണിം..." ഗ്ലാസ്സുകൾ നിലത്തുവീണു തെറിയുന്ന ശബ്ദം. മീനാക്ഷിയമ്മ ചാടിയെഴുന്നേററ് അപ്പുറത്തേയ്ക്കു പോ യി. അവരുടെ മുഖം ഒരു പിശാചിന്റേതുപോലെ ക്രൂര മായിരുന്നു. ഞാനും പിന്നാലെ വാതുക്കലോളം ചെന്നു.

വരാന്തയിൽ രണ്ടുഗ്ലാസ്സുകളും പൊട്ടിച്ചിതറിക്കിട ക്കുന്നു. അതിനരികിൽ പേടിച്ചു വിറച്ച് അമ്മിണിയും; തന്റേടത്തിന്റെ തലയെടുപ്പോടെ ലേഖയും നിൽപുണ്ട്.

"എടീ. നീ ഇൗ വീട്ട മുടിച്ചേ അടങ്ങു, അല്ലേ" മീനാക്ഷിയമ്മ അലറി.

"കുഞ്ഞമ്മ ലേഖച്ചേച്ചി വന്ന് എൻെറ മേത്തു മുട്ടിയപ്പഴാ ഗ്ലാസ്സ് താഴെ വീണത്." അമ്മിണിയുടെ സ്വരം പതറിയിരുന്നു. "ഹൂ ഞാൻ നിൻെറ മേത്തു മുട്ടിയോ. പിന്നെ കള്ളത്തരം പറഞ്ഞാലുണ്ടല്ലോ കരണം ഞാൻ പൊളിക്കും. അമ്മേ; ഇവളുടെ മൊഖത്തല്ല കണ്ണ്" ലേഖ കുററത്തിൽ നിന്ന് ഒഴിവായി.

• "എടീ. നീ ഇന്നുമിന്നാലേം തൊടങ്ങിയതല്ലിത്. ഇവിടെയുള്ളതെല്ലാം തല്ലിത്തകർത്തു നീ മുടിക്കും. തെണ്ടിത്തിരിഞ്ഞു പോവുമല്ലോന്നോർത്തു ദയവുതോന്നി വിളിച്ചുനിർത്തിയപ്പോൾ നിനക്കിവിടുത്തെ അമ്മച്ചിയാവണം അല്ലേടി".

"കുഞ്ഞമ്മേ; ഞാൻ നേരാ പറഞ്ഞേ. ലേഖച്ചേച്ചി എൻെറ മേത്തുമുട്ടിയപ്പഴാ ഗ്ലാസു താഴെവീണത്"

"ഗ്ലാസ് ഞെരിച്ചതും പോരാ; വെറുതെയിരിക്കുന്നവരെ നിനക്കു കുററപ്പെടുത്തുകേം വേണം, അല്ലേ." അമ്മിണിയുടെ 'സ്പ്രിങ്ങുപോലെ' ചുരുണ്ട മുടിയിൽ മീനാക്ഷിയമ്മ കൈകോർത്തു ഒന്നു ശക്തിയായി കുലുക്കി. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. നിസ്സഹായത പ്രതിഫലിക്കുന്ന മിഴിയിണ.

മീനാക്ഷിയമ്മ പല്ലു ഞെരിച്ചുകൊണ്ട് അവളുടെ മുതുകിലും തലയിലും മൂന്നുനാലു പ്രഹരിച്ചു. അവൾ പൊട്ടിക്കരഞ്ഞുപോയി. മൃഗീയമായ ഒരാനന്ദപ്പുളപ്പോടെ ലേഖ, അതുനോക്കി രസിക്കുകയായിരുന്നു

"ആ കുട്ടിയെ വെറുതെ ഉപദ്രവിക്കുന്നതെന്തിന്? ഏതായാലും ഗ്ലാസ് പൊട്ടിപ്പോയി. അതിന് അടിച്ചതുകൊണ്ടെന്തു വിശേഷമാണ്." ഞാൻ കയറിപ്പറഞ്ഞു.

"അല്ല. ഇപ്പഴിതിനങ്ങു കണ്ണടച്ചാൽ നാളെ വില പിടിപ്പൊള്ളതിവൾ തരിപ്പണമാക്കും. പെൺകുട്ടികളായെന്നാൽ കുറച്ചു സൂക്ഷ്മമൊക്കെ വേണം"

ആ രംഗം അങ്ങനെ അവസാനിച്ചു. എങ്കിലും എന്റെ മനസ്സിൽനിന്നതു മാഞ്ഞില്ല. അകാരണമായ ഒരു വെറുപ്പ് ആ വീട്ടിലുള്ളവരെ നോക്കുമ്പോൾ അനുഭവപ്പെട്ടു. പലപ്പോഴും മീനാക്ഷിയമ്മ അമ്മിണിയെ പരുഷമായി ശകാരിക്കുകയും നിഷ്ഠുരമണം അടിക്കുകയും ചെയ്യുന്നതൊരു പതിവാണ്. അമ്മിണി അതൊക്കെ നിശ്ശബ്ദമായി സഹിച്ചു. ഒരു യന്ത്രത്തിനെപ്പോലെ അവൾ വേല ചെയ്തു. നേരം വെള്ളകീറുന്നതുമുതൽ പത്തുനാഴിക ഇരുട്ടുന്നതുവരെ അവൾക്കു ജോലിയുണ്ടാവും. ഇതിനിടയിൽ മീനാക്ഷിയമ്മയുടേയും ലേഖയുടേയും പ്രത്യേകം ആജ്ഞകൾ അനുസരിക്കുവാനും അവൾ നിർബ്ബന്ധിതയാണ്. ചിലപ്പോൾ മീനാക്ഷിയമ്മയുടെ കാൽ തടവിക്കൊടുക്കുന്നതു കാണാം.

മീനാക്ഷിയമ്മയുടെ അസൂയാകലുഷിതമായ ഹൃദയത്തിന് അമ്മിണിയുടെ അഴകിൽ അസഹിഷ്ണുതയുണ്ടെന്ന് അവരുടെ കണ്ണുകൾ തെളിയിച്ചിരുന്നു. പൗഡറും പുരട്ടി പൊന്നിൽ കുളിച്ചു നടന്നാൽപോലും അവരുടെ മകൾക്ക് എന്തോ ചില പോരായ്മകളുണ്ട്. നാളെ; താരുണ്യം തളിരിടുമ്പോൾ അമ്മിണിയുടെമുമ്പിൽ ലേഖ വെറുമൊരു മരപ്പാവയായിപ്പോവുമെന്നവർക്കറിയാം.

അമ്മിണി ഒരു മനുഷ്യജീവിയാണെന്നും, രക്തവും മാംസ വുമുള്ള ശരീരമാണവളുടേതെന്നും മീനാക്ഷിയമ്മ കൂട്ടാക്കിയില്ല. ഒരു മൃഗത്തിനോടെന്നപോലെ പെരുമാറി. അവളുടെ ജീവിതത്തിൽ അങ്ങോളമിങ്ങോളം വേദനയുടെ നിഴൽമാത്രം പരന്നിരുന്നു.

പ്രസന്നമായ ഒരു സായാഹ്നം. പ്രശാന്തമായ പുഴക്കര. ആ വെൺമണൽപ്പുറപ്പിൽ മലർന്നുകിടന്നുകൊണ്ടു് അനന്തവിശാലമായ ആകാശത്തിലേക്കു നോക്കി ഞാൻ ചിന്തിക്കുകയായിരുന്നു. വിദൂരസ്ഥമായ നാട്ടുമ്പുറത്തു് വിലാസലോലയായി അല്ലലെന്തുമറിയാതെ ജീവിക്കുന്ന എൻെറ കൊച്ചുനിയത്തിയേയും, ശോകസങ്കുലമായ അനുഭവങ്ങളുമായി കഴിയുന്ന അമ്മിണിയേയും ഞാനൊന്നു താരതമ്യപ്പെടുത്തിനോക്കി. എന്തൊരു വൈരുദ്ധ്യമാണു്.

പുഞ്ചിരിയും കണ്ണുനീരും!
ആറ്റോരത്തിൻെറ പൂനിലാവും
വേദനയുടെ കരിന്നിഴലും!

എൻെറ മനസ്സിൽ അവ്യക്തമായ ഒരു നൊമ്പരമുണ്ടായി. ഞാൻ മുഖം തിരിച്ചപ്പോഴുണ്ടു് അമ്മിണി എൻെറ സമീപത്തുകൂടി പുഴക്കരയിലേക്കു പോകുന്നു. 'അമ്മിണി!' അനുകമ്പയോടെ ഞാൻ വിളിച്ചു. ആ നിഷ്കളങ്കമായ മന്ദഹാസം തൂകിക്കൊണ്ടു് അവൾ തിരിഞ്ഞുനിന്നു. "എന്തിനാ മാഷേ: വിളിച്ചേ" അവളുടെ സ്വരം വിനയമധുരമായിരുന്നു.

"അമ്മിണിയിങ്ങു വരൂ."

അവൾ എൻെറയടുക്കലേക്കു നീങ്ങി ഒട്ടൊരാദരപൂ

വ്വം നിന്നു. ചോക്കുവെയിലിൽ അവളുടെ ശരീരം കൂടുതൽ ആകർഷകമായി തോന്നി.

"മീനാക്ഷിയമ്മയുടെ പെരുമാററം കുറെ കടുപ്പമാണല്ലോ?"

"അതൊക്കെ സഹിക്കാതെന്തു ചെയ്യാം. എനിക്കാരുമില്ലാത്തവളാ മാഷേ"

"എപ്പോഴും തല്ലുമോ?"

"തോന്നുമ്പോഴൊക്കെ അമ്മയും മകളും എന്നെ തല്ലും."

"സൂപ്പർവൈസറോ"

"അങ്ങേരു മാത്രം ഒന്നും ചെയ്യൂല്യാ. എന്നെ തല്ലിയതറിഞ്ഞാൽ കുഞ്ഞമ്മയെ വഴക്കുപറയും."

"എത്ര കാലം ഇതു നീ സഹിക്കും"

"അച്ഛനുമമ്മേമില്ലാത്തവക്കിതാമാഷേ അനുഭവം" അവളുടെ തൊണ്ടയിടറി.

"നിനക്കുററവരായിട്ടാരുമില്ലേ?."

"ആരുമില്ല." കാററത്തു പറക്കുന്ന മുടി തലോടിയൊതുക്കിക്കൊണ്ടു് അവൾ പുഴയിലേക്കു നോക്കി. പുഴയുടെ മർമ്മരത്തിലും ഒരു വിഷാദം ഉൾച്ചേർന്നിരുന്നു.

"അമ്മ വളരെ ദുഃഖം സഹിച്ചാണു് വളർത്തിയതു് അല്ലേ?"

"അതെ എൻെറ അമ്മ ഉണ്ടായിരുന്നെങ്കിൽ എനിക്കീകഷ്ടപ്പാടൊന്നും വരുല്യാ......"

"ആരും ചോദിക്കാനില്ലാത്തതുകൊണ്ടാണ് മീനാക്ഷിയമ്മ എപ്പോഴും അമ്മിണിയെ അടിക്കുന്നത്. ഇനി

മേൽ നീ സൂപ്പർവൈവസറോട്ടു പറയണം."

"പറഞ്ഞാൽ പിറേറന്ന് അതിനുംകൂടി കിട്ടും. എന്തിനുമാഷേ; ഞാൻ കുളിക്കുന്നതു കുഞ്ഞമ്മയ്ക്കു കണ്ടുകൂടാ. വെളുത്ത മുണ്ടുടുക്കാനും മുടി ചീകാനും സമ്മതിക്കുല്യാ. തൊട്ടതിനൊക്കെ കുററമാ. നേരം വൈകുന്നു. വേഗം ചെന്നില്ലേൽ കുഞ്ഞമ്മയ്ക്കു കലിയിളകും. ഞാൻ പോട്ടെ" അവൾ ആ നിഷ്കളങ്കമായ മന്ദഹാസത്തോടെ തിടുക്കത്തിൽ പുഴക്കടവിലേയ്ക്കു നടന്നു. ഞാനും എഴുന്നേററ് എൻെറ താമസസ്ഥലത്തേയ്ക്കു മടങ്ങി.

മാസം ഒന്നാകാറായി.

ഒരു മൂവന്തിനേരം. ചക്രവാളത്തിൻെറ നിറം കുറേശ്ശ മങ്ങിത്തുടങ്ങിയിരുന്നു. പുഴയുടെമറുകരയിൽ അങ്ങിങ്ങായി ചില വിളക്കുകളുടെ നാളങ്ങൾ ഉയന്നു. എങ്ങും ഒരേകാന്തശാന്തത. ഞാൻ മുറിയിൽ ചുററി നടക്കുകയായിരുന്നു.

"എടീ. നേരു പറഞ്ഞേക്ക്. ഇല്ലെങ്കിൽ നിന്നെ ഞാൻ കൊല്ലും." അടുത്ത വീട്ടിൽ നിന്ന് മീനാക്ഷിയമ്മയുടെ സ്വരമാണ്. ഞാൻ ചെവിയോർത്തു

'കുഞ്ഞമ്മ; ഞാൻ നേരാ പറഞ്ഞെ; ഞാൻ എടുത്തില്ല' അമ്മിണിയുടെ ദീനമായ നിവേദനം.

'നീ എടുത്തില്ലെ കള്ളീ, ഇവടെ പിന്നാരുവന്നു?'

'അമ്മേ ഇവളല്ലാതെ വേറെയാരും ഇന്നെൻെറ മുറിയിൽ കടന്നിട്ടില്ല' ലേഖയാണതുപറഞ്ഞത്.

'നേരാണോടീ. നീയിന്നു ലേഖയുടെ മുറിയിൽ പോയോ?'

'പോയി' ..

'എന്തിന്?'

'മുറി തൂത്തുവാരാൻ.'

'എന്നിട്ട് മേശപ്പുറത്തിരുന്ന മാല നീ കണ്ടില്ലേ?'

'കുഞ്ഞമ്മയാണെ ഞാൻ കണ്ടില്ല.'

'അവൾ നുണയാ പറയുന്നു; മേശപ്പുറത്താ മാലയിരുന്നത്.'

'പെണ്ണേ വെറുതേ പിത്തയാകണ്ട. മാലയെടുത്തിട്ട് നീ എവിടെ ഒളിച്ചു......ഊ...മിഴിച്ചു നോക്കുന്നോ?,

ഒരടിയുടെ ശബ്ദം. തുടന്ന് ഒരു തേങ്ങിക്കരച്ചിൽ. എൻെറ ഉള്ളൊന്നു കിടുകിടുത്തു.

"നിൻെറ കഥയിന്നു ഞാൻ തീൎക്കമെടീ." മീനാക്ഷിയമ്മ അലറുകയാണു്.

"കുഞ്ഞമ്മേ; ലേഖച്ചേച്ചി എവിടെയെങ്കിലും വെച്ചിട്ട് ഓൎക്കാഞ്ഞിട്ടാ"

"നിൻെറ തന്തയ്ക്കാ ഓൎമ്മക്കുറവ്"

വീണ്ടും കുറെ അടികൾ!!

"അയ്യോ-എൻെറമ്മോ ഞാനെടുത്തില്ലേ" കരച്ചിലിനിടയിൽ അമ്മിണി അവളുടെ നിരപരാധിത്വം വെളിപ്പെടുത്തുവാൻ ശ്രമിക്കയാണ്.

'എടീ ലേഖേ! രണ്ടു കാന്താരിമുളകിങ്ങെടുത്തേ; ഇവൾ മാലയെടുത്തോ ഇല്ലേ എന്നറിയണം. ആങ്ഹാ. അത്രയ്ക്കായോ?'

ഞാൻ പെട്ടെന്നു പടിയിറങ്ങി അടുത്ത വീട്ടിലേയ്ക്കു ചെന്നു.

അട്ടക്കളെമുറിയിൽ വിയർത്തൊലിച്ച ശരീരവും, കണ്ണീരിൽ കുതിർന്ന മുഖവുമായി നില്ക്കുന്ന അമ്മിണി. മീനാക്ഷിയമ്മ കയ്യിലിരുന്ന കാന്താരിമുളക് പൊട്ടിച്ച് അമ്മിണിയുടെ കണ്ണിലേയ്ക്കു നീട്ടി. അത് ആ കണ്ണിൽ തൊട്ടാൽ...ഹൗ...! ഒരൊററ നിമിഷം!

ഞാൻ എന്തെങ്കിലും പറയുന്നതിനു മുമ്പുതന്നെ കണ്ണുകൾ പൊത്തിപ്പിടിച്ചുകൊണ്ട് അമ്മിണി വാവിട്ടു കരയുവാൻ തുടങ്ങി. നീററലും പുകച്ചിലും കണ്ണിലേയ്ക്കു ചുഴിഞ്ഞിറങ്ങുകയാണ്.

നീറുന്ന നിമിഷങ്ങൾ!!

അവൾ ഉറക്കെ കരഞ്ഞു. കണ്ണിൽനിന്നു 'കുടുകുടെ' കവിളിലേയ്ക്കു വെള്ളമൊലിച്ചു. പുളച്ചിലോടെ അവൾ നിലത്തിരുന്നു.

എന്നെ കണ്ടമാത്രയിൽ ലേഖ അവിടെനിന്നും പൊയ്ക്കളഞ്ഞു. മീനാക്ഷിയമ്മ തെല്ലൊന്നമ്പരക്കാതിരുന്നില്ല. "ഒരു പവന്റെ മാലയായിരുന്നു. മോട്ടിച്ച് ആക്കെങ്കിലും വിററതാണവള്" ആ സ്ത്രീ ആരോടെന്നില്ലാതെ പിറുപിറുത്തു.

"എന്നാലും ഇതു കുറെ കടുംകയ്യായിപ്പോയി. നിങ്ങളെപ്പോലെതന്നെ ഒരു മനുഷ്യജീവിയല്ലേ ആ കുട്ടിയും..." വെറുപ്പോടുകൂടി പറഞ്ഞിട്ട് അമ്മിണിയുടെ മിഴിനീരിൽ കുതിർന്ന മുഖത്തേയ്ക്കു ഞാൻ ഹൃദയവേദനയോടെ നോക്കി. നിരപരാധിത്വം തുളുമ്പുന്ന മുഖം പൊത്തി അവൾ വിങ്ങിവിങ്ങിക്കരയുന്നു. കല്ലും അലിയത്തക്കവിധം തേങ്ങിത്തേങ്ങിക്കരയുന്നു.

"അമ്മേ മാല കിട്ടി. കട്ടിലിനടിയിൽ കിടന്നു." ലേഖ ഒരു സ്വർണ്ണമാലയും തൂക്കിക്കൊണ്ട് അങ്ങോട്ടു കടന്നുവന്നു. മീനാക്ഷിയമ്മയുടെ മുഖം വിളറിപ്പോയി, എങ്കിലും അവർ ബദ്ധപ്പെട്ടു പറഞ്ഞു. "കട്ടിലിനു കീഴെ ഇവൾ ഒളിച്ചുവച്ചിരുന്നതാവും"

അന്നുരാത്രി സൂപ്പർവൈസർ വന്നപ്പോഴും അമ്മിണി ഏങ്ങിയേങ്ങിക്കരയുകയായിരുന്നു. അദ്ദേഹം വിവരങ്ങളൊക്കെ ആരാഞ്ഞുകാണും. മീനാക്ഷിയമ്മയെ കുറെയേറെനേരം ശകാരിക്കുന്നതു കേട്ടു.

പാതിരാ കഴിഞ്ഞു. ഞാൻ അപ്പോഴും ഉറങ്ങാതെ കിടക്കുകയാണ്. മുറിയിൽ വെളിച്ചമില്ല. പുറത്തെങ്ങും ഒരു വിളറിയ നിലാവു പരന്നിട്ടുണ്ട്. കുറേശ്ശ മഞ്ഞുവീണുതുടങ്ങിയിരുന്നു. പുഴവക്കിലെ മരങ്ങൾക്കുപോലും ഒരു വിറങ്ങലിപ്പ്. വിഷാദം ഘനീഭവിച്ചതുപോലുള്ള അന്തരീക്ഷം.

അനാഥയായ അമ്മിണിയെക്കുറിച്ച് ഞാൻ ചിന്തിക്കുകയായിരുന്നു. അവളുടെ ദുഃഖസന്തപ്തമായിരുന്ന ജീവിതത്തിന്റെ ഭാവി എന്തായിരിക്കാം. അലകളിരമ്പുന്ന ഒരു മഹാസമുദ്രത്തിൽ ചുക്കാനില്ലാതെ കറങ്ങുന്ന ഒരു തോണിപോലെ അതങ്ങനെ നീങ്ങുന്നു. അഗാധമായ നീർച്ചുഴിയിലേയ്ക്കുതന്നെ താണുപോവുകയില്ലെന്നാർക്കറിയാം?

അടുത്തവീട്ടിലെ ഗേററുതുറക്കുന്ന ശബ്ദം. ഞാൻ തലയുയർത്തി നോക്കി. വിളറിയ നിലാവിൽ ഒന്നും വ്യക്തമല്ല. അനങ്ങുന്ന ഒരു നിഴൽ—ആ നിഴൽ പതുക്കെ നീങ്ങുന്നു. എന്റെ മുറിയുടെ ജാലകത്തിനരികിലോളം ആ നിഴൽ എത്തിക്കഴിഞ്ഞു.

അമ്മിണി!

അവൾ എവിടെ പോകുന്നു?

പാതിരാത്രി ലോകമെല്ലാം ഉറങ്ങുന്ന സമയം.

"അമ്മിണീ" ഞാൻ വിളിച്ചു.

അവൾ ഒന്നു ഞെട്ടി.

"പേടിക്കേണ്ട. ഞാനാണ്"

അവൾ ജാലകത്തിന്നരികിലേയ്ക്കു നീങ്ങിനിന്നു. ഭയംകൊണ്ടു വിറച്ചിരുന്നോ എന്തോ?

"നീ എവിടെ പോകുന്നു?"

മറുപടിയില്ല. ഞാൻ വാതിൽ തുറന്നു. അവൾ മുറിക്കുള്ളിൽ കയറി.

"അമ്മിണീ. ഈ പാതിരാത്രീ നീ എവിടെ പോകുന്നു?"

"ഞാൻ പോകുന്നു മാഷെ. ഇങ്ങനെ നരകിക്കാനെനിക്കു മേലാ" അവൾ വിങ്ങിക്കരയുന്നുണ്ടായിരുന്നു.

"എങ്ങോട്ട്?"

"എൻറമ്മയുടടുത്ത്"

"അമ്മ മരിച്ചുപോയില്ലേ?"

"ഞാനും മരിക്കും"

"എങ്ങനെ?"

"അതെനിക്കറിയാം" അവൾ ദൂരെ പുഴയിലേയ്ക്കു നോക്കി മൂകയായിരുന്നു.

എനിക്കു കാര്യം മനസ്സിലായി.

"അതിരിക്കട്ടെ. നിനക്കെൻെറകൂടെ പോരാമോ" ഞാൻ ചോദിച്ചു.

"എവിടെയാ"

"എൻെറ നാട്ടിൽ"

"അവിടെ മാഷിനാരൊക്കെയൊണ്ടു"

'അമ്മയും നിന്നെപ്പോലെ ഒരനിയത്തിയും'

"ആ അമ്മയും എന്നെ അടിക്കുമോ?"

"ഇല്ല"

"കണ്ണിൽ കാന്താരിമുളകരച്ചു തേക്കുമോ?"

"എൻെറ അമ്മ മൃഗമല്ല. നിന്നെപ്പോലുള്ള ഒരു മകളുടെ പെററമ്മയാണ്"

"അനിയത്തിയോ?"

"അവളും നീയും എനിക്കൊരുപോലെയാണമ്മിണീ" അവളുടെ കണ്ണുനീർ തുടച്ചുകൊണ്ടു ഞാൻ പറഞ്ഞു.

കുളുർമ്മയുള്ള ഒരു കാററ് ജാലകപ്പഴുതിലൂടെ അകത്തേയ്ക്കു വീശി. അമ്മിണിയുടെ ചുണ്ടിൽ ആ കളങ്കമററ മന്ദഹാസം മൊട്ടിട്ടു വിരിയുന്നത് മുറിയിലെ മങ്ങിയ വെളിച്ചത്തിൽ ഞാൻ കണ്ടു.

# ഇരുട്ടിലൂടെ

ഞനകമെററ രാത്രി. തെരുവുകളിലെ വെളിച്ചം അണഞ്ഞു.

പട്ടണം അവസാനിക്കുന്നിടത്ത്, കടലോരത്തിലുള്ള ഒരു പീടികക്കോലായിൽ, തളർന്നുറങ്ങുന്ന അനിയത്തിയുടെ അരികിലിരുന്നുകൊണ്ട് തോമ്മാ ചിന്തിക്കുകയാണ്. ജീവിതത്തിൽ ആദ്യമായിട്ടാണ് അവനങ്ങനെ ചിന്തിക്കുന്നത്. അതിനു മുമ്പൊരിക്കലും അത്ര ഗൗരവപൂർണ്ണമായ ചിന്തയുടെ ആവശ്യം നേരിട്ടിട്ടില്ല.

ജനബഹുലമായ നഗരത്തിന്റെ ഏതോ അജ്ഞാതമായ മൂലയിൽനിന്ന് ആരംഭിക്കപ്പെട്ടതാണാ ജീവിതം. വിശക്കുന്ന വയറുംപേറിക്കൊണ്ടു തെരുവുതോറും അവൻ തെണ്ടിത്തിരിഞ്ഞു നടന്നു. വിശപ്പിനപ്പുറം ഒന്നിനേക്കുറിച്ചും അന്ന് അറിഞ്ഞുകൂടായിരുന്നു. അങ്ങനെ പതിനേഴു കൊല്ലങ്ങൾ. ആ പതിനേഴു കൊല്ലങ്ങൾക്കിടയിൽ പലതും കണ്ടു. പലതും പഠിച്ചു. പരമാർത്ഥത്തിൽ അവൻ പഠിച്ചതെന്തായിരുന്നു? വിശപ്പിനുവേണ്ടി അന്യന്റെ മുമ്പിൽ കൈനീട്ടുക മാത്രമല്ലേ?

പക്ഷെ, ഇന്നവൻ ചിന്തിക്കുന്നതു വിശപ്പിനേക്കുറിച്ചാണോ? അല്ല.

അവന്റെ അനിയത്തി! അവളുടെ ജീവിതത്തിന്റെ താങ്ങും തണലുമായി ലോകത്തിലവശേഷിച്ചിട്ടുള്ളത് അവൻ മാത്രമാണ്. അമ്മയില്ല; അപ്പനില്ല. നാടും വീടു

മില്ല. അവളുടെ ഭാവിയെപ്പററി അവന് ഉല്ക്കണ്ഠയുണ്ട്. അവളൊരു കൊച്ചുകുട്ടിയായിരുന്നെങ്കിൽ ഉല്ക്കണ്ഠപ്പെട്ടിട്ടു കാര്യമില്ല. പക്ഷെ അവഠം വളൻറു. മുഖത്തിനും ശരീരത്തിനും മാററങ്ങളുണ്ടായി. ഒരു പതിനഞ്ചുകാരിയുടെ ലജ്ജാപാരവശ്യം ആ നീലക്കണ്ണുകളിൽ നിഴൽപരത്തിക്കഴിഞ്ഞു. അവഠം മിടുക്കിയാണ്. അഴകുള്ള പെണ്ണാണെന്നാരും സമ്മതിക്കും.

അവളുടെ സൗന്ദര്യത്തിൽ അവൻ അഭിമാനം കൊള്ളുന്നുണ്ട്. എങ്കിലും വേദനാജനകമായ യാഥാർത്ഥ്യങ്ങളുടെ മുമ്പിൽ ആ അഭിമാനത്തിന് എന്തു സ്ഥാനമാണുള്ളത്? മെയ്യും മാറും വളൻറ ഒരു തെണ്ടിപ്പെണ്ണിൻെറ സൗന്ദര്യം. അതിൻെറ പിന്നിൽ അപകടങ്ങളുണ്ട്. അതിനേപ്പററി ഒരു പക്ഷെ അവളറിയുന്നുണ്ടാവില്ല.

തോമ്മായ്ക്കു് അക്കാര്യം ശരിയായിട്ടറിയാം. പട്ടണത്തിലെ നാറുന്ന ഇടത്തെരുവുകളിൽ തൻെറ അനിയത്തിയേപ്പോലുള്ളവരുടെ ശരീരം ഒന്നോ രണ്ടോ അന്നയ്ക്കുവേണ്ടി വില്ക്കപ്പെടുന്നുണ്ട്. അതുപോലെ നിർഭാഗ്യകരമായ ഒരവസ്ഥ അവഠംക്കുണ്ടായിക്കൂടാ.

ഭേദപ്പെട്ടവരെന്നു പുറമേ ഭാവിക്കുന്ന പലരും അവളെ കണ്ണുവെയ്ക്കുന്നതു അവനറിയായ്കയില്ല. കഴിഞ്ഞദിവസം ബസ്സ്സ്റ്റാൻറിനു സമീപത്തുള്ള വലിയ ഹോട്ടലിലെ മാനേജർ രഹസ്യമായി ചോദിച്ച ജുഗുപ്സാവഹമായ ചോദ്യം അവൻെറ അന്തരംഗത്തിൽനിന്നു മാഞ്ഞിട്ടില്ല. ആ ചോദ്യം എത്ര നിർഭയമായിട്ടാണ് അയാഠം തൻെറ മുഖത്തുനോക്കി ചോദിച്ചത്. "അനിയത്തിയെ അവിടെ നിർത്തരുതോ" എന്ന്. എന്തിന്? അതിൻെറ

ഉത്തരം പകൽ വെളിച്ചംപോലെ വ്യക്തമാണ്.

മിനുപ്പും കൊഴുപ്പുമുള്ള അവളുടെ മാംസം അയാൾ കൊതിക്കുന്നു. ആ നാണംകെട്ട മനുഷ്യൻെറ മുഖത്ത് കാക്കിച്ചൊരു തുപ്പുകൊടുക്കാൻ അപ്പോൾ തോമ്മായ്ക്കു തോന്നിയതാണ്. പക്ഷെ; അതു ചെയ്തില്ല. തെണ്ടിയല്ലേ? തന്നെയുമല്ല അതേ ഹോട്ടലിലെ എച്ചിൽ തിന്നിട്ടാണ് അവനും അനിയത്തിയും വളന്നത്. നന്ദികേടു കാണിക്കാമോ? പാടില്ല.

ഇനിയും ഒരു വേള അയാൾ ആ ചോദ്യം ആവത്തിച്ചേക്കാം. അതുപോലെ പലയാളുകളും അവളെ ആവശ്യപ്പെട്ടു എന്നുവരാം. അതിനൊരു പോംവഴി കണ്ടുപിടിക്കാൻ അവൻെറ ആത്മാവ് ഉഴറുകയാണ്.

അവൾ പിഴച്ചുപോയാൽ......ഇല്ല. ഒരിക്കലും അതുണ്ടാകാനിടയില്ല. അവളുടെ സ്വഭാവത്തിൽ തോമ്മായ്ക്കു വിശ്വാസമുണ്ട്. എന്നാലും എങ്ങിനെ ഉറപ്പുകരുതും. പെണ്ണല്ലേ? എപ്പോഴും സൂക്ഷിച്ചുകൊണ്ടിരിക്കാൻ സാധിക്കുമോ? ആരുടെയെങ്കിലും പ്രലോഭനത്തിനു കീഴടങ്ങിക്കൊടുത്താൽ—അല്ലെങ്കിൽ കീഴടക്കപ്പെട്ടാൽ എന്തു ചെയ്യും?

പീടികത്തിണ്ണകളിലെ ജീവിതത്തിൻെറ സുരക്ഷിതത്വം സംശയം നിറഞ്ഞതാണ്. അവിടെ എന്തും സംഭവിക്കാം........ ...!

തലച്ചോറിലേക്കു കൂത്ത മുനയുള്ള സൂചികൾ തറച്ചുകയറുന്നതുപോലെ തോമ്മായ്ക്കു തോന്നി. നെററിത്തടത്തിലൂടെ ഒഴുകിക്കൊണ്ടിരുന്ന വിയർപ്പുചാലുകൾ പ

ഴന്തുണ്ണികൊണ്ടു തുടച്ചിട്ട് അവൻ വിളിച്ചു.

"അന്നാമ്മേ"

വീർപ്പുമുട്ടിക്കുന്ന നിശ്ശബ്ദത.

വീണ്ടും വിളിച്ചു. "അന്നാമ്മേ"

അവൾ ഉറങ്ങുകയാണു്. ഒരു പിഞ്ചുപൈതലിനെപ്പോലെ. മങ്ങിയ വെളിച്ചത്തിൽ അവളുടെ ഉരുണ്ട മുഖവും പാറിക്കിടക്കുന്ന മുടിയും അവൻ സൂക്ഷിച്ചു. അടഞ്ഞിരിക്കുന്ന ആ മിഴികളുടെ ഉള്ളിൽ യൗവ്വനത്തിന്റെ തങ്കക്കിനാക്കൾ തകർന്നു കിടപ്പുണ്ടാവും.

അനിയത്തിയുടെ പ്രശാന്തമായ മുഖത്തേക്കു് അവൻ കുറച്ചുനേരം നോക്കിക്കൊണ്ടിരുന്നു. പാവം! അവൾ ഒരു തെണ്ടിപ്പെണ്ണായി ജനിച്ചതെന്തിനു്. ഓവുചാലിലേക്കു വലിച്ചെറിയപ്പെട്ട വാടിയ പനനീർപ്പൂവുപോലെ അവൾ തളർന്നുകിടക്കുന്നു. പൊടിയും മണ്ണും പുരണ്ടു്—കാൽച്ചുവിട്ടുകളേററു തകരുവാൻ വേണ്ടിയായിരിക്കുമോ അവൾ പിറവിയെടുത്തതു്?

അല്ല! അല്ല! തോമ്മായുടെ ഹൃദയം മന്ത്രിച്ചു. തന്റെ കൈകളിൽ അവളുടെ ജീവിതം ഭദ്രമാണു്. ആ വിശ്വാസത്താലാവാം അവൾ സുഖമായുറങ്ങുന്നതു്. ഒന്നിനേക്കുറിച്ചും അവൾക്കു പേടി കാണുകയില്ല.

നിറകൊണ്ട പാതിരായുടെ ഗഹനമായ മൂകത ലേശം ഭീതിയുളവാക്കി. അവളെ കുലുക്കിയുണർത്തിയാലൊ? അവൻ കൈനീട്ടി.

വേണ്ട. അവൾ ഉറങ്ങിക്കൊള്ളട്ടെ. താൻ ഉറക്കമിളച്ചിരിക്കയാണെന്നും അവൾ അറിയേണ്ട. നീട്ടിയ

കൈ പിൻവലിക്കപ്പെട്ടു.

ഒന്നുറങ്ങിയാൽ കൊള്ളാമെന്നുണ്ട്. പക്ഷെ ഉറക്കം വരുന്നില്ല. എങ്കിലും പഴന്തുണി വിരിച്ച് അതിന്മേൽ മലർന്നുകിടന്നു. കണ്ണുകൾ മിഴിച്ചപാടെ അവൻ വിദൂരതയിലേക്കു നോക്കി.

ആയിരം ശബ്ദങ്ങളെ ഉള്ളിലൊതുക്കിക്കൊണ്ട് പട്ടണം ഉറങ്ങിക്കിടക്കുന്നു. നിലാവില്ല. ആകാശത്തിൽ അവിടവിടെ ചില നക്ഷത്രങ്ങൾ വാടിയ പൂക്കൾപോലെ പ്രകാശിക്കുന്നുണ്ട്. ഒരു നേരിയ വെളിച്ചം മാത്രം. ഒന്നും വ്യക്തമല്ല. എണ്ണിയാലൊടുങ്ങാത്ത കെട്ടിടങ്ങളുടേയും എടുപ്പുകളുടേയും ഇരുണ്ടതും ഭീകരവുമായ നിഴൽച്ചിത്രങ്ങൾ വല്ലാത്ത ഒരു ഘനഭാവമുൾക്കൊണ്ടു നില്ക്കുന്നു.

പടിഞ്ഞാറ് അലതല്ലുന്ന ആഴിപ്പരപ്പു ചക്രവാളത്തിൻെറ അസ്പഷ്ടതയിലോളം വ്യാപിച്ചുകിടക്കുകയാണ്. ഒടുക്കമില്ലാത്ത തിരമാലകളുടെ ഗംഭീരമായ മുഴക്കം അർദ്ധരാത്രിയുടെ നിശ്ശബ്ദതയിൽ മാറെറാലിക്കൊള്ളുന്നുണ്ടായിരുന്നു.

തോമ്മായുടെ തലച്ചോറിലും വികാരങ്ങളുടെ ഉഗ്രമായ ഒരു മുഴക്കമുണ്ടായി. അലയിളകുന്ന ആഴിപ്പരപ്പുപോലെ അവൻെറ ഹൃദയം അസ്വസ്ഥമായി.

വീണ്ടും ഓർത്തുപോകുന്നു...... ആ ഹോട്ടൽമാനേജരുടെ മുഖം. വിശക്കുന്ന ചെന്നായുടേതുപോലുള്ള ആ നോട്ടം. ചുവന്നു കലങ്ങിയ ആ കണ്ണുകളുടെ അഗാധതയിൽ അടങ്ങാത്ത മാംസദാഹത്തിൻെറ തിളക്കമില്ലേ? അങ്ങനെ എത്ര ചെറുപ്പക്കാർ അവളെ കൊതിക്കുന്നു

ണ്ടാവും! എത്ര കണ്ണുകൾ ആവേശത്തോടെ തുറിച്ചുനോക്കുന്നുണ്ടാവും! എണ്ണമില്ലാതെ കണ്ടേക്കാം. വിഷപ്പാമ്പുകളെപ്പോലെ അവളുടെ അടുത്തേക്ക് ഇഴഞ്ഞെത്തുവാൻ അവർ തരംപാർത്തുകഴിയുകയായിരിക്കും......ഓ! അമ്മയുണ്ടായിരുന്നെങ്കിൽ, അനിയത്തിയെപ്പററി ഒന്നും അറിയണ്ടായിരുന്നു.

പെട്ടെന്നു, മൺമറഞ്ഞുപോയ അമ്മയേക്കുറിച്ചു തോമ്മാ ഓർത്തു.

അവൻെറ എട്ടാമത്തെ വയസ്സിലോ മറേറാ ആണ് അമ്മ മരിച്ചതു്. അമ്മയുടെ ശരിയായ രൂപം ഓർമ്മയില്ല.

ക്രമേണ ആ ശിഥിലസങ്കല്പത്തിൽ ഒരു സ്ത്രീരൂപം ഉണർന്നുവന്നു. കറുത്ത ശരീരം. കവിളെല്ലുകൾ ഉന്തിയ മുഖം. മുഖത്തു നിറയെ മസൂരിക്കലകൾ. ചെമ്പിച്ച തലമുടി. മെലിഞ്ഞ കൈകാലുകൾ......അതെ, അതവൻെറ അമ്മയാണ്.

അവനോർക്കുന്നു. അന്നാമ്മയെ എളിയിൽവെച്ചു അവനേയും കൈക്കുപിടിച്ചുകൊണ്ടു തെരുവുകളിലും 'ബോട്ടുജട്ടിയിലും ബസ്സ്സ്റ്റാൻറിലും ആ അമ്മ തെണ്ടിനടന്നിരുന്നതു്. അന്നു് അന്നാമ്മ തീരെ കുഞ്ഞായിരുന്നു. പട്ടണത്തിലെ പള്ളിമേടയുടെ മതിലരികിലെ മരച്ചുവട്ടിലാണ് അവൻെറ അമ്മ പാർത്തിരുന്നതു്. ഒരുപക്ഷെ ആ മരച്ചുവട്ടിൽ നിന്നായിരിക്കാം അവരുടെ ജീവിതത്തിൻെറ തുടക്കം. അവന് ഒരുവിധം തിരിച്ചറിവായതു മുതൽ അവിടെത്തന്നെയായിരുന്നു.

അപ്പനെ അവൻ കണ്ടിട്ടില്ല. അപ്പൻ ആരാണെ

ന്നം അറിഞ്ഞുകൂടാ. അമ്മ പറഞ്ഞത്ത് അപ്പൻ മരിച്ചു പോയെന്നാണു്. പള്ളിവക സിമിത്തേരിയിൽ ആ പ്രിയപ്പെട്ട പിതാവിൻെറ ശരീരം അടക്കം ചെയ്തിരിക്കയാണത്രെ.

അപ്പനും തെണ്ടി ആയിരുന്നിരിക്കാം. അങ്ങനെ തെണ്ടിത്തെണ്ടി തെരുവിൽക്കിടന്നു കണ്ണടഞ്ഞതായിരിക്കണം. അവൻെറ അമ്മയും തെരുവിൽ കിടന്നാണു മരിച്ചത്. അപ്പനെപ്പററി ചോദിച്ചിട്ടുള്ളപ്പോളൊക്കെ അമ്മ കരയുക മാത്രമേ ചെയ്തിട്ടുള്ളു. ആ കണ്ണീർ കാണാനുള്ള കരുത്ത് അവനില്ലായിരുന്നു. അവനും അമ്മയെ കെട്ടിപ്പിടിച്ചു കരഞ്ഞുപോയിട്ടുണ്ട്. പിന്നെ ഒരിക്കലും അതിനേക്കുറിച്ചവൻ മിണ്ടാതെയായി.

മക്കളെന്നുവച്ചാൽ ആ തള്ളക്കു ജീവനായിരുന്നു. അങ്ങനെ ഒരുദിവസം ആ സ്നേഹമുള്ള തള്ളയും അവരെ ഉപേക്ഷിച്ചു പോയി. റോഡിൽ ഇട്ടെറിഞ്ഞിട്ടു തോന്നിയവഴിക്കു പോയതല്ല. മരണസമയത്ത് അവർ അടുത്തുണ്ടായിരുന്നു. ആ രംഗം അവൻ മറന്നിട്ടില്ല.

കൊടുംതണുപ്പുള്ള ഒരു രാത്രി. ആ മരച്ചുവട്ടിൽ എരിഞ്ഞുകൊണ്ടിരിക്കുന്ന അടുപ്പിൻെറ അരുകിൽ മലന്നു കിടന്നാണു് അമ്മ ശ്വാസംവലിച്ചതു്. മരിക്കുന്നതിനു മുമ്പേ അവനെ വിളിച്ച് അടുത്തിരുത്തി. എന്നിട്ടു തലോടി........ഉമ്മവച്ചു......ഒടുവിൽ അന്നമ്മയെ നോക്കിക്കൊള്ളണമെന്നു പറഞ്ഞു. അതിൻ്റെ പൊരുൾ അവനു ദുർഗ്രാഹ്യമായിരുന്നു. എങ്കിലും നോക്കിക്കൊള്ളാമെന്നുള്ള അർത്ഥത്തിൽ അവൻ തലയാട്ടി. അപ്പോൾ അമ്മയുടെ കണ്ണിൽനിന്നു കുടുകുടാ കണ്ണുനീരൊഴുകി.

അടുപ്പിലെ തീ കെട്ടുപോയതുകൊണ്ടു പിന്നെ ഒന്നും കാണാൻ സാധിച്ചില്ല. അമ്മയെ കെട്ടിപ്പിടിച്ചുകൊണ്ടുറങ്ങി. നേരം വെളുത്തപ്പോൾ ആ കണ്ണുകൾ അടഞ്ഞിരുന്നു. തുറന്ന വായിൽനിന്നു പല്ലുകൾ പുറത്തേക്കു നീണ്ടിരുന്നു. ആ കിടപ്പുകണ്ടു് അവൻ പേടിച്ചുപോയി. അവൻ അമ്മയെ കുലുക്കിനോക്കി. അനക്കമില്ല. വാവിട്ടു കരഞ്ഞു. എന്നിട്ടും അമ്മ കണ്ണുതുറന്നില്ല. അങ്ങനെ ആദ്യമായി അവൻ മരണംകണ്ടു. കുറെ പുലന്നപ്പോൾ ഒരു മുൻസിപ്പൽ വണ്ടി വന്നു് ആ ശവം കയററിക്കൊണ്ടുപോയി. സിമിത്തേരിയിലേക്കോ ശവപ്പറമ്പിലേക്കോ.....?

ഇന്നും തോമ്മായ്ക്കറിയില്ല, അവൻെറ അമ്മയെ അടക്കംചെയ്തിരിക്കുന്നതെവിടെയെന്നു്. സിമിത്തേരിയിലോ—ശവപ്പറമ്പിലോ?

തോമ്മായുടെ കണ്ണുകളിൽനിന്നു ചൂടുള്ള നീർത്തുള്ളികൾ ഒഴുകുന്നുണ്ടായിരുന്നു. കണ്ണുനീരിന്റെ മറവിലൂടെ കഴിഞ്ഞുപോയ കാലത്തിൻെറ നോക്കെത്താത്ത വിസ്തൃതിയിലേക്കു് അവനൊന്നു തിരിഞ്ഞുനോക്കി.

മരുപ്പരപ്പിൻെറ ശൂന്യത മാത്രം!

വിശപ്പിൻെറയും വേദനയുടേയും ഭാരം ചുമന്നുകൊണ്ടു് ജീവിതത്തിൻെറ പതിനേഴു നാഴികക്കല്ലുകൾ അവൻ കടന്നു പോന്നിരിക്കുന്നു. അമ്മയുടെ മരണശേഷം ആ കൊച്ചുനിയതതിക്കുവേണ്ടി എന്തെന്തു കഷ്ടപ്പാടുകൾ അവൻ സഹിച്ചിരിക്കുന്നു.

ഓ! എത്ര വേഗത്തിലാണു നാളുകൾ കടന്നുപോയതു്.

ഇന്നിതാ ഏററവും ആപൽക്കരമായ ഒരു വഴി ത്തിരിവിൽ അനിയത്തിയുടെ കയ്യുംപിടിച്ചുകൊണ്ടു് എങ്ങോട്ടു പോകണമെന്നറിയാതെ മിഴിച്ചുനില്ക്കുകയാണു്. അപഗ്രഥിക്കപ്പെട്ടാൻ വയ്യാത്ത ഒരു മഹാപ്രശ്നം തന്റെ മുമ്പിൽ വിലങ്ങടിച്ചുകിടക്കുന്നു. ഏതു സമയത്തും പൊട്ടിത്തെറിച്ചേക്കാവുന്ന ഒരു സ്ഫോടകവസ്തുവിനെപ്പോലെ അതു പുകഞ്ഞുകൊണ്ടിരുന്നു.

അവളുടെ സൌന്ദര്യം!

ആ സൌന്ദര്യം അപകടങ്ങളെ ക്ഷണിച്ചുവരുത്തിയേക്കാം. അതു സംഭവിക്കുംമുമ്പു് അവളെ രക്ഷപെടുത്തണം. അത്തരമൊരു തകർച്ചയുണ്ടായാൽ പിന്നെ താൻ ജീവനോടിരിക്കുന്നതെന്തിനു്? അതുകൊണ്ടു തീർച്ചയായും ഈ പരിതഃസ്ഥിതിയിൽനിന്നു് അവളെ മോചിപ്പിച്ചേ പററു. അതിനു് എന്തു മാർഗ്ഗം?

കാടുകയറിയ ചിന്തകൾ തോമ്മായെ പലവഴിക്കും പിടിച്ചു വലിച്ചുകൊണ്ടിരുന്നു. ഒരവസാന തീർപ്പിലെത്താൻ സാധിച്ചില്ല. പിന്നേയും ആ ചോദ്യം മാത്രം ശേഷിച്ചു.

എന്തു മാർഗ്ഗം?

പെട്ടെന്നു് തലയ്ക്കുള്ളിൽ ഒരു വെളിച്ചം കടന്നു. ഈ തൊഴിൽ അങ്ങവസാനിപ്പിച്ചാൽ തന്നെയെന്തു്? നാറുന്ന ഓവുചാലുകളിൽ നായ്ക്കളെപ്പോലെ അലഞ്ഞുനടന്നു് എത്രകാലം ജീവിക്കാം? അന്യരുടെ ആട്ടും അടികളും സഹിച്ചു് ഒടുവിൽ......ഒടുവിൽ......ഏതെങ്കിലും പീടികത്തിണ്ണയിൽ കിടന്നു മരിക്കുക. തെരുവുകളിൽനിന്നു തെരുവുകളിലേക്കു നരച്ചുനീങ്ങുന്ന മനുഷ്യപ്പുഴക്ക

ളൂടെ നിലയ്ക്കാത്ത ഒരു ഘോഷയാത്ര അവൻെറ മനസ്സി ലൂടെ കടന്നുപോയി. ഹൌ! ആ കാഴ്ച!

അവൻ തീരുമാനിച്ചു.

ഇനി തെണ്ടേണ്ട. എങ്ങനേയും രക്ഷപെട്ടാൽ മതി. എങ്ങോട്ട്? പട്ടണത്തിൽനിന്നു മറെറാരു പട്ടണത്തിലേക്കോ. വേണ്ട. പട്ടണത്തിലെ അന്തരീക്ഷം എവിടേയും ഒരുപോലെയാണ്. ഏതെങ്കിലും നാട്ടുമ്പുറത്തേക്കു പോകാം. അവിടെയുള്ള മനുഷ്യർ നല്ലവരാണ്.

വെളിച്ചത്തിൽ മുങ്ങിക്കിടക്കുന്ന ഒരു കൊച്ചുനാട്ടുമ്പുറം. തോപ്പുകൾ, വയലുകൾ. വൈക്കോൽ മേഞ്ഞ ചെറിയചെറിയ വീടുകൾ.....എന്തൊരു ശാന്തിയാണവിടെ. അതുപോലെ തനിക്കും ഒരോലക്കുര കെട്ടണം. അന്നമ്മയോടൊത്ത് ആരേയും ഭയപ്പെടാതെ അവിടെ കഴിയാമല്ലൊ. ഒരു തുമ്പായുണ്ടെങ്കിൽ വയലിൽ വേലയ്ക്കുപോകാം. അന്യൻെറ മണ്ണിലായാലെന്ത്? പണിയെടുത്തു ജീവിക്കുന്നതിൽ അഭിമാനിക്കരുതേതാ?

"പോകണം." അവൻ ചുണ്ടു കൂട്ടിയപാടെ ഹൃദയത്തിൽ പറഞ്ഞു. എന്തോ വലിയ കാര്യം സാധിച്ച കൃതാർത്ഥതയോടെ നെടുവീർപ്പിട്ടു.

തലയ്ക്കുള്ളിൽ നല്ല സുഖം. കുളുർമ്മയുള്ള ഒരു കടൽക്കാററു വീശി. രാത്രിയുടെ വിഷാദനിർഭരമായ തേങ്ങൽപോലെ തിരമാലകളുടെ ഒച്ചമാത്രം അനുസ്യൂതമാമായി പൊങ്ങിക്കൊണ്ടിരുന്നു.

അവൻെറ പരിക്ഷീണമായ മിഴികൾ മെല്ലെ അടഞ്ഞു. പെട്ടെന്ന് അകലെ എന്തോ ഒരു ശബ്ദം കേട്ടു.

ഘനമുള്ള ചെരിപ്പിൻെറതുപോലെ. അത് അടുത്തടുത്തു വരികയാണോ.

അവൻ ചെവികൂർപ്പിച്ചു കിടന്നു.

അതെ. ആ ശബ്ദം കൂടുതൽ കൂടുതൽ വ്യക്തമാകുന്നു. അത് അടുത്തടുത്തു വരികയാണ്. ഇരുട്ടിൻെറ മറവിൽ ഒന്നും കണ്ടുകൂടാ. പോലീസുകാരനായിരിക്കുമോ?

നെഞ്ചിൽ ഒരു നടുക്കമുണ്ടായി. ആ നടുക്കത്തോടുകൂടിത്തന്നെ, ഒരു ടോർച്ച്ലൈററിൻെറ പ്രകാശം പീടികക്കോലായിൽ പരക്കുന്നതവൻ കാണുകയും ചെയ്തു. നാശം. അയാൾ തന്നെ കണ്ടുകാണും.

അവൻ കണ്ണുകൾ ഇറുകെ അടച്ചു, ഉറങ്ങുന്നതുപോലെ. ആ കനത്ത ബൂട്ട്സിൻെറ പരുപരുത്ത ശബ്ദം അടുത്തെത്തിക്കഴിഞ്ഞു. അപ്പോൾ അവൻെറ നെഞ്ചിടിപ്പിന് ഒരു യന്ത്രത്തിൻെറ ശക്തിയുണ്ടായിരുന്നു.

നെഞ്ഞിടിപ്പിക്കുന്ന നിമിഷങ്ങൾ!

ബൂട്ട്സിൻെറ ശബ്ദം പൊടുന്നനെ നിലച്ചു. തുടന്ന് ഞെട്ടിക്കുന്ന ഒരു ചോദ്യവും.

"ആരെടാ കെടക്കുന്നത്?"

തോമ്മാ മിണ്ടിയില്ല.

വീണ്ടും ആ ചോദ്യം ആവത്തിക്കപ്പെട്ടു.

എന്നിട്ടും മിണ്ടാൻ നാവുപൊങ്ങിയില്ല.

ബൂട്ട്സിൻെറ ചവിട്ടു അവൻെറ തുടയിൽ വീണു.

"എഴുന്നേൽക്കെടാ നായേ"

അതൊരലർച്ചയായിരുന്നു.

അന്നാമ്മയും തോമ്മായും ഒപ്പം ഉരുണ്ടുപിരണ്ടെഴു

നോററ. പിന്നെയും ആ ടോർച്ചുലൈററ് തെളിക്കപ്പെട്ടു. അതിൻെറ കണ്ണഞ്ചിക്കുന്ന വെളിച്ചത്തിൽ അവരെ അയാറം ശരിക്കു കണ്ടു. ഒരാണും ഒരു പെണ്ണും!

പോലീസുകാരൻ തോമ്മായോടു ചോദിച്ചു:

"ഇവളെ നിനക്കെവിടുന്നു കിട്ടിയെടാ"

"അവളെൻെറ അനിയത്തിയാ ഏമാനേ"

"നിൻെറ ആരാ...?"

"അനിയത്തി"

"ഫൂ. കള്ള റാസ്കൽ. എങ്ങാണ്ടുനാടിച്ചോണ്ടുവന്നോച്ച്...അനിയത്തി"

അയാറം അവളോടു ചോദിച്ചു:

"എടീ, ഇവൻ നിൻെറാരാ?"

"ചേട്ടനാ"

"നിൻെറ പേരു്?"

"അന്നാമ്മ"

"ഉം, അങ്ങോട്ടു മാറിനില്ല്"

അവറം അല്പം മാറിനിന്നു. അയാറം തോമ്മായുടെ നേക്കു തിരിഞ്ഞു.

"എന്തോന്നാടാ നിൻെറ പേരു്?"

"തോമ്മായെന്നാ" കശാപ്പുകാരൻെറ കത്തിയുടെ കീഴെ നില്ക്കുന്ന ഒരാടിൻെറ പ്രതീതിയുണ്ടായിരുന്നു ആ പാവത്തിന്.

"അപ്പൻെറ പേരു്?"

ഉത്തരം പറയേണ്ട ചോദ്യമാണ്. പക്ഷെ എന്തു

പറയും. അപ്പനാരാണെന്നു നിശ്ചയമില്ല. അവൻ പറഞ്ഞു:

"അറിഞ്ഞുകൂടാ"

അതുകേട്ടപ്പോൾ പോലീസുകാരനു ചിരിവന്നു.

"അമ്മേടെ പേരോ?"

"മറിയാമ്മ"

"വീട്?"

"ഇനിക്കു വീടില്ല ഏമാനേ. ഞാൻ തെണ്ടിയാ"

അതിനെത്തുടർന്നു പലതും ചോദിച്ചു. ചോദിച്ചതുതന്നെ ആവർത്തിച്ചാവർത്തിച്ച്. ഒടുവിൽ അയാൾക്കൊരു കാര്യം അറിഞ്ഞുതീരു.

"നായിൻെറ മോനേ. നേരു പറഞ്ഞേയ്ക്കു്. ഇവളെ എവിടുന്നു കിട്ടി?"

തോമ്മായ്ക്കു പൊട്ടിക്കരയണമെന്നു തോന്നി. അവൾ തൻെറ അനിയത്തിയാണെന്നു തെളിയിക്കുന്നതെങ്ങിനെ. നിസ്സഹായതയെ പ്രകടമാക്കുന്ന സ്വരത്തിൽ അവൻ ആണയിട്ടു പറഞ്ഞു:

"കർത്താവിനാണെ അവളെൻറനിയത്തിയാ"

"ഠോ..." ആ വാചകം തീരുന്നതിനുമുമ്പ് അയാളുടെ കൈ തോമ്മായുടെ കരണത്തു വീണു. ഒരു പുളച്ചിലോടെ അവൻ നിലത്തിരുന്നുപോയി.

ഉടനെ ആ പെണ്ണു നിന്നിരുന്നേടത്തേയ്ക്കു പോലീസുകാരൻെറ ദൃഷ്ടികൾ പാഞ്ഞു.

അവൾ എവിടെ?

ടോർച്ചു തെളിച്ച് അവിടെയെല്ലാം പരിശോധിച്ചു. പീടികക്കോലായിൽ —റോഡിൽ —കടലോരത്ത്—

എങ്ങും കാണാനില്ല. ഘനീഭവിച്ച ശൂന്യതമാത്രം.

അവൾ എവിടെപ്പോയി?

അടങ്ങാത്ത അമർഷത്തോടെ, ഏതോ അനർഘമായ കനകനാണയം കൈമോശംവന്ന നൈരാശ്യത്തോടെ ഓരോ മൂലയിലും അയാൾ തിരഞ്ഞുനടന്നു. കണ്ടില്ല.

അവൾ കൈതട്ടി ചാടിപ്പോയിരിക്കുന്നു! എങ്ങോട്ട്? അയാൾ പല്ലുഞെരിച്ചുകൊണ്ട് തോമ്മായോട്ട് അലറി.

"എവിടെടാ അവൾ?"

"ആ..." അവൻ കൈ മലത്തി

"നിനക്കറിഞ്ഞുകൂടേ?"

"ഇല്ല"

"ഇല്ലേ?"

തോമ്മായുടെ ഹൃദയനിവേദനങ്ങളെ ലേശവും വക വെയ്ക്കാതെ അയാൾ അവൻെറ കരണത്ത് നാലഞ്ചടി കൾക്കൂടി പാസ്സാക്കി.

"നിന്നെ എന്നെങ്കിലും ഞാനെടുത്തോളാമെടി... മോളേ." തൻെറ ബുദ്ധിയില്ലായ്മയെ സ്വയം ശപിച്ചുകൊണ്ട് പോലീസുകാരൻ റോഡിലിറങ്ങി നേരെ കിഴക്കോട്ടു നടന്നു.

ആ കനത്ത ബൂട്ട്സിൻെറ ശബ്ദം ഹൃദയശൂന്യതയുടെ കുളമ്പടിയൊച്ചപോലെ അകന്നകന്നുപോയി. കത്തുന്ന കണ്ണുകളോടെ അങ്ങോട്ടു നോക്കിക്കൊണ്ടു തോമ്മാ മൂകനായിരുന്നു.

നിമിഷങ്ങൾ കൊഴിഞ്ഞുകൊണ്ടിരുന്നു. തോളിൽ ആരോ സ്പർശിച്ചതുപോലെ ഒരു തോന്നൽ. അവൻ

തിരിഞ്ഞുനോക്കി.

അന്നാമ്മ!

അവരം കിതയ്ക്കുന്നുണ്ടായിരുന്നു.

"വാ. നമുക്കിവടുന്നു പോകാം. ഇനീം പെലപ്പുഴാ കാലൻ വരും"

പിന്നെ ഒരുക്ഷണം താമസിച്ചില്ല. അവനും എഴുന്നേററു. അവരൊരുമിച്ച് കടലോരത്തെ ഇരുട്ടിലൂടെ മുന്നോട്ടു നീങ്ങി. ഏറെനേരത്തേയ്ക്ക് ഇരുവരും ഒന്നും ശബ്ദിച്ചില്ല.

. പട്ടണം പിന്നിട്ടു കഴിഞ്ഞപ്പോൾ തോമ്മായ്ക്കു സമാധാനമായി. അവൻ ചോദിച്ചു:

"നീ എങ്ങനെ രക്ഷപെട്ടു?"

"അയാള് ചേട്ടനെ ക്രാസ്സ് ചെയ്യാണ്ടിരുന്നപ്പഴ് ഞാൻ പയ്യെ പയ്യെ മാററിക്കളഞ്ഞു."

"എന്നിട്ട് നീ എവിടെ ഒളിച്ചു?"

"കൊറച്ചു ദൂരെ ആ മതിലെറമ്പിലൊരു വീപ്പത്തൊട്ടിയിരുപ്പില്ലേ. അതിനകത്തു കേറി. മേത്തെല്ലാം ചപ്പും ചവറും വാരിയിട്ടോണ്ടു പതുങ്ങിക്കെടക്കുവാരുന്നു."

അനിയത്തിയുടെ ഔചിത്യബുദ്ധിയിൽ തോമ്മായ്ക്കഭിമാനം തോന്നി: അവൻ പറഞ്ഞു:

"ഏതായാലും ആ പെകുത്താൻ നിന്നെ കാണാഞ്ഞതു നന്നായി."

"ഹെന്റെ കർത്താവേ. ഞാനങ്ങു പേടിച്ചുപോയി" അവരം നെടുവീർപ്പിട്ടു.

അവനും നെടുവീർപ്പിട്ടു.

"ഓ ഇനി ആരേം പേടിക്കണ്ട."

# അവൾ തുറന്നുപറയുന്നു

തെളിമയുള്ള ഒരു സായാഹ്നം. പടിഞ്ഞാറെ ച ക്രവാളത്തിൽ ഇളംചുവപ്പു മേഘങ്ങൾ പ്രകാശിച്ചിരു ന്നു. പട്ടണം തീരുന്നേടത്തു് കായലോരത്തിലുള്ള ആ പാ ർക്ക് മനോഹരമായ തങ്കവെളിച്ചത്തിൽ മുങ്ങിക്കിടക്കുക യായിരുന്നു.

പാർക്കിനെതിരെ നീണ്ടുകിടക്കുന്ന നീലിമയാണ് കാ യൽപ്പരപ്പ്. അതിന്റെ പ്രശാന്തമായ വിരിമാറിലൂ ടെ പായ്കെട്ടിയ പാണ്ടികവഞ്ചികളും മുക്കുവരുടെ മീൻ തോണികളും നീങ്ങിക്കൊണ്ടിരുന്നു. കായലിൽനിന്ന് ഒരു നേരിയ കുളുർകാററ് അനുസ്യൂതമായി വീശുന്നുണ്ടാ യിരുന്നു.

പാർക്കിന്റെ നടപ്പാതകളിൽ ജീവിതത്തിന്റെ ച ലനവും ചൈതന്യവും നിറഞ്ഞുനില്ക്കുന്നതുപോലെ തോ ന്നി. പട്ടുസാരികളും വളകിലുക്കങ്ങളും ചലിച്ചുമറയു ന്ന നിഴൽപ്പാട്ടുകൾമാതിരി നീങ്ങിക്കൊണ്ടിരുന്നു. എ വിടെനോക്കിയാലും അല്ലലില്ലാത്ത മുഖങ്ങൾ. ആഹ്ലാദം തിരയടിക്കുന്ന പൊട്ടിച്ചിരികൾ. വിഷാദവും വേദ നയും അവിടെങ്ങും എത്തിനോക്കിയിട്ടുപോലുമില്ല. മ നുഷ്യജീവിതം എന്നെന്നും അതുപോലെ, അവസാനിക്കാ ത്ത ആനന്ദത്തിന്റെ ഒരാകത്തുകയായിരുന്നെങ്കിൽ എ ന്നാശിച്ചുപോകും.

പാർക്കിലെ ഏകാന്തമായ ഒരു കോണിൽ നിറയെ

ചുവന്ന പൂക്കളും ചുമന്നുകൊണ്ട് നിൽക്കുന്ന ഒരു അരളിച്ചെടിയുടെ കീഴിലാണ് ആ കൂട്ടുകാരികൾ ഇരുന്നിരുന്നത്.

റീത്തയും മേരിയും.

രണ്ടുപേരും യുവതികളാണ്. വിടൎന്ന പനിനീർപ്പൂവിന്റെ രൂപസൗഭാഗ്യം അവരുടെ ശരീരത്തെ തഴുകിനിന്നു. പട്ടണത്തിലെ പരിഷ്കാരത്തിന്റെ പുറംമോടികൾ അതിനു മാററുകൂട്ടുന്നവയായിരുന്നു.

റീത്ത വിഷാദഭാവത്തിൽ തലകുനിച്ചിരിക്കയാണ്. അവളുടെ മിഴികളിലും മുഖത്തും ഒരു സങ്കടഛായ പരന്നിട്ടുണ്ട്.

കൂട്ടുകാരിയുടെ ദുഃഖകാരണം എന്താണെന്നറിയുവാൻ മേരിക്ക് ഉൽക്കണ്ഠയുണ്ടായിരുന്നു. അതിനുമുമ്പ് ഒരിക്കലും റീത്തയുടെ മുഖം അതുപോലെ വിവൎണ്ണമായി അവൾ കണ്ടിരുന്നില്ല. തന്റെ പ്രിയപ്പെട്ട കൂട്ടുകാരിയുടെ ഹൃദയം ഏതോ ശോകചിന്തകൾക്കധീനമാണെന്നുള്ളതിൽ മേരിക്ക് സംശയമുണ്ടായില്ല. അവളുടെ ജിജ്ഞാസ നിമിഷംതോറും വർദ്ധിക്കുകയായിരുന്നു.

എപ്പോഴും ചുണ്ടത്തൊരു വിടൎന്ന പുഞ്ചിരിയുമായി കോളജിലെങ്ങും ഒരു പൂമ്പാററയെപ്പോലെ പറന്നുനടക്കാറുണ്ടായിരുന്ന റീത്ത, ഇങ്ങിനെ വിഷാദസ്വപ്നം കാണുന്നവളെപ്പോലിരിക്കുന്നതിന്റെ കാരണം?

ചുററുപാടും നോക്കിയിട്ട് പതിഞ്ഞ സ്വരത്തിൽ മേരി വിളിച്ചു "റീത്തേ".

റീത്ത മിണ്ടിയില്ല. നീണ്ട ഒരു നെടുവീർപ്പിൽ അവളുടെ മാറിടം ഉയൎന്നുതാണു.

“റീത്തേ.” സ്നേഹലോലമായ ആ വിളി ആവത്തിക്കപ്പെട്ടു.

‘ഓ….’

അവരം പതുക്കെ മുഖമുയത്തി. സായാംകാലത്തിലെ നേത്ത സൂര്യപ്രകാശത്തിൽ വല്ലാത്ത ഒരാകഷണീയത ആ മുഖത്തിനുണ്ടായി. അവളുടെ നെററിത്തടത്തിൽ പാറിക്കിടന്ന കുനിരകൾ നേരെയാക്കിക്കൊണ്ടു് മേരി ചോദിച്ചു.

‘എന്താ നിനക്കിത്ര വിഷാദം?’

‘ഓ….ഒന്നുമില്ല’ റീത്ത വിഫലമായി മന്ദഹസിക്കുവാൻ ശ്രമിച്ചു.

‘എങ്കിൽ പിന്നെന്താ ഒന്നും മിണ്ടാതിരിക്കുന്നേ?’

‘എന്തു മിണ്ടാനാ.’

‘ഇന്നെന്താ മൌനവ്രതമാണോ?’

അല്പനേരത്തെ മൂകതയ്ക്കുശേഷം റീത്ത പറഞ്ഞു.

‘എന്തോ കുറച്ചുദിവസമായി മനസ്സിനു നല്ല സുഖം തോന്നുന്നില്ല’

“അപ്പോരം മുമ്പു പറഞ്ഞതു നന്നയല്ലേ?”

“പറയാൻ വളരെയുണ്ടു്. പക്ഷേ…? പറയാൻ പാടില്ലാത്ത കായ്യങ്ങളാണു്”

ഓഹോ! പറയാൻ പാടില്ലാത്ത എന്തു കാര്യമാണെന്റെ ശ്രീമതി ചെയ്തതെന്നു പറഞ്ഞാട്ടേ….?’ കളിയാക്കുന്നമട്ടിൽ മേരി ചോദിച്ചു.

“ഇനി ഇതിനേക്കാരം വലിയൊരു തെററു ചെയ്യാനില്ല. അറിഞ്ഞുകൊണ്ടുതന്നെ ആ ഏററവും വലിയ തെററു ഞാൻ ചെയ്തു.”

"നീ തെററു ചെയ്യുന്നോ. ആരോട്?"

"മററാരോടുമല്ല. എന്നോടുതന്നെ."

മേരിക്കു ചിരിപൊട്ടിപ്പോയി. അവൾ പറഞ്ഞു.'ഇതൊരുവക ലൂണാററിക്സിന്റെ ലക്ഷണമാ.'

"അതേ മേരി. എന്നെസംബന്ധിച്ചിടത്തോളം നീ പറയുന്നതു വളരെ ശരിയാണ്."

"എനിക്കൊന്നും മനസ്സിലാകുന്നില്ല."

"ഇപ്പോൾ മനസ്സിലാവില്ല. പക്ഷെ മനസ്സിലാകുമ്പോൾ നീ നട്ടങ്ങരുത്."

റീത്തയുടെ വാക്കുകൾ മേരിയുടെ ഉള്ളിൽ ആശങ്കകളുടെ ഒരു കോളിളക്കംതന്നെ സൃഷ്ടിച്ചു.

അറിയുന്ന മാത്രയിൽ നട്ടങ്ങിപ്പോകത്തക്കവിധം അത്രയ്ക്കു ഭയങ്കരമായ ആ തെററ് എന്തായിരിക്കാം. ഒരുപക്ഷെ ബോംബെയിൽ കഴിഞ്ഞുകൂടുന്ന അവളുടെ ഇഷ്ടക്കാരനായ ജോണിക്കുട്ടിയുമായി വല്ല പിശകുകളും ഉണ്ടായിരിക്കുമോ? അയാൾ അവധിക്കുവന്നു മടങ്ങിയിട്ടു നാലഞ്ചുമാസം കഴിഞ്ഞിട്ടില്ല. അങ്ങിനെ എന്തെങ്കിലും സംഭവിച്ചിരുന്നെങ്കിൽ നിശ്ചയമായും റീത്ത തന്നോടു പറയുമായിരുന്നു. പോരാത്തതിന് കോളേജിൽ പഠിക്കുന്ന കാലംതൊട്ടു അവർ തമ്മിൽ ഇഷ്ടമായതാണ്. റീത്തയെന്നുവച്ചാൽ ജോണിക്കുട്ടിയുടെ എല്ലാമായിരുന്നു. അവൾക്കുവേണ്ടി മരിക്കാൻ പോലും ഒരുക്കമുള്ള കൂട്ടത്തിലാണയാൾ. തന്നെയല്ല; റീത്തയുടെ പഠിപ്പു പൂർത്തിയായാലുടനെ അവളെ വിവാഹംചെയ്തു ബോംബെയിലേക്കു കൊണ്ടുപോകാൻ അയാൾ നിശ്ചയിച്ചിരിക്കയാണെന്നും കേട്ടു. ആ നിലയ്ക്കു അതു സംഭവിക്കാൻ

ന്യായമുണ്ടോ? ജോണിക്കുട്ടി റീത്തക്കയച്ചിട്ടുള്ള പല കത്തുകളും താൻ കണ്ടിട്ടുണ്ട്. സ്നേഹം നിറഞ്ഞ ഒരു ഹൃദയത്തിന്റെ തുടിപ്പുകളായിരുന്ന ആ കത്തുകളോരോന്നും. പിന്നെ....റീത്ത ചെയ്യുന്ന പറയുന്ന ആ തെററ് എന്തായിരിക്കും?

മേരിയ്ക്കു് ഒരുപിടിയും കിട്ടിയില്ല. സംശയത്തോടെ അവൾ അന്വേഷിച്ചു.

"എന്താ നിങ്ങൾ തമ്മിൽ പിണക്കത്തിലായോ?"

"ആരുതമ്മിൽ?"

"നീയും നിൻെറ ഇഷ്ടക്കാരൻ ജോണിക്കുട്ടിയും."

റീത്തയുടെ മുഖം വിളറിപ്പോയി. അസഹ്യമായ വേദനയാൽ പൊട്ടിക്കരയാൻ തുടങ്ങും പോലെ അവൾ പറഞ്ഞു.

"ഒരു പിണക്കവുമില്ല. എങ്കിലും...."

"എങ്കിലും?"

"ജോണിക്കുട്ടി എന്നോടു പിണങ്ങും."

"കാര്യം.?,

"അങ്ങനെയൊക്കെയാണു സംഭവിച്ചതു്."

"എന്താ നിനക്കു വേറെ വല്ല മാര്യേജ് എൻഗേജ്മെൻറും വന്നിട്ടുണ്ടോ?"

"ഇല്ല. വന്നാൽതന്നെയും അപ്പനും അമ്മയും അനുകൂലിക്കില്ല. ജോണിക്കുട്ടിയുടെ കാര്യം അവർക്കു വളരെ ഇഷ്ടമാ."

"ഓ! എങ്കിൽ കുറച്ചുനാൾ കഴിഞ്ഞു് ഒരു സുപ്രഭാതത്തിൻ ഈറയിരിക്കുന്ന സുന്ദരിയായ ശ്രീമതി റീത്തയും

അതുപോലെതന്നെ സുന്ദരനും നല്ലവനുമായ ജോണി...."

മേരിയുടെ പരിഹാസമധുരമായ വാക്കുകൾക്കു വിരാമമിട്ടുകൊണ്ട് റീത്ത ഇടയ്ക്കു കയറിപ്പറഞ്ഞു.

"മതി മതി".

"എന്താ നാണമാകുന്നോ. എന്നാലിനി ഒരക്ഷരം മിണ്ടുല്ലാ." ചാപല്യം മാറാത്ത ഒരു കുട്ടിയെപ്പോലെ മേരി കവിൾ വീർപ്പിച്ചിരുന്നു. അതു കണ്ടപ്പോൾ റീത്തയ്ക്കു മന്ദഹസിക്കാതിരിക്കാൻ കഴിഞ്ഞില്ല.

• കുലുങ്ങിച്ചിരിച്ചുകൊണ്ട് മേരി തുടന്നു.

"കത്താവേ. അന്ന് ഈ മേരിയെ കണ്ടാൽ ഒന്നു തിരിഞ്ഞുപോലും നോക്കുല്ല."

"മേരീ. നീ ഇപ്പറയുന്നതെല്ലാം വെറും സ്വപ്നങ്ങളെക്കുറിച്ചാണ്."

"കൺമുമ്പിൽ കണ്ടതും ഇനി കാണാനിരിക്കുന്നതുമായ പരമാത്ഥങ്ങൾ സ്വപ്നങ്ങളാകുന്നതെങ്ങനെയാ?"

തെല്ലിട നിശ്ശബ്ദയായിരുന്നിട്ട് റീത്ത പറഞ്ഞു.

"എൻെറ മേരീ. അതുമാത്രം നീ എന്നോടു ചോദിക്കരുത്."

"ഇപ്പോഴേ വെറുപ്പാണെങ്കിൽ....വേണ്ടാ."

"വെറുപ്പോ. ആരോട്?"

"എന്നോടുതന്നെ. അല്ലെങ്കിൽ റീത്തയ്ക്കെന്താ എല്ലാം തുറന്നുപറയാൻ ഇത്ര മടി"

"തുറന്നുപറയാൻമടിയായിട്ടല്ല പക്ഷേ...."

"പക്ഷേ?"

"പറഞ്ഞാൽ നീ എന്നെ വെറുക്കും. ഇന്നോളം നീയറിയാത്ത ഒരു രഹസ്യം എനിക്കില്ല. എന്നാലും ഇതു മാത്രം നീ അറിയണ്ട."

റീത്ത അരികിൽ നിന്നിരുന്ന ചെടിയിൽനിന്നു ഒരു പൂങ്കുലപറിച്ചെടുത്തു് അതിന്റെ ഇതളുകൾ ഓരോന്നായി അടത്തുവാൻ തുടങ്ങി. ഏറെനേരത്തേയ്ക്കു് ആ കൂട്ടുകാരികൾ ഒന്നും പറയാതെ തിളങ്ങുന്ന കായൽപ്പരപ്പിലേക്കു നോക്കിക്കൊണ്ടിരുന്നു. ഒരു മഞ്ഞപക്ഷി ചെടിപ്പടർപ്പിന്മേൽ പറന്നുവീണു മെല്ലെ ചിറകൊതുക്കി.

കുറെ കഴിഞ്ഞു് മേരിയാണു മൂകതയെ ഭഞ്ജിച്ചതു്.

"നേരുപറയൂ. ജോണിക്കുട്ടിയും നീയും തമ്മിൽ വല്ല...."

"ഒന്നുമുണ്ടായിട്ടില്ല. സ്വന്തം ജീവനെപ്പോലെ ജോണി എന്നെ സ്നേഹിക്കുന്നുണ്ടു്. വാസ്തവത്തിൽ ഞാനാണു് ആ സാധുവിനെ ചതിച്ചതു്."

"ചതിച്ചോ. എങ്ങിനെ?"

റീത്ത മിണ്ടിയില്ല.

"അപ്പോൾ ജോണിക്കുട്ടിയെ നീ ചതിച്ചു അല്ലേ? ആ പാവത്തിന് എന്തുമാതിരി വേദനയായിരിക്കും ഇതറിയുമ്പോൾ. കഷ്ടം!"

"ശരിയാണു്. വേദനതോന്നും. മാത്രമല്ല; ഒരു വിഷപ്പാമ്പിനെപ്പോലെ എന്നെ വെറുക്കുകയും ചെയ്യും"

"എങ്കിലും എന്റെ റീത്ത. ആ നല്ല മനുഷ്യനോടു് നീ ഇതു ചെയ്യേണ്ടായിരുന്നു."

"അതെ. ആ മനുഷ്യൻ നല്ലവനായിരുന്നു." എനിക്കറിയാം. ഞങ്ങൾ തമ്മിൽ ഇഷ്ടമായിരുന്നെങ്കിലും എന്നോട് അനാവശ്യമായി ഒന്നു സംസാരിച്ചിട്ടുപോലുമില്ല. ഒരിക്കൽ ജോണി എന്നോടു പറഞ്ഞ ഒരു വാചകം ഞാനോർക്കുന്നു. 'റീത്തേ. നിൻെറ ഈ കൊഴുത്ത ശരീരത്തെയല്ല നിന്നെയാണു ഞാൻ സ്നേഹിക്കുന്നതെന്നു"

മേരിയ്ക്കതു വിശ്വസിക്കാൻ കഴിഞ്ഞില്ല. അവൾ പറഞ്ഞു. "ഇപ്പോഴത്തെ ചെറുപ്പക്കാരാരും ഇതങ്ങു സമ്മതിച്ചു തരില്ല. ഈ പ്ലേറേറാണിക്കൽ സിദ്ധാന്തം ഇന്നത്തെ കാലത്ത് പ്രായോഗികമാണെന്നും എനിക്കു തോന്നുന്നില്ല."

"ഞാൻ സത്യമാണു പറഞ്ഞതു്. അത്തരം ഹൃദയസമ്പന്നനായ ഒരു മനുഷ്യനായിരുന്നു ജോണി......ഒടുവിൽ......'റീത്ത വീണ്ടും മൌനമായിരുന്നു.

"ഒടുവിൽ എന്തു സംഭവിച്ചെന്നു പറയൂ" മേരി തിടുക്കംകൂട്ടി.

"പറയാം" ഒരു നെടുവീർപ്പോടെ റീത്ത തുടർന്നു. "ജോണി എന്നെ മറക്കുകയും വെറുക്കുകയും ചെയ്യത്തക്ക വിധത്തിലായിത്തീർന്നിരിക്കയാണു ഞാൻ."

"എന്നുവച്ചാൽ?"

"ഇതിലും വലിയ ഒരു തെററ് ഇനി സംഭവിക്കാനില്ല. ഒരിക്കലും ഇങ്ങനെയൊരു സംഭവം ഞാൻ പ്രതീക്ഷിച്ചിരുന്നതല്ല. നിനച്ചിരിക്കാതെ പൊടുന്നനെ ഒരു രാത്രിയിൽ അതു സംഭവിച്ചു."

"രാത്രിയിലോ?" മേരി ജിജ്ഞാസുവായി.

"കോളേജിലെ ആനിവേഴ്‌സറിയുടെ അന്നായിരുന്നു. രാത്രിയിലെ കലാപരിപാടികളെല്ലാം കഴിഞ്ഞു് ഞാൻ വീട്ടിലേയ്ക്കു് മടങ്ങുകയായിരുന്നു. മങ്ങിയ നിലാവുണ്ടു്. റോഡിലെങ്ങും ആരുമില്ല. വേഗം വീട്ടിലെത്താനുള്ള തിടുക്കത്തിൽ ഞാൻ നടന്നു. മെയിൻറോഡിൽ നിന്നു് കിഴക്കോട്ടു തിരിഞ്ഞപ്പോഠം പുറകേ ആരോ സൈക്കിളിൽ വരുന്നതു കണ്ടു. ആദ്യം ലേശം പേടി തോന്നാതിരുന്നില്ല. പെട്ടെന്നു് സൈക്കിഠം എന്റെ അടുത്തെത്തി. ഞാൻ തിരിഞ്ഞുനോക്കിയപ്പോഠം സൈക്കിഠം നിത്തി അയാഠം താഴെ ഇറങ്ങി.

"അതാരായിരുന്നു?"

"സീനിയറിനു് പഠിക്കുന്ന ആ ഗോപിക്കുട്ടൻനായരില്ലേ"

"വെളുത്തു പൊക്കം കൂടിയിട്ടു്....

"അതെ"

"എന്നിട്ടു ?"

"അയാഠം സൈക്കിളും തള്ളിക്കൊണ്ടു് എൻെറ കൂടെനടന്നു. വഴിയിൽവച്ചു പലതും സംസാരിച്ചു. എന്തൊക്കെയാണു സംസാരിച്ചതെന്നോർമ്മയില്ല. അങ്ങനെ ഞങ്ങഠം കൂടുതൽ അടുത്തു. ഞാൻ എല്ലാം മറന്നുപോയിരുന്നു. ആ നിമിഷങ്ങഠം അത്തരത്തിലുള്ളവയായിരുന്നു. അവസാനം അയാഠം വിളിച്ചവഴിയേ ഞാൻ പോയി. എൻെറ സ്ഥാനത്തു നീയായിരുന്നെങ്കിൽ എന്തു ചെയ്യുന്നെ"?

അതിനു മേരി ഉത്തരം പറഞ്ഞില്ല.

റീത്ത തുടന്നു. "ഞാൻ ചെയ്തതു തെററാണെന്നൊ

നിക്കറിയാം. എൻെറ വിവേകമില്ലായ്മയെ നീ കററപ്പെടുത്തുമെന്നും എനിക്കറിയാം. എങ്കിലും അമ്മാതിരി ദുർബ്ബലനിമിഷങ്ങളെപ്പററി നീയൊന്നു ചിന്തിച്ചു നോക്കൂ."

തൻെറ മുമ്പിൽ തുറന്നു വയ്ക്കപ്പെട്ട നഗ്നയാഥാർത്ഥ്യങ്ങൾ അതേപടി വിശ്വസിക്കുവാൻ മേരിക്കു വിഷമം തോന്നി. അന്തസ്സും ആഭിജാത്യവും തികഞ്ഞ ഒരു കുടുംബത്തിൽ പിറന്ന റീത്ത—കോളേജുവിദ്യാർത്ഥികളുടെയെല്ലാം മുമ്പിൽ നല്ലവളെന്നു കരുതപ്പെടുന്ന റീത്ത—കേവലം ദുർബ്ബലവും നൈമിഷികവുമായ ഹൃദയവികാരങ്ങൾക്കു വഴങ്ങിക്കൊടുത്തുവെന്നോ? എങ്കിൽ ഇത്രനാളത്തെ അവളുടെ നിയന്ത്രിതമായ ജീവിതത്തിൻെറ അർത്ഥമെന്തായിരുന്നു?

മേരി പറഞ്ഞു.

"എങ്കിലും എൻെറ റീത്തേ അതു വേണ്ടായിരുന്നു."

"ആ തെററ് ഒരിക്കലും ലോകം അറിയില്ലെന്നാണു ഞാൻ കരുതിയത്. പക്ഷേ..."

റീത്ത ഇടയ്ക്കു നിർത്തിയിട്ട് വീണ്ടും കായൽപ്പരപ്പിലേക്ക് കണ്ണയച്ചു. അങ്ങകലെ രാഗശോണമായ സായംസന്ധ്യയുടെ പശ്ചാത്തലത്തിൽ പ്രശാന്തമായ ജലപ്പരപ്പിലൂടെ ഒരു കൊച്ചു തോണി മന്ദം മന്ദം നീങ്ങുന്നുണ്ടായിരുന്നു.

"എന്താ തുറന്നു പറയൂ" മേരി നിർബ്ബന്ധം പിടിച്ചു.

"പറഞ്ഞ മതിയാവൂ അല്ലേ?"

"ങാ്"

വിദൂരതയിൽനിന്നു കണ്ണുകളിളക്കാതെ വളരെ വ്യക്തമായി നിർത്തി റീത്ത പറഞ്ഞു.

"ഞാൻ—ഗർഭിണിയാണ്".

"................!?"

റീത്തയുടെ വിരിഞ്ഞമിഴികളിൽ കണ്ണുനീരിൻെറ തിളക്കമുണ്ടായിരുന്നു.

അല്പം കഴിഞ്ഞു് മേരി ചോദിച്ചു

".അപ്പോൾനീ എന്തുതീരുമാനിച്ചിരിക്കയാ?;

"ഒന്നും തീരുമാനിച്ചിട്ടില്ല. എന്തുചെയ്യണമെന്നെനിക്കു നിശ്ചയമില്ല. എൻെറ മനസ്സു നീറുകയാണ്. ഇക്കാര്യം അപ്പനും അമ്മയുമറിഞ്ഞാൽ—എന്നെ കാത്തുകാത്തു കഴിയുന്ന ജോണിക്കുട്ടിയുടെ ചെവിയിലെത്തിയാൽ—തീർന്നു അതോടെ എൻെറ ജീവിതം"

എന്തോ ആലോചിക്കുന്നതുപോലെ ഇരുന്നിട്ട് മേരി പെട്ടെന്നൊരു ചോദ്യം.

"ജോണി അടുത്തെങ്ങാനും വരുമോ?"

"ക്രിസ്തുമസ്സിനു വന്നേയ്ക്കും"

"തീർച്ചയാണോ?"

"മിക്കവാറും വരും"

"ഇല്ലെങ്കിൽ വരാൻ എഴുതണം"

"എന്തിനാ?"

"വന്നാലുടനെ നിങ്ങളുടെ മാര്യേജ് അങ്ങു നടത്തണം"

"അയ്യോ! ഒരു ഭയങ്കരമായ വഞ്ചനയല്ലേ അത്?"

"ആയിരിക്കാം. പക്ഷെ ഇതിൽനിന്നു രക്ഷപ്പെടാൻ ആ ഒരൊററ മാർഗ്ഗമേ ഞാൻ കാണുന്നുള്ളു"

മേരിയുടെ അഭിപ്രായത്തിൽ റീത്തയ്ക്ക് എതിർപ്പില്ലായിരുന്നു. ഉണ്ടെങ്കിലും സ്വന്തം അഭിമാനത്തിന്റെ രക്ഷയ്ക്കുവേണ്ടി അതിനെ ആദരിച്ചേ മതിയാവൂ. വിശ്വാസത്തിന്റേതായ ഒരു മന്ദഹാസം അവളുടെ ചെഞ്ചൊടികളിൽ പരന്നു. ഒട്ടൊരു വിജയഭാവത്തിൽ അവൾ വിളിച്ചു.

"മേരീ"

"ഓ"

"നീ പറഞ്ഞപോലെ ചെയ്യാൻ ഞാൻ ഒരുക്കമാണ്. എങ്കിലും......"

"എന്താ ഇത്ര സംശയം?"

"ഈ രഹസ്യം വല്ലവരുമറിഞ്ഞാൽ?"

"എങ്ങിനെ അറിയാൻ?"

"അല്ല. നീയെങ്ങാനും പുറത്തു പറയുമോ?"

"പിന്നെ. എന്തു കാര്യമായിപ്പോയി. റീത്തയ്ക്ക് എന്നെ ഇത്ര വിശ്വാസക്കുറവാണോ?"

"വിശ്വാസക്കുറവുകൊണ്ടല്ല"

"പിന്നെന്താ?"

"വെറുതെ ചോദിച്ചെന്നേയുള്ളു"

കായലിൽനിന്നു നീന്തിവന്ന കുളുർമ്മയുള്ള കാററ് അവരെ തഴുകി കടന്നുപോയി. അപ്പോൾ അരളിപ്പൂക്കളുടെ മാദകസൗരഭ്യം അവിടെയെങ്ങും പരന്നൊഴുകിയിരുന്നു. അതു ശ്വസിച്ചുകൊണ്ട് റീത്ത പറഞ്ഞു:

"ആവൂ. നല്ല സുഖം"

# ഒരുകഷണം റൊട്ടി

അവൻ വിളക്കുകാലിന്റെ ചുവട്ടിൽ കണ്ണും തിരുമ്മി എഴുന്നേററിരുന്നു. തലയിൽനിന്നു വിയർപ്പൊലിക്കുന്നുണ്ടു്. വിയപ്പും മണ്ണും ശരീരത്തിൽ ഒട്ടിപ്പിടിച്ചിരുന്നു. കൺപോളകൾ തൂങ്ങിപ്പോവുകയാണു്. മുമ്പിൽ കാണുന്ന ലോകം മാഞ്ഞുമാഞ്ഞു പോകുന്ന മാതിരി. ബോട്ടുജെട്ടിയും, റോഡും, കെട്ടിടങ്ങളും, വിളക്കുകാലും എല്ലാം കറങ്ങുന്നതുപോലെ

ശരീരത്തിൽ പററിയിരുന്ന മണ്ണു തൂത്തിട്ടു് അവൻ പതുക്കെ എഴുന്നേററു. കാലുകൾ നേരെ നിൽക്കുന്നില്ല. മുന്നോട്ടു വീഴാതിരിക്കാൻ വിളക്കുകാലിൽ കടന്നു പിടിച്ചു.

ഓ, തല ചുററുകയാണു്. വിളക്കുകാലിനുചുററും പമ്പരം കണക്കു് കറങ്ങുകയാണു്. അവൻ ഒന്നുകൂടി പിടുത്തം മുറുക്കിചുവട്ടുറപ്പിച്ചുനിന്നു. ക്രമേണ ആ മങ്ങൽ മാറുന്നു; എല്ലാം കുറേശ്ശെ തെളിയുകയാണു്. ബോട്ടുജെട്ടി, റോഡു്, കെട്ടിടങ്ങൾ വിളക്കുകാലു്. ഒന്നും കറങ്ങുന്നില്ല. എല്ലാം വെറും തോന്നലാണു്.

തൊണ്ട വരളുകയായിരുന്നു. നാക്കു് ഉള്ളിലേക്കു വലിഞ്ഞതുപോലെ. എന്തൊരു ദാഹം. വയററിൽ തീയിട്ടെരിക്കുകയാണോ? കുറെ തണുത്തവെള്ളം കുടിച്ചാൽ സുഖം തോന്നുമായിരിക്കും.

നടന്നു പൈപ്പിനടുത്തെത്തി. അവിടെ ഒരു സ്ത്രീ ബക്കററിൽ വെള്ളം നിറച്ചുകൊണ്ടു നില്ക്കുകയായിരുന്നു.

അവൻ കൈ നീട്ടി; അവർ ശ്രദ്ധിച്ചില്ല.

കുറച്ചുവെള്ളം വേണമെന്നു കൈകൊണ്ടു കാണിച്ചു.

അപ്പോൾ ആ സ്ത്രീ ചോദിച്ചു: "തണ്ണിവേണമാ?"

അവൻ മിണ്ടിയില്ല. വെറുതെ തലകുലുക്കി.

ആ സ്ത്രീ അവൻെറ കൈക്കുമ്പിളിലേക്ക് വെള്ളം ഒഴിച്ചുകൊടുത്തു. വെള്ളം കുടിക്കുന്നതിനിടയിൽ അവൻ ആ സ്ത്രീയുടെ മുഖത്തേക്കു നോക്കി.

അവൻെറ അമ്മയെപ്പോലെ തന്നെയിരിക്കുന്നു. കറുത്ത മുഖം. മുഖത്തു നിറയെ മസൂരിക്കുത്തുകൾ. വെററക്കറപിടിച്ച പല്ലുകൾ. പക്ഷെ....മൂക്കിൻെറ ഇരുവശത്തും കിടന്നു തിളങ്ങുന്നതെന്താണ്? അവൻെറ അമ്മക്ക് അങ്ങനെ ഒന്നുമില്ലായിരുന്നു.

വെള്ളം കുടിച്ചു തീർന്നപ്പോൾ അവർ ചോദിച്ചു.

"പോതുമാ?"

മതിയായോ എന്നാണ് ചോദിച്ചത്. പക്ഷെ മനസ്സിലായില്ല. ആ ഭാഷ അവനു വശമില്ലാത്തതാണ്. വയറും നെഞ്ചും തണുത്തു എന്തൊരു സുഖം. കുറെവെള്ളംകോരി മുഖത്തൊഴിച്ചു. അപ്പോൾ കണ്ണിനും നല്ല കുളുർമ്മ തോന്നി.

ആ സ്ത്രീ വെള്ളം നിറച്ച ബക്കറുമെടുത്തുകൊണ്ടു പോയി. അതും നോക്കി കുറേനേരം നിന്നിട്ട് അവൻ റോഡിലിറങ്ങി നേരെ നടന്നു.

നടക്കുന്നവഴി അവൻ ഓർത്തു: അമ്മയുണ്ടായിരുന്നെങ്കിൽ ഒന്നും അറിയേണ്ടായിരുന്നു. കൈക്കുപിടിച്ചുകൊണ്ടു നടന്നേനെ. വിശപ്പും ദാഹവും അറിയാതെ വളത്തി

യേനേ. അമ്മയില്ലാത്ത എല്ലാകുട്ടികളും ഇതുപോലെ ആയിരിക്കുമോ?

മററു തെണ്ടിപ്പിള്ളരുടെ കാര്യവും അവൻ ഇടയ്ക്കു ഓർത്തുപോയി. എല്ലാം അവൻെറ പ്രായത്തിലുള്ളവർ. ഏഴും എട്ടും വയസ്സിൽ കൂടുതലില്ല. അവർക്കെല്ലാം അമ്മമാരുണ്ടു്. അവനുമാത്രം അമ്മയില്ല. അവൻെറ അമ്മ ചത്തുപോയി,

അമ്മയില്ല! അമ്മയില്ല!!

അവൻെറ കണ്ണുകൾ നിറഞ്ഞു. കണ്ണുനീർ ചുണ്ടിലേക്കൊഴുകി. അതു നുണഞ്ഞിറക്കിക്കൊണ്ടു് അവൻ വിചാരിച്ചു. അമ്മ ചത്തപ്പോൾ അവനും ചാകാതിരുന്നതെന്തേ? എങ്കിൽ വിശക്കുകില്ലായിരുന്നു.....ഓ, വിശന്നാലും ചാകാതിരിക്കുന്നതാണു നല്ലത്. ചാകാൻനേരത്ത് വലിയ വിമ്മിഷ്ടമായിരിക്കും. അമ്മ ചത്തപ്പോൾ അടുത്തിരുന്നു കണ്ടതാണ്. കണ്ണുമിഴിച്ച്, നാക്കുനീട്ടി, അങ്ങനെ വളരെനേരം കൈകാലിട്ടുതല്ലും. ഏതായാലും ചാകാതിരുന്നത് നന്നായി. ചത്തുകഴിഞ്ഞാൽ എങ്ങോട്ടാണ് പോകുന്നത്? ഒരിക്കൽ അമ്മ പറഞ്ഞിട്ടുള്ളത് അവൻെറ ഓർമ്മയിൽ വന്നു. ചാകുന്നവരെല്ലാം മുകളിലോട്ടാണു പോകുന്നത്.

നടന്നുനടന്നു ബോട്ടുജെട്ടിയിലെത്തി.

എന്തൊരു ബഹളമാണവിടെ. ബോട്ടുകൾ വരികയും പോകുകയും ചെയ്യുന്നു. ആളുകൾ അങ്ങോട്ടുമിങ്ങോട്ടും തിരക്കിട്ടു നടക്കുന്നു. ആരും അവനെ തിരിഞ്ഞുനോക്കുന്നില്ല.

കീറിയ നിക്കറിൻെറ കീശയിൽ വെറുതേ കയ്യിട്ടു

നോക്കി. അതിനകത്ത് ഒന്നുമില്ല, അവൻെറ വയറു പോലെതന്നെ ഒഴിഞ്ഞുകിടക്കുകയാണ്. അന്നു നേരം വെളുത്തിട്ട് ഒന്നും കിട്ടിയില്ല. ആരുടെ നേക്കു കൈ നീട്ടിയാലും ഒന്നുമില്ല എന്നാണ് പറയുന്നത്.

ഒന്നുമില്ലെങ്കിൽ അവരൊക്കെ ബോട്ടിൽ കയറി പോകുന്നതെങ്ങനെ? ചായയും ചോറും വാങ്ങിച്ചു കഴിക്കണമെങ്കിൽ കാശില്ലാതെ ഒക്കുമോ? ഇല്ലെന്നു പറയുന്ന ഓരോരുത്തരുടേയും പേഴ്സുകളിൽ ഒരുപാടു നോട്ടും ചില്ലറയുമുണ്ട്. എട്ടുകാശു മാത്രമേ അവൻ ആവശ്യപ്പെടുന്നുള്ളു. എന്നിട്ടും ഇല്ലെന്നാണു മറുപടി.

വെറുതേ കൈ നീട്ടിനീട്ടി മടുത്തു. നേരം വെളുത്തപ്പോഠംമുതൽ കൈ നീട്ടിയിട്ടും എട്ടുകാശു കിട്ടിയില്ല. അവൻ വയറു തടവി നോക്കി. തണ്ടെല്ലിനോടു പററിക്കിടക്കുകയാണ്. വിശന്നിട്ടു കുടലുകഠം കത്തിയെരിയും പോലെ തോന്നുന്നുണ്ട്. എന്തെങ്കിലും കഴിച്ചിരുന്നെങ്കിൽ? അതിനെന്തു വഴി?

കാശില്ലാതെ ഒരു നിവൃത്തിയുമില്ല. വെറുതെയെങ്ങാനും ചായക്കടയുടെ വാതുക്കൽ പോയി നിന്നാൽ ചൂടുവെള്ളം കോരി തല കിഴുകും ഒഴിക്കും. മുമ്പൊരിക്കൽ ഒരു ചെറുക്കൻെറ ശരീരത്ത് ചൂടുവെള്ളമൊഴിച്ച കാര്യം ഓർമ്മയിൽ വരികയും ചെയ്തു. ആ ചെറുക്കൻ എത്രനാഠം പഴുത്തൊലിച്ച് ഞൊണ്ടി ഞൊണ്ടി നടന്നു! അതുകൊണ്ട് ഏതായാലും ആ പണിമാത്രം വേണ്ട. പിന്നെയോ?

ആരോടെങ്കിലും കാശു യാചിക്കാം. തരുന്നെങ്കിൽ തരട്ടെ. അവൻ ആഠംക്കൂട്ടത്തിനിടയിൽക്കൂടി നാലഞ്ചു

പ്രാവശ്യം അങ്ങോട്ടു മിങ്ങോട്ടും നടന്നു. എല്ലാവരേയും സൂക്ഷിച്ചുകൊണ്ടാണു് നടപ്പു്. ഒടുവിൽ എന്തും വരട്ടെ എന്നു കരുതി ഒരാളിനോടു അവൻ കാൎയ്യം പറഞ്ഞു.

"സാറേ എട്ടുകാശു താ സാറേ"

ആദ്യം അയാൾ തിരിഞ്ഞുനോക്കിയില്ല.

കണ്ടാൽ തരക്കേടില്ലാത്ത വേഷമാണു്. റിസ്റ്റുവാച്ചുണ്ടു്, കണ്ണടയുണ്ടു്, കാലിൽ ചെരുപ്പുമുണ്ടു്. പോക്കററിൽ പേഴ്സു കിടക്കുന്നതും അവൻ കണ്ടു. എട്ടുകാശു കിട്ടുമെന്നുള്ള വിശ്വാസത്തോടുകൂടി വീണ്ടും അവൻ ആവൎത്തിച്ചു: "സാറേ എട്ടുകാശു്"

അയാൾ തിരിഞ്ഞുനോക്കിയപ്പോൾ അവൻ കയ്യും നീട്ടി നില്ക്കുകയായിരുന്നു. "ചില്ലറയൊന്നുമില്ലെടാ"

അവൻ വിട്ടില്ല. "നോട്ടാണെന്ന മാറിത്തരാം സാറേ"

അയാൾ ചിരിച്ചു. ഓ, നല്ല മനുഷ്യനാണ്.

"എന്തിനാടാ കാശു്?" ഒരു രസത്തിനെന്നാ മട്ടിൽ അയാൾ ചോദിച്ചു.

അവൻ സത്യം പറഞ്ഞു "വെശന്നുവെശന്നു കൊടലു പിരിയണു സാറേ"

അയാൾ പേഴ്സിൽനിന്നു് ഒരു കാലണത്തുട്ടെടുത്തു അവന്റെ കയ്യിലിട്ടുകൊടുത്തു.

അതു തിരിച്ചും മറിച്ചും നോക്കിക്കൊണ്ടു് നേരെ മുറുക്കാൻകടയുടെ മുമ്പിലേയ്ക്കു നടന്നു. അവിടെ രണ്ടു മൂന്നു പഴക്കുലകൾ തൂങ്ങിനിന്നിരുന്നു. അവൻ കാശു നീട്ടിക്കൊണ്ടു കടക്കാരനോടു പറഞ്ഞു:

"ഇതിനു പഴം താ"

ഒരു പഴം കിട്ടി. അതു പൊളിച്ചുതിന്നിട്ടു തിരിഞ്ഞുനോക്കിയപ്പോൾ താഴെ ഒരു സിഗററുകുററി കിടന്നെരിയുന്നു. കയ്യിലെടുത്തു രണ്ടുമൂന്നു പുക ഉള്ളിലാക്കി. കൈ പൊള്ളിയപ്പോൾ ദൂരെ കളഞ്ഞു.

വീണ്ടും പഴയപടി ചിലരുടെ നേക്ക് കൈ നീട്ടി നോക്കി. ഒന്നും കിട്ടുന്ന ലക്ഷണമില്ല. കുറേനേരംകൂടി അവിടെ ചുററിപ്പററി നിന്നിട്ടു നേരേ റോഡിലിറങ്ങി പടിഞ്ഞാറോട്ടു നടന്നു.

ചൂട് നിശ്ശേഷം ശമിച്ചിരുന്നു. പൊടിനിറഞ്ഞ റോഡിൽക്കൂടി കാറുകളും ബസ്സുകളും മനുഷ്യരും നീങ്ങുന്നുണ്ട്. വൈകുന്നേരത്തെ വെയിലേററ് കെട്ടിടങ്ങളുടെ മതിലുകൾ മിന്നങ്ങി. കാറുകളും ബസ്സുകളും മനുഷ്യരും ഇടകലന്ന റോഡിൽക്കൂടി നടക്കുന്നതിനിടയിൽ അവൻ ആലോചിച്ചു

പഴം തിന്നിട്ട് വിശപ്പു കെട്ടില്ല. അതു തിന്നാതിരിക്കയായിരുന്നു ഭേദം. എന്തെങ്കിലും വയറു നിറയെ കിട്ടിയിരുന്നെങ്കിൽ കൊള്ളാമായിരുന്നു. പക്ഷെ ആരും കൊടുക്കുന്നില്ല. മനുഷ്യർ കരുണയില്ലാത്തവരാണ്! മനുഷ്യർ കരുണയില്ലാത്തവരാണ്!!

അടുത്തുകൂടി പോകുന്ന ആളുകളോടു അവന് അരിശം തോന്നി. എല്ലാവരും നല്ല ഉടുപ്പും മുണ്ടും ധരിച്ചാണു പോകുന്നത്. അവൻെറ പ്രായത്തിലുള്ള കുട്ടികളുടെ മുഖത്തിന് എന്തൊരു നിറമാണ്? നല്ല മധുരനാരങ്ങയുടേതുപോലിരിക്കുന്നു. അവരൊക്കെ നല്ലനല്ല പലഹാരങ്ങളും ചോറും വയറുനിറയെ തിന്നിട്ടുണ്ടായിരിക്കും.

അവൻെറ വയററിൽ തീ എരിയുകയാണ്,

അങ്ങു പടിഞ്ഞാറ് ആകാശവും അതുപോലെ എരിയുകയായിരുന്നു.

രണ്ടു റോഡുകൾ ഒന്നിച്ചുചേരുന്ന ഒരു മുക്കിലെത്തി. പെട്ടന്നവനെ അവൻ നിന്നു. അവിടെനിന്നു നോക്കിയാൽ കടൽ കാണാം. റോഡിൻെറ വലത്തുവശത്ത് ഒരു വലിയ ബേക്കറിയാണ്. അവിടെ ചില്ലിട്ട അലമാരകളിൽ നിറയെ റൊട്ടിയും ബിസ്കറ്റുകളും അടുക്കിവെച്ചിരിക്കുന്നു. നേരേ മുൻവശത്തു ഒരു ഡസ്കിന്മേൽ ബിസ്കറ്റുനിറച്ച പളുങ്കുഭരണികളും; തകരത്തട്ടുകളിൽ മൊരിക്കാത്ത റൊട്ടികളും!

റോഡിനോടു തൊട്ടടുത്താണു കട. റോഡിൽ നിന്നിറങ്ങി രണ്ടുമൂന്നു ചുവടു നടന്നാൽ കടയുടെ വരാന്തയിൽ കയറാം. വരാന്തയിലാണു് ആ ഡസ്ക് കിടക്കുന്നതു്.

റൊട്ടിയിലേയ്ക്കു നോക്കുന്തോറും കൊതിയും വിശപ്പും ഏറുകയാണ്. ആ മൊരിഞ്ഞ റൊട്ടിയിൽ ഒരെണ്ണം കിട്ടിയിരുന്നെങ്കിൽ — വേണ്ട, കഷണമെങ്കിലും മതിയായിരുന്നു. മൊരിക്കാത്ത റൊട്ടി മുമ്പൊരിക്കൽ തിന്ന കാര്യം ഓർത്തു. എന്തൊരു സുഖമാണതു വായിലിട്ടു ചവയ്ക്കുമ്പോൾ. നല്ല പഞ്ഞിപോലിരിക്കും. ഒരു ചെറിയ മധുരവും കാണും.

അവൻ നുണഞ്ഞിറക്കിക്കൊണ്ടു ആർത്തിയോടെ അങ്ങോട്ടു നോക്കിനിന്നു. ആ ഡസ്കിൻെറ അപ്പുറത്തിരിക്കുന്ന തടിയൻ ആരായിരിക്കും? കടയുടെ ഉടമസ്ഥനായിരിക്കുമോ? അങ്ങനെ വിചാരിച്ചുകൊണ്ടു നില്ക്കുന്നതിനിടയിലാണ് അയാൾ അവനോടൊരു ചോദ്യം.

"എന്തെടാ നില്ക്കുന്നത്?"

വെറുതേയാണെന്നുള്ള അത്ഥത്തിൽ അവൻ കൈ മലത്തിക്കാണിച്ചു അപ്പോഠം അയാഠം ആജ്ഞാപിച്ചു.

"മാറി നില്ലെടാ അവിടുന്നു"

അയാളുടെ ചുവന്ന കണ്ണുകളിലേക്കും ആ റൊട്ടികളിലേക്കും മാറിമാറി നോക്കിക്കൊണ്ടു്, ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ അവൻ നിന്നു. കാലുകളിൽ എന്തോ ഘനമുള്ള സാധനം കെട്ടിയിരിക്കുന്നതുപോലെ, നടക്കാൻ വല്ലാത്ത മടി.

"ങ്ഹം. ഫോ. ഫോ" അതൊരലർച്ചയായിരുന്നു.

അവൻ ഞെട്ടിപ്പോയി. പത്തുക്കെ ഒന്നു പേടിക്കുകയുംചെയ്തു. ആ ചുവന്നുകലങ്ങിയ കണ്ണുകഠം ഒന്നുകൂടി ഭയങ്കരമായതുപോലെ അവനു തോന്നി. പിന്നെ അവിടെ നില്ക്കുന്നതിനു ധൈര്യംപോരാ. ചിലപ്പോഠം ചെവിക്കൊരു തിരുമ്മോ, തലയ്ക്കു രണ്ടു കിഴുക്കോ കിട്ടിയെന്നു വരും.

കടൽപ്പുറത്തെത്തി. അവിടുത്തെ വെള്ളമണലിൽ ചവുട്ടിയപ്പോഠം കാൽവെള്ളകഠംക്കൊരു സുഖം തോന്നി. കാററുകൊള്ളാൻ ആളുകഠം അവിടെ ഇരിപ്പുണ്ടു്. മറയാൻതുടങ്ങുന്ന സൂര്യന്റെ പ്രകാശം കടലിലേക്കു വാന്നുവീഴുകയാണു്. കടലിന്റെനടുക്കു് എന്തൊരു തിളക്കം. തിരകഠം കരയ്ക്കുവന്നടിയുന്നു; ചിതറിത്തെറിക്കുന്നു; പിന്നെയും തിരകഠം വരുന്നു; പളുങ്കുമണികഠം ചിതറുന്നു.

ആ കാഴ്ചയിലൊന്നും അവനു കൗതുകം തോന്നിയില്ല. കടലോരത്തെ മണ്ണിൽ മലന്നുകിടന്നുകൊണ്ടു അവൻ പടിഞ്ഞാറോട്ടു നോക്കി.

നല്ല കാററ്. അങ്ങകലെക്കൂടി പായ് കെട്ടിയ ഒരു പത്തേമ്മാരി പതുക്കെപ്പതുക്കെ നീങ്ങുന്നുണ്ട്. അതിനുമപ്പുറത്തു മറയാൻപോകുന്ന സൂര്യൻ ഒരു രക്തഗോളം കണക്കേ എരിയുകയാണ്. അവൻ അങ്ങോട്ടുതന്നെ നോക്കിക്കിടന്നു. ക്രമേണ കണ്ണുകൾക്കു കാഴ്ചമങ്ങുന്ന മാതിരി ഒരു തോന്നൽ........അനുനിമിഷം ആ രക്തഗോളം ചുരുങ്ങിച്ചുരുങ്ങി വരികയാണ്. അങ്ങിനെ ചുരുങ്ങിച്ചുരുങ്ങി അതൊരു റൊട്ടിയുടെ വലിപ്പത്തിലായി........കൺമുമ്പിൽ കാണുന്നതു് ഒരു വലിയ റൊട്ടിയാണ്. ഡസ്കിന്മേൽ തകരത്തട്ടിലിരിക്കുന്ന മാതിരി ഒരു ചെറിയ മൊരിക്കാത്ത റൊട്ടി. അവൻ ആർത്തിയോടെ അതെടുക്കാൻ കൈനീട്ടുന്നു. കൈ റൊട്ടിയിരിക്കുന്നിടത്തു് എത്തിപ്പോയി.....തൊട്ടുതൊട്ടില്ല.....അപ്പോഴാണ് ഒരലർച്ച. "ങ്ഹം ഫോ ഫോ."

അവൻ ഞെട്ടി ചുററുപാടും നോക്കി. ആരുമില്ല. കിടക്കുന്നതു കടൽപ്പുറത്തു മണ്ണിലാണ്. തിരമാലകളുടെ ഇരമ്പൽ തുടർച്ചയായി കേൾക്കാം. കടൽക്കാക്കകൾ മാത്രം അങ്ങിങ്ങ് വട്ടമിട്ടു പറക്കുന്നുണ്ട്.

നേരം മൂവന്തി മയങ്ങിയിരുന്നു. റോഡരികിലുള്ള വിളക്കുകൾ തെളിഞ്ഞു. അവൻ എഴുന്നേററു വീണ്ടും കിഴക്കോട്ടുതന്നെ നടന്നു. നടക്കുന്നവഴി ഒരൊററ ചിന്തമാത്രമേ ഉണ്ടായിരുന്നുള്ളു. പഞ്ഞിപോലിരിക്കുന്ന മൊരിയാത്ത റൊട്ടി!

ബേക്കറിയുടെ മുമ്പിലെത്തിയപ്പോൾ കാലുകൾ താനേ നിന്നുപോയി. ആ ഡസ്കിൻെറ മീതെയിരുന്ന റൊട്ടിനിറച്ച തകരത്തട്ടുകളും, ബിസ്ക്കററിട്ട പളുങ്കു ഭര

ണികളും പഴയപടി ഇരിക്കുന്നുണ്ടു്. വരാന്തയുടെ അടുത്തു ചെന്നാൽ കൈ നീട്ടി തൊടാം. . .

അവൻ ഡസ്കിൻെറ മുമ്പിൽ ചെന്നുനിന്നു.

ആ തടിയൻ അപ്പുറത്തു കസേരയിലിരിക്കുകയാണ്. അയാഠം ഉറക്കംതൂങ്ങുകയാണ്. മുകളിൽ തത്തിനില്ക്കുന്ന എലക്ട്രിക്കുവിളക്കിൻെറ വെളിച്ചത്തിൽ ആ നരച്ച കഷണ്ടിത്തല മിനുങ്ങുന്നു!

അവൻ ശ്വാസമടക്കിപ്പിടിച്ചു നിൽക്കുകയായിരുന്നു. നെഞ്ചു് ശക്തിയായി പിടയ്ക്കുന്നുണ്ടു്. ഒന്നുംകേട്ടുകൂടാ; ചെവികഠം കൊട്ടിയടച്ചിരിക്കുന്നതുപോലെ.

അവൻെറ കണ്ണുകഠം ആ തടിയൻെറ മുഖത്തു തറച്ചു. അയാഠം ഉണരുമോ? നിമിഷങ്ങഠം കടന്നുപോയി.

ഇല്ല ഉണരുകില്ല. അയാളുടെ കൺപോളകഠം അടഞ്ഞിരിക്കുന്നു. കസേരയിൽ ഒരു വശത്തേക്കു തല ചരിച്ചുവച്ചു് ഉറങ്ങുകയാണ്. അവൻെറ മിഴികഠം മിന്നൽവേഗത്തിൽ ചുററുപാടും പാഞ്ഞു. ആളുകഠം റോഡിൽക്കൂടി അങ്ങോട്ടും ഇങ്ങോട്ടും പോകുന്നുണ്ടു്. ആരും അവനെ സൂക്ഷിക്കുന്നില്ല. ആരും അവനെ ശ്രദ്ധിക്കുന്നില്ല.

വെറുതെ കൈ ഒന്നുയർത്തിനോക്കി. ഘനംവച്ചതുപോലെ. തന്നെയുമല്ല; എന്തൊരു വിറയലാണ്. അവൻ ഡസ്കിൻെറ അരികിലേക്കു നീങ്ങിനിന്നു.

റൊട്ടിയുടെ മണം മൂക്കിൽ തട്ടുന്നുണ്ടു്. അവൻ വീണ്ടും ആതടിയനെനോക്കി. പതുക്കെ വലത്തെ കൈ ഉയർത്തി. തകരത്തട്ടിൻെറ അടുത്തുവരെ നീട്ടി. പക്ഷേ

പെട്ടന്നതന്നെ പുറകോട്ടു വലിച്ചുകളഞ്ഞു.

വീണ്ടും സംശയമാണു്. അയാരം ഉണരുമോ? വല്ല വരും കാണുമോ? കയ്യും കളവുമായി പിടിക്കുട്ടമോ?

ഓ! ആരും കാണുകില്ല. അയാരം ഉറങ്ങുകയാണു്. ആരും കാണുകില്ല! അവനു ധൈര്യം തോന്നി. ഉറങ്ങുന്ന ആ മനുഷ്യൻെറ മുഖത്തേക്കു ഉററുനോക്കിക്കൊണ്ടു അവൻ വിറയ്ക്കുന്ന കൈ നീട്ടി. തകരത്തിൽതൊട്ടു.

അതിൽനിന്നു ഒരു റൊട്ടി എടുത്തിട്ട് തിടുക്കത്തിൽ കൈവലിച്ചു. കണ്ണുകരം അപ്പോഴും ആ തടിയൻെറ മുഖത്തുതന്നെയായിരുന്നു.

ഒരു പളുങ്കുഭരണിയിൽ അവൻെറ കൈ തട്ടി. വലിയൊരു ശബ്ദത്തോടെ അതു താഴെ വീണു തകൎന്നു

കടക്കാരൻ കണ്ണുതുറന്നു നോക്കി

"പിടിച്ചോടാ അവനെ" അയാരം എഴുന്നേററു പുറത്തേക്കു ചാടി.

അവൻ ഓടി. ഇരമ്പിഅടിക്കുന്ന ചുഴലിക്കാററിൽപെട്ട ഒരു കരിയിലപോലെ അവൻ ഓടി. ആളുകരം അമ്പരന്നുനോക്കി. പുറകേ ആ കടക്കാരനുമുണ്ടു്.

"പോം. പോം. പോം."

കാറുകരം, ബസുകരം, സൈക്കിളുകരം!

"പോം. പോം. പോം"

ഇരമ്പുന്ന പട്ടണത്തിലെ ആരംത്തിരക്കുള്ള റോഡു മുറിച്ചു് അവൻ ഓടുകയാണു്. തെരുവിൽനിന്നു തെരുവിലേക്ക്. ആ തളൎന്ന കാലുകരംക്കു പുതിയൊരുശക്തി കൈവന്നിരിക്കുന്നു!

ഓടിഓടി നാലു റോഡുകൾ കൂടി.മുട്ടുന്ന ഒരു മൂക്കിലെത്തി. ഒരൊററ നിമിഷം കഴിഞ്ഞില്ല എതിരേവന്ന കാർ അവൻെറ ശരീരത്തിലിടിച്ചു.

അവൻ ദൂരെ തെറിച്ചുവീണു.

"കിർ ർ ർ ർ...."

കാർ സഡൻബ്രേക്കിട്ടു. ഡ്രൈവർ പുറത്തേക്കിറങ്ങിവന്നു.

അപ്പോൾ......?

ആ ചെറുക്കൻ രക്തത്തിൽമുഴുകിക്കിടന്നിരുന്നു. അവൻെറ കുരച്ച നെഞ്ച് പൊങ്ങുകയും താഴുകയും ചെയ്യുന്നുണ്ട്. അപ്പോഴും ആ ചോരയൊലിക്കുന്ന വായിൽ ഒരു കഷണം റൊട്ടി ഇരുപ്പുണ്ടായിരുന്നു. ചോരയിൽ കുതിർന്ന ഒരു കഷണം റൊട്ടി.

# മൃഗവും മനുഷ്യനും

അയാൾ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടോ എന്നറിഞ്ഞുകൂടാ. ജീവിതത്തിൽ ആദ്യമായും അവസാനമായും ഒരൊററ പ്രാവശ്യം മാത്രമേ ആ മനുഷ്യനെ ഞാൻ കണ്ടിട്ടുള്ളു. അതും തീരെ യാദൃശ്ചികമായിട്ടായിരുന്നു. അതിനുശേഷം വളരെനാളുകൾ കടന്നു പോയിരിക്കുന്നു. മിക്കവാറും അയാൾ മരിച്ചുകാണും. ഒരു പക്ഷെ ജീവിച്ചിരിപ്പുണ്ടെങ്കിൽതന്നെ മരണത്തിൻെറവക്കിലേയ്ക്കു നീങ്ങുകയായിരിക്കും.

അന്ന് ഞാൻ എവിടെയോ ഒരു ദീർഘസഞ്ചാരം കഴിഞ്ഞു് മടങ്ങുകയായിരുന്നു. ആലപ്പുഴയിൽ എത്തിയപ്പോൾ സമയം രാത്രി പതിനൊന്നര കഴിഞ്ഞിരുന്നു. ബസ്സിൻെറ സമയം തെററി. എന്താ നിവൃത്തിമാർഗ്ഗമെന്നാലോചിച്ചു. അവിടെനിന്ന് രണ്ടുമൈൽ വടക്ക് സപന്തപ്പെട്ട ഒരു വീടുണ്ട്. അങ്ങോട്ടുതന്നെ പൊയ്ക്കളയാം. രാത്രി അവിടെ കഴിച്ചുകൂട്ടിയിട്ട് വെളുപ്പിനെ മടങ്ങാം എന്നു കരുതി.

ഒരു കപ്പ് ചായകുടിച്ചിട്ട് ഒരു സിഗററുംവാങ്ങി പുകച്ചുകൊണ്ട് ഞാൻ റോഡിലിറങ്ങി.

വഴിവിളക്കുകൾ അണഞ്ഞിരുന്നു. പട്ടണം ഉറങ്ങിക്കിടക്കുകയാണ്. റോഡിൽ ഒരൊററ മനുഷ്യനില്ല. വിജനമായ റോഡിൽകൂടി ഞാൻ നേരെ വടക്കോട്ടു നടന്നു. തിടുക്കത്തിലാണ് നടപ്പ്. ചെരിപ്പിൻെറ ശബ്ദം ഒരു താളക്രമത്തിലെന്നപോലെ ഉയർന്നുകൊണ്ടിരുന്നു. ആ ശബ്ദം ഏകാന്തമായ പരിസരങ്ങളിൽ ചെറുതായി പ്രതിദ്ധ്വനിക്കുന്നുമുണ്ടായിരുന്നു.

പട്ടണത്തിൽനിന്ന് അകലും തോറും ഇരുട്ടിൻെറ കട്ടി കൂടിക്കൂടിവന്നു. റോഡ് ശരിയ്ക്കു കണ്ടുകൂടാ. എങ്ങും ഒരേകാന്തഭീകരത വലയം ചെയ്തിരിക്കുന്നതു പോലെ. എങ്ങോട്ടു നോക്കിയാലും ഇരുട്ടിൻെറ ഭിത്തികൾ ഉയർന്നുനിൽക്കുകയാണ്. നേരു പറഞ്ഞാൽ-എനിയ്ക്കൽപ്പം ഭയംതോന്നി.

ആ കട്ടപിടിച്ച ഇരുട്ടിലൂടെ രണ്ടു മൈൽ നടക്കുക!

ഇടവഴികളിലിറങ്ങി പോയാൽ കുറെക്കൂടി എളുപ്പമുണ്ടായിരുന്നു. പക്ഷെ എങ്ങനെ പോകാനാണ്? റോഡിൽക്കൂടിയാണെങ്കിൽ എങ്ങനെയും വഴിപിശകാതെ അങ്ങെത്താമല്ലോ. അപ്പോഴാണ് ഒരു കാര്യം ഓർമ്മ വന്നതു്. റോഡ് അവസാനിക്കുന്നിടത്തു് ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന ഒരു പഴയ കോവിലുണ്ടു്. പകൽ തന്നെ അവിടം കണ്ടാൽ ഭയം തോന്നും. പാഴ്മരങ്ങളും കരിമ്പനയും കാവുകളും ഒക്കെക്കൂടി ഭീകരതയെ മൂടിവച്ചിരിക്കുകയാണ്.

അതിലേക്കൂടി ഒററയ്ക്കു പോകുന്നതിന് അസാമാന്യമായ ധൈര്യം വേണം. ധൈര്യത്തിൻെറ കാര്യത്തിൽ ഞാൻ കുറെ പുറകിലുമാണ്. ആ തകന്ന കോവിലിലും പരിസരങ്ങളിലും എന്തെങ്കിലും പ്രത്യേകതകൾ ഉള്ളതായി എനിക്കു വിശ്വാസമില്ല. എങ്കിലും അവിടത്തെ നിശ്ശബ്ദഭീകരതയിലൂടെ കടന്നുപോകുവാൻ എന്തോ ഒരു വല്ലായ്മ

അങ്ങകലെ റോഡിൻെറ തിരിവിലെ വിളക്ക് അണഞ്ഞിരുന്നില്ല. അതിൻെറ വെളിച്ചം ദൂരെ വച്ചു തന്നെ ഞാൻ കണ്ടു. അവിടെനിന്നാണ് എനിക്ക് കി

ഴക്കോട്ടുതിരിഞ്ഞുപോകേണ്ടതു്. സംശയവും പേടിയും എൻെറ ഉള്ളിൽ കെട്ടുപിണഞ്ഞു കിടക്കുകയായിരുന്നു. ഓരോ ചുവടു വയ്ക്കുന്തോറും അതു കൂടിക്കൂടി വരുന്നതായിത്തോന്നി.

അപ്പോഴാണു് റോഡിൻെറ തിരിവിൽ മറെറാരു പ്രകാശനാളം കണ്ടതു്. അതു പതുക്കെ പതുക്കെ നീങ്ങുന്നുണ്ടായിരുന്നു. സൈക്കിളോ, റിക്ഷായോ മറേറാ ആയിരിക്കുമെന്നോർത്തു.

എൻെറ ധാരണ ശരിയായിരുന്നു. അടുത്തുവരുംതോറും ആ വെളിച്ചം കൂടുതൽ വ്യക്തമായിക്കൊണ്ടിരുന്നു. അതിൻെറ നേമ്മയുള്ള പ്രഭയിൽ ഉരുളുന്ന വണ്ടിച്ചക്രങ്ങൾ ഞാൻ കണ്ടു. ഒരു റിക്ഷാ.

എനിക്കൽപ്പം സമാധാനം തോന്നി. റിക്ഷായിൽ കയറി പോയാലെന്താ? ഒട്ടും പേടിക്കാനില്ല. കൂട്ടിനു് ഒരാളുമായല്ലോ.

എന്തുകൊണ്ടോ, നേരത്തേമുതൽ റിക്ഷായിൽ യാത്രചെയ്യുന്നതു് എനിയ്ക്കിഷ്ടമല്ല. എങ്കിലും അന്നേരം അതൊന്നും അത്ര കൂട്ടാക്കിയില്ല. റിക്ഷാക്കാരൻ അടുത്തെത്തിയപ്പോൾ ഞാൻ വിളിച്ചു.

"ഏയ് റിക്ഷാ എങ്ങോട്ടാ?"

അയാൾ റോഡിൻെറ തിരിവിൽ റിക്ഷാനിത്തി. എന്നിട്ടു് എൻെറ അടുത്തേയ്ക്കുവന്നു. ആ മനുഷ്യനു് അറുപത്തഞ്ചു വയസ്സെങ്കിലും തോന്നിയ്ക്കും. കറുത്തു പടച്ച ശരീരത്തിലും മുഖത്തും മാംസം വലിഞ്ഞു ചുളുങ്ങിയിരുന്നു. വഴിമുക്കിലെ വിളക്കിൻെറ പ്രകാശത്തിൽ അ

യാളുടെ ക്രൂരച്ച നെഞ്ചും എല്ലുന്തിയ മുഖവും ഞാൻ ശരിയ്ക്കു കണ്ടു.

അയാൾ ചോദിച്ചു

"സാറിനെവിടെ പോണം?"

ഞാൻ എനിക്ക പോകേണ്ട സ്ഥലത്തിൻെറ പേര പറഞ്ഞു.

അല്പസമയം എന്തോ ആലോചിച്ചു നിന്നിട്ട് അയാൾ പറഞ്ഞു.

"ഇവിടന്ന് ഒന്നരമൈലിൽ കൂടുതലുണ്ട്."

"അവിടെ കൊണ്ടു വിടുന്നതിനെന്തു വേണം?"

ൻ്റു കേൾക്കാത്തമട്ടിൽ അയാൾ പറഞ്ഞു

"വല്യ ദുർഘടം പിടിച്ച വഴിയാ."

"അതെന്തെ?" എൻെറ ചോദ്യം.

"റോഡുമുഴുവൻ ചീത്തയായിക്കെടക്കുകാ. മഴക്കാലമല്ലെ?"

"ഏതായാലും അവിടംവരെ പോകണമല്ലോ?"

"ഓ. പോകാം."

"അതിനെന്തു തരണം?"

"സാറിന് ഇഷ്ടമുള്ളതുതന്നേയ്ക്കു്."

"അതുപോരാ. വേലചെയ്യുന്നവരാണ് കൂലിപറയേണ്ടതു്"

അയാൾ വീണ്ടും അല്പനേരം നിശ്ശബ്ദതപൂണ്ടുനിന്നു. ഒടുവിൽ ഇങ്ങനെ പറഞ്ഞു.

"നേരം പാതിരായായിക്കാണും. ഈ കുററാക്കുററി

ഷട്ടത്തു് ഒന്നര മൈൽ വലിയ്ക്കണേൽ വല്യബദ്ധപ്പാടാ. നല്ലറോഡാരുന്നേലും തരക്കേടില്ല. ഏതായാലും കേറ്. എട്ടണ തന്നേച്ചാ മതി.”

ആ സമയത്തു് അഞ്ചുരൂപാ ചോദിച്ചാൽ പോലും കൊടുക്കാൻ ഞാൻ തയ്യാറായിരുന്നു. ഞാൻ റിക്ഷായിൽ കയറി.

അയാൾ റിക്ഷായുടെ വിളക്കിൻെറ തിരി ഒന്നുക്കൂടെ നീട്ടി. എന്നിട്ട് വലിയ്ക്കുവാൻ തുടങ്ങി. സാമാന്യം വേഗത്തിലാണു് റിക്ഷാ പൊയ്ക്കൊണ്ടിരുന്നതു്. അയാളുടെ മെലിഞ്ഞ കാലുകളും അതോടൊപ്പം നീങ്ങുകയാണു്.

ആ ദയനീയരൂപത്തെ ഒട്ടൊരു സഹതാപത്തോടെ ഞാൻ നോക്കിക്കൊണ്ടിരുന്നു. പുല്ലും വെള്ളവും കിട്ടാതെ വളരെനാൾ പട്ടിണികിടന്ന ഒരു മൂരിയുടെ മുട്ടപോലെ അയാളുടെ തോളെല്ലുകൾ ഉയർന്നു നിന്നിരുന്നു. രണ്ടുകൈകളും മടക്കി മുന്നോട്ടാഞ്ഞു വലിക്കുമ്പോൾ ഒരു വാവലിൻെറ ചിറകുകൾ പോലെ കൈകൾ പൊങ്ങുകയും താഴുകയും ചെയ്തു.

നേരിയ തണുപ്പുള്ള കാററു വീശുന്നുണ്ടായിരുന്നു. പക്ഷെ അയാളുടെ മുതുകിൽ വിയർപ്പുതുള്ളികൾ പൊടിച്ചുവന്നു.

പട്ടണത്തിൻെറ അതിർത്തികഴിഞ്ഞപ്പോൾ റോഡിൻെറ സ്ഥിതി ഏററവും മോശമായിരുന്നു. വെറും ചെങ്കല്ലും ഗ്രാവലും മാത്രം വിരിച്ച റോഡ്. അതുതന്നെ ഒരു നിരപ്പുമില്ല. പല സ്ഥലത്തും പൊട്ടിയൊലിച്ചു് വൃത്തികേടായി കിടക്കുന്നു.

"പതുക്കെ പോയാൽ മതി." ഞാൻ പറഞ്ഞു.

"ഞാൻ നേരത്തേ പറഞ്ഞില്ലേ സാറെ. ഇതാ റോഡിന്റെ കെടപ്പ്. സൂക്ഷിച്ചും കണ്ടും പോയില്ലേ. ചെലപ്പം പിടിയ്ക്കുന്നടത്തു വണ്ടി നിയ്ക്കൂല." അയാൾ കിതക്കുന്നുണ്ടായിരുന്നു.

അതു കേട്ടപ്പോൾ ഉള്ളിലൊരു കുലുക്കമുണ്ടായി. റിക്ഷാ പിടിക്കുന്നിടത്തു നിന്നില്ലെങ്കിൽ എന്തായിരിക്കും ഗതി. മിക്കവാറും മറിയാനാണെളുപ്പം. അങ്ങനെ മറിയുന്നപക്ഷം ചുരുങ്ങിയതു നാലു പല്ലെങ്കിലും നഷ്ടപ്പെട്ടെന്നു വരും. മുമ്പൊരിക്കൽ എന്റെ ഒരു പരിചയക്കാരൻ അങ്ങനെ വീണിട്ടുള്ള കാര്യം ഓർമ്മയിൽ വന്നു. അയാൾക്ക് ആ അവസരത്തിൽ രണ്ടു പല്ലുകൾ കൈമോശം വന്നിട്ടുണ്ട്.

ഞാൻ പറഞ്ഞു.

"ഏതായാലും വളരെ സൂക്ഷിച്ചുപോയാൽ മതി. കുറെ താമസിച്ചാലും തരക്കേടില്ല."

കുഴഞ്ഞുകിടക്കുന്ന റോഡിൻകൂടി വളരെ ബദ്ധപ്പെട്ടു റിക്ഷാവലിക്കുന്നതിനിടയിൽ അയാൾ പറഞ്ഞു "സാറു പേടിക്കേണ്ട"

എങ്കിലും എനിക്കു ഭയമുണ്ടായിരുന്നു. കാലിനും ശരീരത്തിനും കെല്പില്ലാത്ത ഒരു മനുഷ്യനല്ലെ അയാൾ. ഒരു പക്ഷെ അയാളുടെ നിയന്ത്രണത്തിൽ റിക്ഷാ നിന്നില്ലെന്നു വരാം. ഒന്നു കൈ തെററിയാൽ, തീൎന്നു അതോടെ എന്റെ "ഗമ"യെല്ലാം.

പെട്ടെന്നു "ബ്ധോ" എന്നു് റോഡിലുള്ള ഒരു കുഴി

യിലേയ്ക്ക് റിക്ഷായുടെ ഒരു ചക്രം വീണു. ഞാൻ നല്ല പോലെ ഒന്നുലഞ്ഞു. മുന്നോട്ടു വീഴാൻ ഭാവിക്കുകയും ചെയ്തു. ഉടനെ റിക്ഷായുടെ ഒരു വശത്തുള്ള കമ്പിയിൽ കടന്നു പിടിച്ചതുകൊണ്ട് ഒന്നും പററിയില്ല.

അപ്പോഴും പ്രത്യേകിച്ചൊന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ അയാൾ റിക്ഷാ മുമ്പോട്ടു വലിക്കുകയായിരുന്നു. പക്ഷെ മുകളിൽ ഭാരമുള്ളതുകൊണ്ട് ഒരിഞ്ചുപോലും കുഴിയിൽനിന്നു നീങ്ങിയില്ല. അയാളുടെ ബദ്ധപ്പാടു കണ്ടു് ഞാൻ പറഞ്ഞു.

"ഏയ്, ഞാൻ താഴെ ഇറങ്ങാം"

"വേണ്ടന്നേ. സാറവിടിരുന്നോ"

"റോഡെല്ലാം മോശപ്പെട്ടുകിടക്കുകയാണ്" ഞാൻ ഓർമ്മപ്പെടുത്തി.

"ഓ. അല്ലെങ്കിലും പട്ടണത്തിൻെറ വെളിയിലുള്ള മിക്ക റോഡിൻെറം ഗതിയിതാ"

"ഏതായാലും ഈ ദ്രോഹി എന്നെ എവിടെയെങ്കിലും മറിച്ചിട്ടേ അടങ്ങൂ" എന്നു ഞാൻ പിറുപിറുത്തുപോയി. അപ്പോൾ അയാൾ പറയുകയാണ്.

"വലിച്ചിട്ടു നീങ്ങുന്നില്ലല്ലോ സാറേ"

"ഏയ്. ഞാൻ ഇറങ്ങിത്തരാമെന്നു പറഞ്ഞതല്ലോ"

അയാൾ വണ്ടിക്കൈ താഴെ വച്ചു ഞാൻ ഇറങ്ങി.

ഒരുതരത്തിൽ റിക്ഷായുടെ ചക്രം കുഴിയിൽനിന്നും കയററിയിട്ട് എന്നോടു പറഞ്ഞു

"ഇനി കയറിക്കോ"

"വേണ്ട"

"പിന്നെ?"

"ഞാൻ നടക്കാം"

"നടക്കാമെന്നോ?"

"അതെ"

"അപ്പോഴിവിടംവരെ മതിയോ?"

"പോര. പറഞ്ഞിടത്തുതന്നെ പോണം"

"ഇനീം മുക്കാൽ മൈലൊണ്ട്"

"റോഡിൻെറ തീരെ മോശപ്പെട്ടഭാഗം കഴിയുംവരെ ഞാൻ നടക്കാം. അതുകഴിഞ്ഞിട്ട റിക്ഷായിൽ കയറാം"

"സാറിൻെറ ഇഷ്ടം"

അയാൾ ചിരിച്ചു. എൻെറ സന്മനോഭാവത്തിൽ സംതൃപ്തി തോന്നിയിട്ടായിരിക്കണം. ചിരിച്ചപ്പോൾ ആ മുഖം ഒന്നുകൂടി ദൈന്യഭാവമുൾക്കൊണ്ടതുപോലെ തോന്നി. വേദനയുടെ മന്ദഹാസം!

"പേരെന്തോന്നാ?" വെറുതെയെന്നപോലെ ഞാൻ ചോദിച്ചു.

"എൻെറ പേര് കൊച്ചുരാമനെന്നാ"

"ഇപ്പോഴെത്ര വയസ്സായി?"

"അമ്പത്തിരണ്ടു കഴിഞ്ഞിട്ടുണ്ട്"

"നാട്ട് ഇവിടെത്തന്നെ ആണോ?"

"ങ്ഹാ" അയാൾ വീണ്ടും വികൃതമായ ആ മന്ദഹാസം തൂകി.

"പട്ടണത്തിന മൂന്ന നാഴിക തെക്കാ വീട്"

"വീട്ടിൽ ആരൊക്കെയുണ്ട്?"

"ആരുമില്ല"

"ഒരുത്തരും?"

"ഒരുത്തരുമില്ല സാറെ. എൻെറ ഒരൊററത്തടി മാത്രമെ ഈ ലോകത്തിലെനിക്ക സഹായത്തിനൊള്ളു"

"ഭാര്യയും മക്കളുമൊന്നുമില്ലായിരുന്നോ?"

"ഒക്കെ ഒണ്ടാരുന്ന സാറെ. ഒണ്ടാരുന്നു"

"എന്നിട്ട്?"

ഒരു നെടുവീർപ്പോടെ അയാറം തുടന്നു.

"അവരെല്ലാം എന്നെയിട്ടേച്ചു പോയി"

"എവിടെ?"

"നാടുവിട്ടുപോയതും മററുമല്ല"

"പിന്നെ?"

"മരിച്ചുപോയതാ"

"എങ്ങനെ?"

"കാളറാ പിടിച്ചാ എല്ലാത്തിൻേറം ജീവനെടുത്തത്" അയാളുടെ തൊണ്ട ഇടറുംപോലിരുന്നു.

"എത്ര കൊല്ലമായി?"

"എട്ടുപത്തു കൊല്ലം കഴിഞ്ഞു"

"എല്ലാവരും അടുത്തടുത്താണോ മരിച്ചത്?"

"ആദ്യം മരിച്ചത് മൂത്ത മകനാരുന്നു. അതിൻെറ പൊറകെ അവൻെറ എരളത്തുങ്ങളു മൂന്നെണ്ണം. രണ്ടു പെണ്ണും—ഒരാണും. നാലു ദെവസത്തിനോടെടയ്ക്കു മരിച്ചു. അതിൻെറ പിറേറദ്ദിനം അതുങ്ങടെ തള്ളയും....."

ആ വാചകം അയാൾ മുഴുവനാക്കിയില്ല."

"ഇപ്പോൾപിന്നെ എവിടെയാ താമസം?"

"ഓ. അങ്ങനെ ഇന്നാടത്തെന്നില്ല. എവിടെയെങ്കിലും പീടികത്തിണ്ണേലോ, ഈ വണ്ടിത്തട്ടേലോ കെടന്ന് രാത്രീലൊന്ന് കണ്ണടയ്ക്കണം."

"എന്തെങ്കിലും ആവതില്ലായ്മവന്നാൽ ആരൊണ്ടൊരു സഹായത്തിന്?"

"ആരുമില്ല സാറെ. പാകോളം എങ്ങനേങ്കിലും വലിഞ്ഞിഴഞ്ഞു കഴിഞ്ഞുകൂടണം. പത്തുകഴിയുമ്പോളൊരെങ്കിലും കഴിച്ചിട്ടോളും. ചുമ്മാതല്ല സാറെ എന്റെ ശരീരം ഈ നെലേലായത്. വയറുവേദനയാ സുഖക്കേട്. തുടങ്ങീട്ട് ഇരുപത്തു കൊല്ലമായി."

"എന്നിട്ട് ഒന്നുംചെയ്തില്ലേ?"

"പലതും ചെയ്തതാ. ഒരു പ്രയോജനവും കിട്ടീല്ല. വയറു കീറണോന്നാ ചെലരുടെ അഭിപ്രായം. വെശപ്പിനുള്ളവക തേടീട്ടു വേണ്ടെ വേറേ കാര്യങ്ങള്."

"കയ്യിലൊന്നും ബാക്കിയില്ലേ?"

"ഒററ പൈസപോലുമില്ല കയ്യില്. പട്ടണത്തിലാണേ റിക്ഷാക്കാരു പെരുത്തുപോയി. എന്നെപ്പോലുള്ളവക്ക് ഒരു രക്ഷയുമില്ല."

"അതെന്തേ?"

"കണ്ടില്ലേ, എന്റെ വണ്ടീം ഞാനും വയസ്സന്മാരായി."

വീണ്ടും ആ ശോകാത്മകമായ മന്ദഹാസം.

റോഡിന്റെ കുഴപ്പംപിടിച്ച ഭാഗങ്ങൾ പിന്നിട്ടു

കഴിഞ്ഞിരുന്നു. റിക്ഷാ നിർത്തിയിട്ട് അയാാം പറഞ്ഞു.

"ഇനി കേറിയ്ക്കോ"

ഞാൻ ഒട്ടൊരു വൈമനസ്യത്തോടെയാണു റിക്ഷായിൽ കയറിയതു്. ദുഃഖിതനും നിസ്സഹായനുമായ ആ മനുഷ്യന്റെ വേദനനിറഞ്ഞ ജീവിതകഥ എന്റെ ഉള്ളിൽ നൊമ്പരമുളവാക്കിയിരുന്നു. യാതനകളുടെ കയ്പുനീർകുടിച്ച് ജീവിക്കുന്ന അയാളുടെ ദുഃഖസത്യങ്ങൾ അറിയാതിരിക്കുന്നതാണു ഭേദമെന്നുതോന്നി.

അയാാം എന്നെയും വലിച്ചുകൊണ്ട് ഒരു മൃഗത്തെപ്പോലെ മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നപ്പോാം എന്റെ ഹൃദയം ചിന്തകളുടെ ഒരു സമരഭൂമിയായി മാറിയിരുന്നു.

വാസ്തവത്തിൽ ഒരു മൃഗത്തിനും അയാൾക്കും തമ്മിൽ എന്തു വ്യത്യാസമാണുള്ളതു്! ഞാൻ ആലോചിച്ചു. മൃഗത്തിന് സംസാരിക്കാൻ കഴിവില്ല; അയാാം സംസാരിക്കുന്നുണ്ട്. അത്രമാത്രം. എത്രയെത്ര വർഷങ്ങളായി അയാാം ഇങ്ങനെ മൃഗത്തിനെപോലെ പാടുപെടുന്നു. എന്നിട്ട് അയാളുടേതെന്നു പറയാൻ എന്തുണ്ട്? ഒന്നുമില്ല.

പഴകിപ്പൊളിയാറായ ഒരു റിക്ഷാവണ്ടിമാത്രം. വീടില്ല. നാടില്ല; ഉററവരില്ല; ഉടയവരുമില്ല. ഒരു റിക്ഷാവണ്ടിയാണ് അയാളുടെ അഭിലാഷങ്ങളുടെ ലോകം. അതിനുള്ളിൽ എല്ലാം ശിഥിലമായി കിടക്കുകയാണ്. അയാളുടേതായ-എല്ലാം, എല്ലാം'! എന്നിട്ടും അയാാം ജീവിക്കുന്നു. അതിന്റെ പ്രേരണാശക്തി എന്തായിരിക്കാം.

ഒരുപക്ഷേ മരിക്കാതിരിക്കുന്നതുകൊണ്ടുമാവാം. മററുള്ള വരെപ്പോലെ സുഖമായി ജീവിക്കണമെന്നു അയാളും ഒരിക്കൽ ആഗ്രഹിച്ചിരുന്നിരിക്കണം. പക്ഷേ ആ റിക്ഷാവണ്ടി അയാളുടെ സുഖസ്വപ്നങ്ങളുടെ ഒരു ശവപ്പെട്ടിയായി മാറിയിരിക്കുന്നു. ലക്ഷ്യമില്ലാത്ത ആ ജീവിതം അതും വലിച്ചു കൊണ്ട് ഓടുകയാണ്. അങ്ങനെ ഓടി ഓടി, ഒടുവിൽ കാലുകാം തളന്ന് ഏതെങ്കിലും തെരുവിൻെറ മൂലയിൽ വീഴും. ആ ശവശരീരം മൺമറഞ്ഞുകഴിയുമ്പോൾ പഴകിപ്പൊളിഞ്ഞ ഒരു റിക്ഷാമാത്രം അയാളുടേതായി ഈ ലോകത്തിൽ അവശേഷിക്കും ....!

ഞാൻ അങ്ങനെ ചിന്തയിൽ മുഴുകി മൂകനായിട്ടിരുന്നു.

അവസാനം എനിയ്ക്കിറങ്ങേണ്ടസ്ഥലത്തെത്തിയപ്പോൾ അയാൾ റിക്ഷാ നിത്തി. അപ്പോഴാണ് ഞാൻ ചിന്തയിൽ നിന്നുണന്നതു്.

റോഡ് അവിടെ അവസാനിക്കുകയാണ്. അതിനെതിരെ നിശ്ശബ്ദമൂകമായ ആ കാവുകളും കോവിലും ഒരു ഘനഭാവമുൾക്കൊണ്ടു നിന്നിരുന്നു.

ഞാൻ റിക്ഷായിൽ നിന്നിറങ്ങി. പോക്കററിൽനിന്നു പേഴ്സെടുത്തപ്പോൾ അയാൾ അല്പം പരുങ്ങലോടെ പറഞ്ഞു

"എൻെറ സാറേ. കഷ്ടപ്പെട്ടുപോയി ഇനി ഈ പണ്ടാരോം വലിച്ചോണ്ട് പട്ടണത്തിലെത്തുമ്പോഴയ്ക്കു് ഞാൻ കൊഴഞ്ഞുപോകും. കാപ്പിവെള്ളം കുടിക്കാൻ രണ്ടണകൂടി തരണം."

അയാളുടെ നിൽപും ദൈന്യഭാവവും എൻെറ മനുഷ്യത്വത്തെ വല്ലാതെ വേദനിപ്പിച്ചു. കേവലം, ജീവകാരുണ്യത്തിൻെറ പ്രേരണയാലായിരിക്കാം. ഞാൻ പേഴ്സിൽനിന്ന് ഒരു രൂപയെടുത്ത് അയാളുടെ കയ്യിലേക്കിട്ടുകൊടുത്തു.

"മതിയോ" എന്നു ചോദിക്കുകയും ചെയ്തു.

സംതൃപ്തിയുടെ നിഴലാട്ടം ആ മുഖത്തു വ്യാപിക്കുന്നതു ഞാൻ സൂക്ഷിച്ചു. ഒരുപക്ഷെ അന്ന് ആകെക്കൂടി കിട്ടിയതു് ആ ഒരൊററ രൂപ മാത്രമായിരിക്കും!

അതുകൊണ്ടു് അയാളുടെ ദുഃഖം തീരുകയില്ലെന്ന് എനിക്കറിയാമായിരുന്നു എങ്കിലും ഒരു മനുഷ്യജീവിയുടെ ദുഃഖകരമായ ജീവിതരഹസ്യങ്ങൾ ചെവിക്കൊണ്ടുവെന്നൊരു കൃതാൎത്ഥത എനിയ്ക്കനുഭവപ്പെട്ടു.

അയാൾ മടിക്കുത്തിൽനിന്ന് ഒരു ബീഡി എടുത്ത് വിളക്കിൽനിന്നു കൊളുത്തി ചുണ്ടിൽ വച്ചുകൊണ്ടു് എന്നോടു ചോദിച്ചു.

"ഇനി സാറിന് എന്തുമാത്രം പോണം?

"രണ്ടുപുരയിടം കഴിഞ്ഞാൽ മതി." ഞാൻ പറഞ്ഞു.

"എന്നാൽ ഞാനങ്ങുപോട്ടെ. ഒരു മഴയ്ക്കുള്ള ഒരുക്കമുണ്ടെന്നാതോന്നുന്നേ"

അയാൾ റിക്ഷായും വലിച്ചുകൊണ്ടു നീങ്ങി. ആ മനുഷ്യൻെറ ജീവിതംപോലെ തകൎന്ന, ആ റിക്ഷാ ഇഴഞ്ഞിഴഞ്ഞുപോകുന്നതും നോക്കി ഞാൻ കുറേ നേരം അവിടെത്തന്നെ നിന്നു.

പെട്ടെന്നു് ഒരു മിന്നലുണ്ടായി. അതിന്റെ കണ്ണിഞ്ചിക്കുന്ന വെളിച്ചത്തിൽ ആ പൊളിഞ്ഞ കോവിലിലെ തകൎന്ന കരിങ്കൽത്തൂണുകളും, ഇരുണ്ട കാവുകളും ഞാൻ കണ്ടു. അപ്പോൾ എനിക്കു ലേശവും പേടിതോന്നിയില്ല.

അകലെക്കൂടി പോകുന്ന റിക്ഷായുടെ വിളക്കു്, ഇരുട്ടിൽ ഒരു രക്തനക്ഷത്രം കണക്കേ അപ്പോഴും കാണാമായിരുന്നു

ഞാൻ വീണ്ടും ആ മനുഷ്യനെക്കുറിച്ചോൎത്തു.

അയാൾ ഒന്നിനെയും ഭയപ്പെടുന്നില്ല. ഇരുട്ടും മഴയും, ഇടിയും മിന്നലും എല്ലാം അയാൾക്കു നിസ്സാരമാണു്. ജീവിതത്തിന്റെ തുടക്കംമുതൽ ഇന്നോളം അയാൾ ഒന്നിനെയും ഭയപ്പെട്ടുകാണുകയില്ല.

വേദനകളെ സ്വന്തം ആത്മാവിൽ മൂടിവച്ചുകൊണ്ടു് ആ ജീവിതം നീങ്ങുകയാണു്.

അയാൾ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടോ എന്തോ?

KOTTAYAM PUBLIC LIBRARY
KOTTAYAM.
Cl. No. MF9 Acc. No. 80370
This book should be returned on or before the date last stamped below.

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MF9

80370

ചങ്ങമേനോൻ ചേലാട്ട്

ദൃശ്യം [illegible]